Registered No. M. 5819 Licence No. 445. 12-7-45.

THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LIX | എപ്രിൽ 1956 | No. 4

സുവിശേഷഭാഷിണിയും കുടുംബപ്രിയവാദിനിയും
കൂടി ചേർന്ന
സംയുക്ത സഭാമാസിക



APRIL

അവനിൽ
ജ്ഞാനത്തിന്റെയും
പരിജ്ഞാനത്തിന്റെയും
നിക്ഷേപങ്ങൾ
ഉപൂമായിരിക്കുന്നു.
കൊലൊ. ൨. ൩.

1956

വരിസംഖ്യ
ആണ്ടിൽ 1 രൂ. 12 ണ. മാത്രം
പ്രതിമാസം 8-ാം പ്രസിദ്ധപ്പെടുത്തുന്നതു്

The Diocesan Publication Department.
Rev. C. K. John, Managing Editor, C. M. S. Press, Kottayam

വിഷയവിവരം

ജ്ഞാനനിക്ഷേപം

വിഷയം		പുറം
1.	ബിക്ഷോപ്പുതിരുമനസ്സിലെ കത്തു്	99
2.	ഡയോസിസൻ കൌൺസിൽ യോഗം	101
3.	ഡയോസിസൻ കൌൺസിൽ അദ്ധ്യക്ഷപ്രസംഗം ...	102
4.	ആത്മായ സംഘടന	104
5.	വാർത്തകളും കുറിപ്പുകളും	108
6,	പരേതനായ സി. കെ. തോമസുമാസ്റ്റർ	109
7.	പരേതനായ കേണ്ണൽ വറുഗീസ്	110
8.	നിത്യതനായ മി. പി. കെ. ശമുവേൽ	110
9.	പെസഹാമോദം	111
10.	സർ ബർട്രാണ്ട റസ്സൽ	113
11.	തിരുകൊച്ചിയിലെ പ്രസിഡെണ്ടു ഭരണം	113
12.	വേദവായനക്കുറിപ്പുകൾ	114
13.	യൂത്തുകൌൺസിൽ	119
	കുടുംബപ്രിയവാർത്ത	
14.	ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു	120
15.	സ്ത്രീജനസംബന്ധവാർത്തകൾ	120
16.	നോട്ടീസ്	121
17.	ക്രിസ്തീയ ക്ലബ്ബുകളുടെ 17-ാമതു അഖിലകേരള പ്രതിനിധി സമ്മേളനം	121
	സുവിശേഷഭാഷണി	
18.	നമ്മുടെ പള്ളികളിലെ ഗായകസംഘങ്ങൾ	122
19.	എം. എം. എസ്സ്. റവ. യുടെ സുവർണ്ണജൂബിലി	123
20.	പറക്കാൽ മിഷ്യൻ	123
21.	പറക്കാൽ മിഷ്യൻ ലിസ്റ്റു (തുടർച്ച)	124
22.	പാറുപാറമിഷ്യൻ	125
23.	തെക്കൻ തിരുവിതാംകൂർ ലണ്ടൻ മിഷ്യൻ സഭയുടെ ജൂബിലി ത്രയം	125
24.	The Christian art exhibit committee ...	126
25.	ഒരു യാത്രയയപ്പ്	127
26.	പാട്ടു	127

എപ്രിൽമാസത്തെ പഞ്ചാംഗം

കണം. (മീനം ൨൭) വി. കന്യകമറിയയോടുള്ള അരുളപ്പാടു.

കിനം- (മേടം ൧) പെസഹാ. പിൻ ൨-ാം ഞായറാഴ്ച. സങ്കീ. ൧൨൮—൧൨൯.)
പുറ. ൧൬. ൨—൧൫ ; യോഹ. ൫. ൧൯—൨൯.

ഗവനം. (മേടം ൨) പെസഹ. പിൻ. ൩-ാം ഞായറാഴ്ച. സങ്കീ. ൧൨൯—൧൩൭.
സംഖ്യാ. ൨൧. ൫—൩൪ ; മർക്കൊ. ൧൬ ൧൫ ൬.

ഗനേം. ബു. (മേടം ൩) വി. മർക്കൊസിന്റെ നാൾ.

ഗൻനം- (മേടം ൪) പെസഹായ്ക്കു പിൻ. ൪-ാം ഞായറാഴ്ച. സങ്കീ. ൧൩൭—൧൩൮.
ആവ. ൪. ൫—൨൪ ; ലൂക്കൊ. ൧൩. ൧൯ ൪.

മെയ് ൧൩. ചൊ. (മേടം ൧൯) വി. ഫിലിപ്പോസിന്റെയും യാക്കോബിന്റെയും നാൾ.

ന്യനം- (മേടം ൨൪) പെസഹായ്ക്കു പിൻ. ൫-ാം ഞായറാഴ്ച. സങ്കീ. ൧൩൮—൧൪൫
ആവ. ൮ ; ലൂക്കൊ. ൨൦ ൨൭— ൨൮. ൨.

THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LIX | APRIL 1956 | No. 4

BISHOP'S LETTER

ബിഷോപ്പുതിരുമനസ്സിലെ കത്തു്

കൎത്താവിൽ വാത്സല്യമുള്ളോരേ,

മാൎച്ചു 12ന- ലിവംഗതനായ എന്റെ മൂത്ത സഹോദരൻ മി. സി. കെ. തോമസിന്റെ ചരമത്തിൽ അനുശോചനസന്ദേശങ്ങൾ അറിയിച്ചിട്ടുള്ള എല്ലാവരോടുമുള്ള കൃതജ്ഞത കൂടം ബാംഗങ്ങളുടെ നാമത്തിൽ ഞാൻ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. അദ്ദേഹം 38-ൽ പരം വൎഷങ്ങളിൽ കോട്ടയം കോളേജിൽ വിവിധ സ്ഥാനങ്ങളിൽ ശുശ്രൂഷ നിവൃത്തിച്ചു ജോലിയിൽ നിന്നു വിരമിച്ചശേഷവും യുവജനങ്ങൾക്കുവേണ്ടി ബൈബിൾ ക്ലാസ്സുകൾ നടത്തിയും സാധുസംരക്ഷണാപരമായ ശുശ്രൂഷകൾ ചെയ്തും പ്രയോജനകരമായി സമയം ചെലവിട്ടുപോന്നു. മരിക്കുമ്പോൾ അദ്ദേഹത്തിനു എണ്പതോളം വയസ്സുണ്ടായിരുന്നു.

ദൈവകൃപയാൽ ഡയോസിസൻ കൌൺസിൽ യോഗങ്ങൾ മാൎച്ചു 16, 17 തീയതികളിൽ ബി. എം. സ്കൂൾ ഹാളിൽ വച്ചു മംഗളകരമായി നടന്നു. അതെപ്പറ്റിയുള്ള റിപ്പോൎട്ടു അന്യത്ര ചേൎത്തിട്ടുണ്ടു്. ഇക്കൊല്ലം ആദ്യദിവസം പൊതുയോഗം നാലു പ്രസംഗങ്ങൾ നടത്തുന്നതിനു ക്രമപ്പെടുത്തിയിരുന്നതുമൂലം യോഗാംഗങ്ങൾക്കു പൊതുകാൎയ്യങ്ങളെപ്പറ്റി ആലോചിക്കുന്നതിനു അവസരം ലഭിച്ചു. ആത്മായക്കാരുടെ ശുശ്രൂഷ, ഭാരതത്തിലെ ആധുനിക സുവിശേഷപ്രവൎത്തനം തുടങ്ങിയായ സംഗതികളെക്കുറിച്ചു ശ്രദ്ധയമായ പ്രസ്താവനകൾ പുതുമയും നവചൈതന്യവും ഉളവാക്കിട്ടുണ്ടു് എന്നതിനു സംശയമില്ല. പ്രസ്തുത കൌൺസിലിൽ ഒരു വികേന്ദ്രീകരണപദ്ധതി ഒരു വൎഷത്തേക്കു പരീക്ഷണാൎത്ഥം സ്വീകരിപ്പാൻ നിശ്ചയിച്ചിട്ടുണ്ടല്ലൊ. ഏവരുടെയും പ്രാൎത്ഥനാപൂൎവ്വമായ സഹകരണം അതിലേക്കു ലഭിക്കും എന്നാശിക്കട്ടെ.

ഉയിൎപ്പുപെരുനാളോടുകൂടെ ആരംഭിക്കുന്ന ഏപ്രിൽ മാസത്തിൽ പല കോൺഫ്രൻസും കൂട്ടങ്ങളും സമ്മേളിക്കുന്നുണ്ടല്ലൊ. അവയുടെ വിജയകരമായ നടത്തിപ്പിലേക്കും മറ്റു ഏവരും താല്പൎയപൂൎവ്വം പ്രാൎത്ഥിച്ചുകൊണ്ടിരിക്കണം എന്നു ഓൎപ്പിച്ചുകൊള്ളുന്നു.

പാപ്പുവാമിഷ്യൻ പ്രവൎത്തനത്തിനു ആളുകളെ അയക്കുന്നതിനുണ്ടായിരുന്ന പ്രതിബന്ധങ്ങൾ ദൈവകൃപയാൽ ഇപ്പോൾ നിങ്ങിയിരിക്കുന്നതായി അറിവു ലഭിച്ചിരിക്കുന്നു. തിരുനൽവേലി മഹായിടവകയിൽപെട്ട റവ. പോൾ മാണിക്യവും കുടുംബവും ആകുന്നു ആയതിനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു്. സിനഡ് മിഷ്യൻബോൎഡിന്റെ നിൎവ്വാഹകക്കമ്മറ്റിയുടെ ഒരു യോഗം 20ന- മദ്രാസിൽവച്ചു നടത്തപ്പെടുന്നുണ്ടു്. അപ്പോൾ തത്സംബന്ധമായ എല്ലാ കാൎയ്യങ്ങളും തീരുമാനിക്കുമെന്നാശിക്കുന്നു.

ഡോൎണകലിലെ എല്ലിയറ്റു ബിഷോപ്പുതിരുമേനി കുല്ലുമഹായിടവകയിലേക്കു മാറിപ്പോയതിനാൽ തൽസ്ഥാനത്തേക്കു ഒരു ബിഷോപ്പിനെ തെരഞ്ഞെടുക്കുന്നതിനായി ഇലക്ടറൽ സംഘം മാൎച്ചു 13ന- കരിംനഗരിൽകൂടി രണ്ടു ആളുകളുടെ പേരുകൾ സമൎപ്പിച്ചിട്ടുണ്ടു്. ഇനിയും സിനഡു എക്സിക്യൂട്ടീവു നിശ്ചയിച്ചിട്ടുള്ള സെലക്ഷൻ ബോൎഡു അവരിൽ ഒരാളെ

തെരഞ്ഞെടുക്കുന്നതാകുന്നു. ദൈവഹിതപ്രകാരമുള്ള ആൾ എഴുന്നേല്പിക്കപ്പെടേണ്ടതിനു നമുക്കും പ്രാർത്ഥിച്ചു കാത്തിരിക്കാം.

വൈകിക പരിശീലനം കഴിഞ്ഞു നാലാളുകൾ അടുത്തുതന്നെ വരുന്നുണ്ട്. അതിൽ ഒരാൾക്കു അല്പം ശരീരാസ്വാസ്ഥ്യം ഉള്ളതിനാൽ അദ്ദേഹത്തിനു ഇപ്പോൾ പട്ടം കൊടുക്കുന്നതല്ല. മറ്റവരെ മൂവരെയും മിയാക്കോന്മാരാക്കുന്നതിനു സ്റ്റാൻഡിംഗ് കമ്മറ്റി അനുമതി നല്കീട്ടുണ്ട്. ഒരാൾ തമിഴ്ഭാക്കാരനാണ്. എങ്കിലും മലയാളവും അറിയാം. അദ്ദേഹത്തെ എപ്രിൽ 29-നു പീരുമേട്ടിൽ സെൻറു ജോർജ്ജസു പള്ളിയിൽവച്ചു പട്ടംകെട്ടണം എന്നാണു ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നതു്. പ്രസ്തുത ശുശ്രൂഷയുടെ ചില ഭാഗങ്ങൾ തമിഴിലായിരിക്കും നടത്തപ്പെടുന്നതു്. ശേഷം രണ്ടുപേർക്കും ഒരുമിച്ചു പൂവത്തുർ ഇടവകയിൽ വെള്ളിക്കര പള്ളിയിൽവച്ചു മെയ് ഒന്നാം തീയതി (വി. ഫിലിപ്പു, വി. യാക്കോബു നാൾ) വിശുദ്ധ സ്ഥാനത്തേക്കു പ്രവേശിപ്പിക്കണം എന്നാശിക്കുന്നു. പട്ടം ഏല്ലാനുള്ളവർക്കുള്ള ധ്യാനയോഗങ്ങൾ യുവജനകോൺഫ്രൻസു നടക്കുന്ന അവസാന ദിവസങ്ങളിൽ സ്റ്റിച്ചിലി ചാപ്പലിൽ വച്ചു നടത്തപ്പെടുമെന്നാണു് ആലോചിച്ചിരിക്കുന്നതു്.

വേളപുസുകസഹോദരന്മാരുടെ പൂർണ്ണമായ ഒരു ഓക്സിലറി കോട്ടയം കേന്ദ്രമാക്കി സ്ഥാപിക്കുന്നതിനു സമുഹത്തിന്റെ സെൻറർ കൌൺസിൽ തീരുമാനിച്ചിരിക്കുന്നു. അതിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതിനു വേണ്ട നടപടികൾ എടുത്തുവരുന്നു. ഇന്ത്യയിലെ നാഷ്യനൽ മിഷ്യനറി സംഘത്തിന്റെ പ്രവർത്തനത്തിനും ഒരു പുതിയ സഹായസെക്രട്ടറിയെ നിയമിക്കുന്ന കാര്യത്തിലും വേണ്ട ആലോചനകൾ നടന്നുവരുന്നു എന്നും കേൾക്കുന്നു. ഇപ്രകാരമുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം ഭാരതത്തിലെ ദൈവരാജ്യപുരോഗതിക്കായി ഭവിക്കേണ്ടതിനു നമുക്കും നിസ്സ്വാർത്ഥതയോടെ പ്രാർത്ഥനയാൽ സഹായം ചെയ്യാം.

നമ്മുടെ രാജ്യത്തെ ഭരണകാര്യം ബഹുവിധമായ പ്രശ്നങ്ങളോടുകൂടെയിരിക്കുന്ന ഈ ദുഷ്കടസന്ധിയിൽ ക്രൈസ്തവരായ നാം രാജ്യത്തിന്റെ ക്ഷേമത്തെയും ജനങ്ങളുടെ അഭിവൃദ്ധിയെയും മുൻനിറുത്തിക്കൊണ്ടു, ചുമതല കയ്യേല്ക്കുന്ന ഏവരും സ്വാർത്ഥരഹിതമായ സേവനത്തിനു നിമ്മല ആന്തരത്തോടും പ്രവർത്തിപ്പാൻ മനസ്സും ഒരുക്കവുമുള്ളവരാകേണ്ടതിനു പ്രാർത്ഥിക്കയും യോഗ്യമായ പൊതുജനാഭിപ്രായം പ്രചരിപ്പിക്കയും ചെയ്യേണ്ടതിനു ഉത്സാഹിക്കാം.

ദൈവമായ കർത്താവിന്റെ അനുഗ്രഹം നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

കർത്താവിൽ നിങ്ങളുടെ വാത്സല്യമുള്ള,
C. K. JACOB,
Bishop.

Kottayam,
March 26, 1956.

ബിഷോപ്പുതിരുമനസ്സിലെ പ്രോഗ്രാം

എപ്രിൽ 1. ഉയിപ്പുപെരുനാൾ.
5.30 മ. കോട്ടയം.
9 മ. കണ്ണിക്കുഴി
2. മാവേലിക്കര
2. തിരുവല്ലാ-കൌൺസെലർസ് റാലി
3—4. ബംഗ്ളൂർ
6. വയലാ—സ്ഥിരീകരണം
7—8. കോട്ടയം
10. കണ്ണിക്കുഴി
12. വാഴൂർ, ആലപ്പുഴ, നെല്ലിക്കാക്കുഴി.
13, 14. നെല്ലിക്കാക്കുഴി കൊൻവൻഷ്യൻ
15. മങ്കുഴി.
17—21. ബംഗളൂർ—മദ്രാസു
22. ഓമല്ലൂർ—നല്ലാനിക്കുന്നു
24—28. യുവജനകോൺഫ്രൻസു
26—27. ധ്യാനയോഗം (പട്ടംഏല്ലാനുള്ളവർക്കു)
28—29. പീരുമേട്—പട്ടംകൊടുക്കൽ
മെയ്
1. വെള്ളിക്കര—പട്ടംകൊടുശുശ്രൂഷ.
4. കോട്ടയം ക്ലേർജി കോൺഫ്രൻസു
5. നെടുങ്ങാടപ്പള്ളി.

ഡയോസിസൻ കൌൺസിൽ യോഗം

ഇയ്യാണ്ടത്തെ ഡയോസിസൻ കൌൺസിൽ സമ്മേളനം മാർച്ച് 16, 17 തയ്യതികളിൽ ബേക്കർ സ്ക്കൂളിൽവച്ചു കൂടിയ യോഗങ്ങളായി നടത്തപ്പെട്ടു. 16നു കാലത്തു ഭദ്രാസനപ്പള്ളിയിൽ വച്ചു ബിഷോപ്പുതിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ അനുഷ്ഠിച്ച വിശുദ്ധസംസ്ക്കാരത്തോടുകൂടെ ആരംഭിച്ചു. തദവസരത്തിലെ പ്രസംഗവും തിരുമേനി തന്നെയാണു നിർവ്വഹിച്ചതു. മർക്കോ. 11. 52. "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു." എന്നതിനെ അടിസ്ഥാനമാക്കി വിശ്വാസം പ്രാർത്ഥന പ്രധാനം എന്നീ മൂന്നു ക്രിസ്തീയ സുകൃതങ്ങളുടെ പ്രാധാന്യത്തെ വിശദീകരിച്ചു മഹായിടവകാംഗങ്ങളിൽ അവയുടെ അത്യാവശ്യകതയെ ശക്തികരിക്കയുണ്ടായി. മഹായിടവകയിൽ ആകെ 96000 ജനസമുദ്രത്തിൽ 42,000 വിശുദ്ധസംസ്ക്കാരാണു. 40000 പേർ മാസം അരയണ വീതം നല്കുന്ന ഒരു മിശവത്സരപദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്നപക്ഷം പത്തു വർഷംകൊണ്ടു ഒന്നരലക്ഷം രൂപായുടെ ഒരു നിക്ഷിപ്തധനം സമ്പാദിക്കുന്നതിനു സാധ്യമാണെന്നു പ്രസ്താവിച്ചു. നേരത്തെ വന്നവരെല്ലാം കർത്തൃഭോജനത്തിൽ പങ്കു കൊള്ളുകയും ചെയ്തു.

കൌൺസിലിന്റെ പ്രഥമയോഗം ബേക്കർസ്ക്കൂൾ ഹോളിൽവച്ചു രണ്ടുമണിക്കു ബിഷോപ്പുതിരുമനസ്സിലെ അദ്ധ്യക്ഷതയിൽകൂടി പ്രാരംഭചടങ്ങുകൾക്കുശേഷം തിരുമേനി അദ്ധ്യക്ഷപ്രസംഗം (അന്യത്ര) നിർവ്വഹിച്ചു.

സിനഡുകാര്യങ്ങൾ കൌൺസിലിന്റെ അറിവിനായി പ്രസ്താവിച്ചകൂട്ടത്തിൽ ബിഷോപ്പന്മാരുടെ വിരമപ്രായം 65 എന്നുള്ള നിശ്ചയവും എന്നാൽ സി. എസ്സ്. ഐ. യുടെ ആവിർഭാവത്തിനുമുമ്പു ബിഷോപ്പന്മാരുടെ കാര്യത്തിൽ 75വയസ്സുവരെ ആകാമെന്നുള്ള വ്യവസ്ഥയും വിശദമാക്കി. സന്നിഹിതരായുള്ള യോഗത്തിൽ നാലുവിഷയത്തെ സംബന്ധിച്ചുള്ള പ്രസംഗങ്ങൾ നടക്കയുണ്ടായി. 1. സഭാപ്രവർത്തനത്തിൽ അത്മായസഹകരണത്തിനുള്ള സംഘടനയെപ്പറ്റി മി. വി. ജി. തയ്യനും മി. കെ. സി. മാത്യുവും, മിശവത്സരപദ്ധതി ആവിഷ്കരിച്ചു റവ. എം. ജെ. ചാണ്ടിയും, ആധുനിക ഭാരതത്തിലെ സുവിശേഷയത്നത്തെ വിശദീകരിച്ചു റവ. എം. എം. ജോണും, ക്രിസ്തിയഗ്രന്ഥങ്ങളുടെ സ്വാധീനം വെളിപ്പെടുത്തി റവ. ഇ. സി. ജോണും പ്രസംഗിച്ചു അവയുടെ പ്രാധാന്യം ബോധപ്പെടുത്തി. ഇതുകൊണ്ടു ആദ്യദിവസത്തെ ചടങ്ങു അവസാനിച്ചു.

പിറ്റേദിവസം രാവിലെ 7. 30 മണിക്കു വിശുദ്ധസംസ്ക്കാരശുശ്രൂഷ ബേക്കർ സ്ക്കൂൾ ചാപ്പലിൽവച്ചു ബിഷോപ്പുതിരുമേനിയും നാലു പട്ടക്കാരും കൂടെ നടത്തി റവ. എ. ബാഗ്ദോ ക്രിസ്ത്യാനികളുടെ വരങ്ങളുടെയും കൃത്യങ്ങളുടെയും വിവിധത്വത്തെ പരാമർശിച്ചു വിവിധത്വത്തിൽ ഐക്യവും ഏകാത്മാവും പാലിക്കുന്നതിന്റെ ആവശ്യകത മനസ്സിലാക്കി—തുടർന്നുള്ള യോഗത്തിൽ മഹായിടവക റിപ്പോർട്ടും കണക്കും അടുക്കലും സമർപ്പിക്കയും അവ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്കു സെക്രട്ടറിയും ഖജാൻജിയും മറുപടി പറകയും ചെയ്തു. തുടർന്നു പ്രമേയങ്ങൾ ഓരോന്നായി അവതരിപ്പിച്ചു ചർച്ചചെയ്തു വോട്ടിനിട്ടു തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

1. മഹായിടവക കാര്യനിർവ്വഹണത്തിന്റെ വികേന്ദ്രീകരണവും ചെലവിന്റെ നൂനീകരണവും സംബന്ധിച്ചു സ്റ്റാണ്ടിങ്ങു കമ്മറിക്കൊണ്ടു വന്ന പ്രമേയമാണു പ്രധാന ചർച്ചാവിഷയമായിരുന്നതു. (i) ഭരണഘടനയനുസരിച്ചു ഡിസ്ട്രിക്ട് കൌൺസിലുകളിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ അവതന്നെ നിർവ്വഹിക്കണം. (ii) സ്ക്കൂൾക്കെല്ലാംകൂടെ ബിഷോപ്പുതിരുമേനി കോർപ്പറേറ്റു മാനേജരായിരിക്കണം. (iii) നിയമനം മുതലായ കാര്യങ്ങളിൽ തിരുമേനിയെ സഹായിക്കുന്നതിനു ഡയോസിസൻ കൌൺസിൽ സെക്രട്ടറി വിദ്യാഭ്യാസബോർഡുസെക്രട്ടറി ഡയോസിസൻ ഖജാൻജി എന്നീ മൂവർചേർന്ന ഒരു കമ്മറിയുണ്ടായിരിക്കണം. (iv) യോഗ്യതയുള്ള പട്ടക്കാരെ സ്ക്കൾകൂട്ടങ്ങൾക്കു കറസ്പോണ്ടൻസുമാരായി നിയമിക്കണം (v) അവരുടെ ചുമതലകളായി എഴുത്തുകുത്തുകൾ നടത്തുക, ബില്ലുകൾക്കു കൊടുക്കുക, ശമ്പളം കൂട്ടൽ ശുപാർശ ചെയ്യുക, ഫീസുപിരിവിന്റെ ഇരുപതു ശതമാനം വാങ്ങി ബാങ്കിൽ നിക്ഷേപിച്ചു ചെക്കുകൾ മൂലം ചെലവു ചെയ്യുക. (vi) ഖജനാവിൽ ഒരു അത്മായനി ഖജാൻജിയും കാ

ക്കുന്നുണ്ടായിരിക്കണം. (vii) ഡയോസിസൻ അപ്പീസിന്റെ പൊതു ചുമതല കൌൺസിലിന്റെ പട്ടക്കാരൻ സെക്രട്ടറി വഹിക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം പ്രവർത്തിക്കുന്നതിനു സാങ്കേതിക യോഗ്യതയുള്ള ഒരു ക്ലർക്കു ശിപായിമാരുമുണ്ടായിരിക്കുകയും ചെയ്യുക. പ്രസ്തുത പരിഷ്കാരങ്ങളുടെയും ഭേദഗതികളുടെയും ഫലമായി ഡയോസിസൻ ആപ്പീസിലേക്കു ചെലവാക്കികൊണ്ടിരുന്ന 16000 രൂപയിൽ 10,000 രൂ. കുറയ്ക്കാമെന്നു കണ്ടു. ഈ പരിഷ്കാരങ്ങൾ ജൂൺമുതൽ മരാമ്മത്തേക്കു നടപ്പാക്കണമെന്നും നിശ്ചയിച്ചു.

2. കൌൺസിലിന്റെ കാരോ യോഗത്തിലും അടുത്തവർഷത്തേക്കുള്ള കാഡിറ്ററെ നിയമിക്കണമെന്നു നിശ്ചയിക്കയും അടുത്തയാണ്ടത്തേക്കു ആഡിറ്ററായി മി. പി. ജെ. ജോർജ്ജിനെ നിയമിക്കയും ചെയ്തു.

3. മഹായിടവകയുടെ ആഭിമുഖ്യത്തിൽ ഒരു പ്രസിദ്ധ പ്രസംഗകനെ ക്ഷണിച്ചുവരുത്തി ആണ്ടുതോറും കോട്ടയത്തുവച്ചു ഒരു കൊൺവൻഷൻ നടത്തണമെന്നുള്ള പാസ്റ്റരൽ ബോർഡിന്റെ പദ്ധതിയെപ്പറ്റിയും ഇപ്പോൾ നിലവിലിരിക്കുന്ന നിർബന്ധവരുമാനങ്ങൾ നിർത്തൽ ചെയ്യണമെന്നുള്ള ഫൈനാൻസു ബോർഡിന്റെ ചട്ടത്തിയും വിട്ടുകൊടുത്തു.

4. ഇടവകകൾതോറും അത്യാവശ്യമായ സംഘടനകൾ രൂപീകരിച്ചു സഭാസേവനതാല്പര്യത്തെ പരിരക്ഷിക്കുവാൻ വേണ്ടതു ചെയ്യണമെന്നു തിരുമാനിച്ചു.

5. ദശവത്സരപദ്ധതി ആവിഷ്കരിച്ചു മഹായിടവകയ്ക്കു നേരിട്ടിരിക്കുന്ന ഒരു ലക്ഷം രൂപായുടെ കടം വീട്ടുന്നതിനും സി. എം. എസ്സ്. ഗ്രാന്റു പത്തുവർഷംകൊണ്ടു നിന്നു പൂർണ്ണസ്വാതന്ത്ര്യത്തിലെത്തുന്നതിനും അടുത്ത ആണ്ടുമുതൽ ബഡ്ജറ്ററിൽ 2000 രൂ കാരോ ആണ്ടിലും കൊള്ളിച്ചുവേണ്ടതു ചെയ്യുന്നതിനു ഫൈനാൻസു ബോർഡിനെ ഏല്പിച്ചു.

അദ്ധ്യക്ഷൻതിരുമേനിയുടെ ഉപസംഹാരവും കൃതജ്ഞതാപ്രകടനവും കഴിഞ്ഞു പ്രാർത്ഥനാശീർവ്വാദങ്ങളോടെ സമ്മേളനം സമംഗളം സമാപിക്കയും ചെയ്തു.

ഡയോസിസൻ കൌൺസിൽ അദ്ധ്യക്ഷപ്രസംഗം

1955—'56

കർത്താവിൽ വാത്സല്യമുള്ളോരെ,

മദ്ധ്യതിരുവിതാംകൂർ മഹായിടവകയുടെ ഈ വാർഷിക സമ്മേളനത്തിലേക്കു വന്നുചേർന്നിട്ടുള്ള നിങ്ങൾക്കു എല്ലാവർക്കും ആത്മാർത്ഥമായ മംഗളം ആശംസിക്കയും സ്വാഗതം അരുളുകയും ചെയ്തുകൊള്ളട്ടെ.

കഴിഞ്ഞ പ്രാവശ്യം നാം കൌൺസിൽ ആയി സമ്മേളിച്ചതിൽ പിന്നീടു പല ആളുകൾ നമ്മെ വിട്ടു നിത്യതയിലേക്കു പ്രവേശിച്ചു. അവരുടെ ഒരു ലിസ്റ്റു സെക്രട്ടറി അവതരിപ്പിക്കും. എങ്കിലും രണ്ടു പട്ടക്കാരുടെ പേരു മാത്രം ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. യുവവൈദീകനായിരുന്ന റവ. ഐ. മാത്യു അച്ചൻ കഴിഞ്ഞ ഒക്ടോബർ മാസത്തിൽ തന്റെ 42-മത്തെ വയസ്സിൽ ചെട്ടെന്നു എന്നപോലെ നമ്മെ വിട്ടു നിത്യസ്ഥതയിലേക്കു വിളിക്കപ്പെട്ടതു നമുക്കു ഒരു വലിയ നഷ്ടം തന്നെയാണ്. ദീർഘകാലമായി ജോലിയിൽനിന്നു വിരമിച്ച റവ. എം. ടി. ചാക്കോ അച്ചൻ നവമ്പർ മാസത്തിൽ തന്റെ എൺപത്തിഅഞ്ചാം വയസ്സിലും ഇഹലോകവാസം വെടിഞ്ഞു. ഈ രണ്ടു പേരുടെയും സേവനത്തെ ഓർത്തു ദൈവത്തിനു സ്തോത്രം ചെയ്കയും ഇവരുടെ കുടുംബാംഗങ്ങളോടുള്ള സഹതാപത്തെ രേഖപ്പെടുത്തിക്കൊള്ളുകയും ചെയ്യുന്നു. സംവേദനക്ഷമമായ ഒരു വിഷയമായിരുന്ന ഇതു എന്നതു പ്രസ്താവ്യം തന്നെ. അതിൽ രസകരമായ ഒന്നു ഈ കൌൺസിലിന്റെ ഒരു അംഗത്തിന്റെ പേരു അദ്ദേഹത്തിന്റെ സിൽബന്ധികൾ ചിലർ കൂടി ബിഷോപ്പിന്റെ വസതിയുടെ ഗേറ്റിങ്കൽ അഞ്ചു ദിവസത്തെ സത്യാഗ്രഹം നടത്തിയശേഷം അതു നിർത്തി എഴുന്നേറ്റു പോകയുണ്ടായി. സന്ദർശകരായി അനേകം ആളുകൾ ഇതിലെ കടന്നുപോയി. അവരുടെ കൂട്ടത്തിൽ ഡാക്ടർ ബില്ലിഗ്രാമും പാർട്ടിയുടെയും സന്ദർശനം പ്രത്യേകം നന്ദിയോടെ അനുസ്മരിക്കുന്നു. തൻമൂലം വലിയ പ്രോത്സാഹനവും അനുഗ്രഹവും ലഭിച്ചിട്ടുണ്ട്. അമേരിക്കൻ എപ്പിസ്കോപ്പൽ സഭയിൽനിന്നു ഡാക്ടർ കെന്നടി മക്കിനോന്നു സഭയെപ്പറ്റി അന്വേഷിക്കുന്നതിനായി വന്നിരുന്നു. അമേരിക്കൻ ലൈഫ് മാസികയുടെ രണ്ടു പ്രതിനിധികൾ വന്നു മക്കിനോന്നു സഭയെക്കുറിച്ചുള്ള കാര്യങ്ങൾ

പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി അനേകം ചിത്രങ്ങൾ എടുക്കുകയുണ്ടായി. അതേപ്പറ്റി മൂന്നാലു ചിത്രങ്ങൾ അടങ്ങിയ ലൈഫ് മാസികയുടെ രണ്ടു പ്രതികൾ ഇവിടെ ഞാൻ കൊണ്ടുവന്നിട്ടുള്ളതു യോഗാനന്തരം താല്പര്യമുള്ളവർക്കു നോക്കിക്കാണാവുന്നതാണ്. നാഗപ്പൂർ ബിഷോപ്പും മധുരാമേനാട്ടു ബിഷോപ്പായ ഡവപ്പൂട്ടി മേഡദറർ ഡോ. സൂബിക്കിനും നമ്മുടെ മഹായിടവക സന്ദർശികയും അടുത്ത പ്രസ്ബിറ്റേറിയൻ പട്ടംകൊടുക്കലിൽ സംബന്ധിക്കയും പ്രസംഗങ്ങൾ ചെയ്കയും ചെയ്തു. വേപ്പുസ്തകസമൂഹത്തിന്റെ ആസ്ട്രേലിയായിലെ ജനറൽസെക്രട്ടറി കാനൻ ആരൊസ്മിത്ത് അവർകൾ ഇവിടെ വരികയും പ്രസംഗങ്ങൾ നടത്തുകയും നമ്മുടെ മിഷ്യനറിസമ്മേളനത്തിൽ പങ്കെടുത്തു പ്രോത്സാഹനം നല്കുയുംചെയ്തു.

നമ്മുടെ പട്ടക്കാരിൽ ഒരുവനായ റവ. കെ. ഏം. ജോണിനെ ഈസ്റ്റ് ആഫ്രിക്കയിൽ മദ്ധ്യടെ കിനിക്കാ മഹായിടവകയിലെ പ്രവർത്തനത്തിനായി അവിടുത്തെ ബിഷോപ്പുതിരുമേനിയുടെ ക്ഷണപ്രകാരം അയച്ചുകൊടുത്തു. വൈദികപഠനം പൂർത്തിയാക്കി പട്ടം ഏല്പാനിരുന്ന മി. സി. ജെ. തോമസിനെ സിംഗപ്പൂർബിഷോപ്പുതിരുമേനിയുടെ ആഗ്രഹപ്രകാരം ആ മഹായിടവകയിലേക്കു അയച്ചു. അദ്ദേഹത്തെകഴിഞ്ഞഡിസംബർ 18നു സിംഗപ്പൂരിൽവച്ചു ഡീക്കനായി പട്ടംകൊടുത്തു. ഇപ്രകാരം പുറത്തുള്ള സേവനത്തിനായി നമ്മുടെ ഇടയിൽനിന്നു പട്ടക്കാരെ അയയ്ക്കുന്നതിനും സൌകര്യം ലഭിക്കുന്നതിൽ ഞാൻ അത്യധികം സന്തോഷിക്കുകയും ദൈവത്തിനു സ്തോത്രം ചെയ്കയും, നമ്മുടെ പ്രാർത്ഥനകളിൽ ചിലപ്പോൾ നാം ക്രമമായി നമ്മുടെ അതിരുകൾക്കു അപ്പുറം നമ്മുടെ സാക്ഷ്യം ചെന്നെത്തണം എന്ന അപേക്ഷിച്ചുപോന്നതിന്റെ ഫലമാണു ഈ നടപടികൾ എന്നു ഞാൻ വിശ്വസിക്കുയുംചെയ്യുന്നു. ഇനിയും ഇതിലും കൂടുതലായി ഇപ്രകാരമുള്ള അവസരങ്ങൾ ഉണ്ടാകുംഎന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു. അങ്ങനെ നമ്മുടെ മഹായിടവകയെ ദൈവമഹത്വത്തിനും സുവിശേഷത്തിന്റെ സാക്ഷ്യത്തിനും ഈവിധത്തിലും അധികമായി ദൈവം ഏറ്റുത്തു ഉപയോഗിപ്പാൻ സംഗതിയാകട്ടെ.

വൈദികപരിശീലനത്തിനു ഇപ്പോൾ പതിനാലു ആളുകൾ ഒരുമിച്ചിരിക്കുന്നു. അവരിൽ നാലാളുകൾ അടുത്തുതന്നെ പഠനം പൂർത്തിയാക്കി വരുന്നതുകൊണ്ടു അവരിൽ മൂന്നാളുകളെ ഏപ്രിൽ അവസാനത്തിലൊ മെയ് ആരംഭത്തിലൊ ഡിയാക്കോനാരായി നിയമിക്കുന്നതിനു സ്റ്റാന്റിങ്ങുകമ്മറ്റി ടൈറൽ കൊടുത്തിട്ടുണ്ട്. ഒരാളുടെ ആരോഗ്യനില അത്ര ആശാസ്യമായിരിക്കുന്നില്ല.

ഉന്നതപഠനത്തിനായി പോയിരിക്കുന്ന റവ. ജോസഫ് മാത്യുവും റവ. എൻ. ററി. ജേക്കബും അടുത്ത അവസരത്തിൽ തന്നെ വരികയും വേലയിൽ പ്രവേശിക്കയും ചെയ്യുമെന്നാശിക്കുന്നു. ബൈബിൾസ് ക്ലാസിലെ റവ. സി. ഐ. മത്തായി അച്ചൻ ഒരു കൊല്ലത്തെ പരിശീലനത്തിനായി ജൂൺ മാസത്തിൽ ഇംഗ്ലണ്ടിലേക്കു പുറപ്പെടുന്നതും കേംബ്രിഡ്ജിൽ സെന്റ് അഗസ്റ്റിൻകോളേജിൽ ചേരുന്നതുമായിരിക്കും.

പ്രോട്ടസ്റ്റൻറുമിഷ്യനറിപ്രവർത്തനം ഇന്ത്യയിൽ ആരംഭിച്ചതിന്റെ 250-ാം വാർഷികം ട്രാങ്കുബാറിൽ വച്ചു ആഘോഷപൂർവ്വം ജനുവരിമാസത്തിൽ കൊണ്ടാടിയ അവസരത്തിൽ ഒരു തമിഴ്യനായ ഡോ. രാജമാണിക്കം അവർകളെ ലൂഥറൻസഭയുടെ ഒരു ബിഷോപ്പായി വാഴിച്ചു. ബിഷോപ്പു മാണിക്യം തിരുമേനിക്കു സർവ്വമംഗളം ആശംസിക്കയും അദ്ദേഹത്തിന്റെ കാലത്തു ലൂഥറൻസഭയും ഒക്കിനോന്ത്യൻസഭയും തമ്മിൽ ഐക്യത്തെപ്പറ്റി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സമ്പർക്കാലോചനകൾ പൂർണ്ണ ഫലപ്രാപ്തിയിലെത്തുമെന്നു ആശ നിവൃത്തിയാകുമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ നവംബർമാസത്തിൽ ഇന്ത്യ, പാക്കിസ്ഥാൻ, സിലോൺ വേപ്പുസുവിശേഷസമൂഹത്തിന്റെ പ്രസിഡണ്ട് എന്ന നിലയിൽ ആസാം സംസ്ഥാനത്തു പോയി അവിടെയുള്ള ക്രൈസ്തവസഭയെ സന്ദർശിക്കയും അതിനാൽ വളരെ പ്രോത്സാഹനം പ്രാപിക്കയും ചെയ്തു. ആസ്സാമിൽ വളരെ ഉത്സാഹത്തോടെ ക്രൈസ്തവസഭ പുരോഗമിക്കുന്നു. വർഷംതോറും ഏകദേശം 23,000 ആളുകൾ സഭയിലേക്കു ചേർന്നുവരുന്നു. അവിടെ ഒരു വേപ്പുസുവിശേഷ കോളിജു സ്ഥാപിപ്പാൻ നിശ്ചയിച്ചിരിക്കുന്നു. ഇപ്പോൾ കേരളത്തിലും മദ്രാസ് കോളിജിനോടു അനുബന്ധിച്ചു നടത്തിപ്പോരുന്ന കോളിജു റിവേർപെടുത്തി, ഒരു സ്വതന്ത്ര കോളിജിയായി ഒരു സെക്രട്ടറിയുടെ കീഴിൽ നടത്തിപ്പോരുന്നതിനു ക്രമീകരണം നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

ഡിസംബർമാസത്തിൽ ഞാൻ ചേർക്കുൻ ഉൾക്കടലിലുള്ള ബഹറിനിലും അതിനു സമീപമുള്ള മൂന്നു നാലു കേന്ദ്രങ്ങളും സന്ദർശിച്ചു. അവിടെ ഒട്ടുവളരെ മലയാളികിസ്ത്യാനികൾ ഉണ്ടു. അവരെക്കൊണ്ടോണം ദൈവം ആ രാജ്യത്തെ സുവിശേഷീകരണം നടത്തുന്നതിനു ഉദ്ദേശിക്കുന്നതു എന്നു ആ പ്രദേശങ്ങളിലെ സ്ഥിതിഗതികൾ മനസ്സിലാക്കുന്നവർക്കു ബോദ്ധ്യമാകുന്നതാണ്. അതിനാൽ വർഷംതോറും ആ പ്രദേശങ്ങൾ സന്ദർശിച്ചു അവിടെയുള്ള നമ്മുടെ ജനങ്ങൾ ശ്രുശ്രൂക്ഷകൾചെയ്യു

സ്വാധീനപ്പെടുത്തുന്നതു ഉചിതമായിരിക്കും എന്നു കരുതുന്നു. ഇതുപോലെ നമ്മുടെ ജനങ്ങൾ കൂട്ടമായി ജോലിക്കു പോയി താമസിക്കുന്ന കേന്ദ്രങ്ങളിൽനിന്നു കാലാകാലങ്ങളിൽ ശുശ്രൂഷകൾ നടത്തുന്നതിനു ക്ഷണം വന്നുകൊണ്ടിരിക്കുന്നു. ഇതൊക്കെയും തക്കത്തിൽ ഉപയോഗിക്കുന്നതിനു സൌകര്യവും ദർശനവും ദൈവം നമുക്കു നല്കുമാറാകട്ടെ.

ഇക്കൊല്ലം മിഷ്യനറി ആയിവന്ന ഡോ. മക്‌ലസ്റ്റർ ശരീരാസ്വാസ്ഥ്യനിമിത്തം പ്രസംഗപരമ്പര ക്രമപ്പെടുത്തിയിരുന്നതു മുഴുവൻ നിവൃത്തികരിയാതെ മടങ്ങേണ്ടിവന്നു. അടുത്ത രണ്ടു വർഷങ്ങളിലേക്കുള്ള അദ്ധ്യക്ഷ പ്രസംഗികരെ ശട്ടംകെട്ടു ചെയ്യുവരുന്നു.

പ്രസ്തുതവർഷത്തിൽ സി. എം. എസ്സ്. അക്കൌണ്ടന്റു മി. ലാംഗ്‌ഫോർഡ് നമ്മുടെ ധനകാര്യസ്ഥിതിഗതികൾക്കുള്ള ആലോചനകൾ നല്കുന്നതിനു ക്ഷണിച്ചുവരുത്തുന്നതിനു നടത്തിപ്പു ലഭിച്ചതും അദ്ദേഹത്തിന്റെ സന്ദർശനവും സഹായവും വളരെ ഭാഗ്യമായി എന്നുള്ളതു നന്ദിപൂർവ്വം പ്രസ്താവിച്ചുകൊള്ളട്ടെ. അദ്ദേഹത്തിന്റെ ആലോചനപ്രകാരമുള്ള നടപടികൾ എടുക്കുകയും ഒരു പുതിയ ഖജാൻജിയെ നിയമിക്കുകയും മറ്റുമുള്ള അനന്തരനടപടികൾ എല്ലാവരും അറിഞ്ഞിരിക്കുന്നതുകൊണ്ടു ഞാൻ വീണ്ടും പ്രസ്താവിക്കേണ്ട ആവശ്യമില്ലല്ലോ. പ്രായപൂർത്തിയും ഉത്തമനും ക്രിസ്തീയ അനുഭവമുള്ള ഒരു ഖജാൻജിജോലിക്കു യോഗ്യതകളുള്ള ആളുമായ ശ്രീമാൻ ടി. കെ. കോശി അവർകളെ തൽസ്ഥാനത്തേക്കു അപ്പീലിൽ ലഭിച്ചതു ദൈവത്തിന്റെ കാരുണ്യാതിരേകം ഒന്നുകൊണ്ടു മാത്രമാണു എന്നു ഞാൻ വിശ്വസിക്കുന്നു. മി. കോശി അവർകൾക്കു ഔദ്യോഗികമായി ഞാൻ സ്വാഗതവും മംഗളവും കൌൺസിലിന്റെ നാമത്തിൽ നല്കുകയും അദ്ദേഹത്തിന്റെ സേവനകാലത്തു മഹായിടവക ധനകാര്യങ്ങളും അതിനോടു അനുബന്ധപ്പെട്ട മറ്റു സംഗതികളും ശരിയായും ക്രമമായും ഉത്തമമായുള്ള രീതിയിൽ ആക്ഷേപത്തിനൊ, ആരോപണത്തിനൊ വകയില്ലാത്ത സ്ഥിതിയിൽ മാത്രമല്ല ഏറ്റവും ക്ഷേമകരമായി പുരോഗമനനിലയിൽ അഭിവൃദ്ധിയെ പ്രാപിക്കുമെന്നു പ്രത്യാശിക്കയും ചെയ്യുന്നു.

മറ്റും പല കാര്യങ്ങൾ ഇതു സംബന്ധിച്ചും വേറെയും പറവാനുണ്ട്. നമ്മുടെ പാപ്പവാമിക്ഷ്യൻപ്രവർത്തനത്തിനു ആളുകളെ അയപ്പാൻ വിക്ഷമംനേരിട്ടിരിക്കുന്നതുകൊണ്ടു വേറെ ഒവർസിസ്വയലുകൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഇന്നു രാവിലെ മന്നാംകണ്ടംമുതൽ വെള്ളത്തുവൽവരെയുള്ള കുടിയേറിപ്പാർക്കുന്നവരുടെ കേന്ദ്രങ്ങളെ മിഷ്യനറി ഇടവകയായി ക്രമീകരിപ്പാൻ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

മഹായിടവക വേലയുടെ വികേന്ദ്രീകരണവും ചെലവുചുരുക്കൽപദ്ധതിയും മറ്റും ഈ നാൾ കാര്യമായി ആലോചനയ്ക്കു വരുന്നുണ്ടല്ലോ. വളരെ പ്രാധാന്യം അർഹിക്കുന്ന പ്രസ്തുത വിഷയങ്ങൾ ബഹുപ്പാടിൽ സംഗതികളുടെ നാനാമുഖങ്ങളെ കണ്ടുകൊണ്ടു നമ്മുടെ ആലോചനയും ഇക്ഷ പ്രകാരമല്ല ദൈവമഹിമയ്ക്കു ഉതകുന്നവിധത്തിലും ദൈവസഭയുടെ കെട്ടുപണിക്കു യോഗ്യമാംവണ്ണം ദൈവാത്മാവു സകലത്തിലും നമ്മെ എല്ലാവരെയും ഭരിച്ചു നടത്തേണ്ടതിനു നമുക്കു പ്രാർത്ഥിച്ചുകൊണ്ടിരിക്കാം.

വീണ്ടും ഒരുപ്രാവശ്യം ഈ സ്ഥാപനവും സൌകര്യങ്ങളും നമ്മുടെ ഉപയോഗത്തിനുവേണ്ടി നല്കിയ ഈ സ്കൂൾ അധികൃതയോടുള്ള കൃതജ്ഞത പ്രകാശിപ്പിച്ചും നിങ്ങൾക്കു എല്ലാവർക്കും സർവ്വ മംഗളങ്ങളും ആശംസിച്ചുകൊണ്ടും, ദൈവസന്നിധ്യത്തിന്റെ സഹായവും ശക്തിയും നമ്മോടുകൂടെയിരുന്നു നമ്മെ നടത്തി ഭരിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും ഞാൻ വിരമിക്കട്ടെ.

ആത്മായസംഘടന

(കെ. സി. മാത്യു എം. ഏസ്സി)

രാഷ്ട്രീയരംഗത്തു്, വിശിഷ്യാ, Congress വൃത്തങ്ങളിൽ നാം സാധാരണയായി Socialistic Pattern of Society എന്നു കേൾക്കുന്നതുപോലെ, "New Pattern" (പുതിയ മാതൃക) ദക്ഷിണേന്ത്യൻ സഭാവൃത്തങ്ങളിലെ ഒരു പ്രധാന ചർച്ചാവിഷയമായിരിക്കയാണ്. ഈ New Pattern-ൽ, പതിനാലു വിവിധപരിപാടികൾ അണ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. അതിൽ പതിനാലാമത്തേതു എങ്കിലും തികച്ചും പ്രാധാന്യം അർഹിക്കുന്നതും, വിവിധ മഹായിടവകകൾ ഇന്നിയും പരിശോധിച്ചുനോക്കേണ്ടതുമായ ഒരു നവീന ആശയമാണ് ആത്മായസംഘടന.

ആത്മായപ്രവർത്തനത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ, നമ്മുടെ മനസ്സിൽ ചില ആശയങ്ങൾ അലതല്ലുന്നുണ്ട്. സഭാശുശ്രൂഷകളിൽ സഹകരിക്കുകയും നേതൃത്വം നല്കുകയും ചെയ്യുകഎന്നതാണു പൊട്ടെന്നു നമ്മുടെ മനസ്സിൽ തോന്നുന്നതു്. വിവിധജോലികളിൽ ഇരുന്നുകൊണ്ടു സഭാപ്രവർത്തകരെസഹായിക്കു

ക, സണ്ടേസ്ക്കൂളുകൾ നടത്തുക വിട്ടുപ്രാർത്ഥനകൾ ക്രമീകരിക്കുക, യുവജനസഖ്യങ്ങളെ പ്രോത്സാഹിപ്പിക്കുക, സഭയുടെ സുവിശേഷപ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുക എന്നിങ്ങനെ പോകുന്നു അവയുടെ പട്ടിക. എന്നാൽ ഇതിൽനിന്നും ഒരു പടികൂടി കടന്നു ചിന്തിക്കാം. ഒരുപക്ഷേ വികേന്ദ്രീകരണത്തെയും വ്യവസ്ഥിതികരണത്തെയും കുറിച്ചു പരിചിന്തനം ചെയ്യുകൊണ്ടിരിക്കുന്ന ഈ സമയത്തു ഇതുകൂടി ഒന്നു ചിന്തിക്കുന്നതു നന്നായിരിക്കും.

ഇപ്പോഴത്തെ ഇടവകഘടന അനുസരിച്ചു ഒരു തായ്സഭയും ഏതാനും ഉപസഭകളുംകൂടി ചേർന്നതാണു ഇടവക എന്നു വിവക്ഷിക്കുന്നു. ഇടവകപ്പട്ടക്കാരൻതന്നെ തായ്സഭയുടെ ചാർജ്ജുകൂടി വഹിച്ചുവരുന്നു. എന്നാൽ സഭകളെ തായ്സഭയെന്നും, ഉപസഭയെന്നും തരംതിരിക്കാതെ ഒരേ Grade-ൽ (തോതിൽ) കണക്കാക്കുകയും മൂന്നോ നാലോ സഭകൾ പട്ടക്കാരന്റെ ചുമതലയിൽ ഏല്പിക്കുകയും ചെയ്യുക. ഓരോ സഭയിലും പ്രവൃത്തിയും യോഗ്യതയുമുള്ള സ്ഥലത്തെ അത്മായരെ പട്ടക്കാരന്റെ അഭാവത്തിൽ ശുശ്രൂഷകൾ നടത്തുന്നതിനു അധികാരപ്പെടുത്തുക. ഇതു പ്രായോഗത്തിൽ വരുത്തിയാൽ സഭകൾതമ്മിൽ അത്മായർക്കു കൂടുതൽ ഉത്തരവാദിത്വവും, ചുമതലബോധവും ഉണ്ടാവുകയും, സഭാപ്രവർത്തനത്തിനുള്ള ചെലവു വളരെ അധികം ചുരുക്കുകയും ചെയ്യാവുന്നതാണ്.

ഒരു സഭയുടെ പുരോഗതിയുടെ ഏറ്റവും പ്രധാന കാരണം അത്മായരുടെ അകമഴിഞ്ഞ സഹകരണത്തെ ആശ്രയിച്ചിരിക്കും. ഈ അടുത്ത സമയത്തു പ്രസ്ബിറ്റർസ്ഥാനത്തേക്കു ഉയർത്തപ്പെട്ട ഒരു സ്നേഹിതനുമായി നടന്ന ഒരു സംഭാഷണം ഇവിടെ അസംഗതമായിരിക്കയില്ലെന്നു വിചാരിക്കുന്നു. മക്കിനോന്യൻസഭയുടെ ആവിർഭാവത്തോടുകൂടി അത്മായനേതൃത്വത്തിനു ഒരു നവചൈതന്യം കാണുവാൻ സാധിക്കുന്നുണ്ട് എന്നും, കഴിഞ്ഞ സിനഡ്യോഗങ്ങളിൽ അതു സൂക്ഷ്മമായി മനസ്സിലാക്കുന്നതിനു സാധിച്ചു എന്നും, ഞാൻ അദ്ദേഹത്തോടു പറഞ്ഞു. പട്ടംകൊടുക്കുന്നതിൽ ബിഷോപ്പുത്തുമേനിയും പട്ടക്കാരും കൈവെക്കുന്നതിനോടൊപ്പം അത്മായക്കാരുടെ ഒന്നോ രണ്ടോ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുന്നതു നന്നായിരിക്കുകയില്ലേഎന്നുഞാൻ അദ്ദേഹത്തോടു ചോദിച്ചതിനു ഫലിതരൂപത്തിൽ പറഞ്ഞ മറുപടി അത്മായക്കാരായ എന്നെയും എന്റെ സ്നേഹിതരെയും രസിപ്പിക്കുന്നതിനും അതേസമയം ചിന്തിപ്പിക്കുന്നതിനും സഹായകരമായിരുന്നു. അദ്ദേഹം പറഞ്ഞതു "പട്ടംകൊടുക്കുമ്പോൾ ബിഷോപ്പുതിരുമേനിയുടെ കൂടെ പട്ടക്കാരും കൈവയ്ക്കും. എന്നാൽ ഇടവകയിൽ ചെല്ലുമ്പോൾ ജനങ്ങളും, അത്മായപ്രവർത്തനത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ സഭാശുശ്രൂഷകളിൽ ഇടവകപ്പട്ടക്കാരോടു ഏറ്റവും സഹകരിക്കയും, അവരെ കൈവയ്ക്കാതെ, കയ്യേറ്റംചെയ്യാതെ, കുറെങ്ങളും കുറവുകളും മാത്രം ഉയർത്തിപ്പിടിച്ചു, ഏറ്റുമുട്ടലുകളുടെയും, ചേരിതിരിവുകളുടെയും കേന്ദ്രമാക്കി സഭയെ നിർജ്ജീവമാക്കാതെ ഇരിക്കുക എന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്".

എന്നാൽ അത്മായപ്രവർത്തനത്തെക്കുറിച്ചു മക്കിനോന്യൻസഭ വിവക്ഷിക്കുന്നതു മറ്റൊരു രീതിയിലാണ്. സഭാകാര്യങ്ങളിൽ അത്മായർ സഹകരിക്കണം, ഇടവകപട്ടക്കാരെ സഹായിക്കണം, വേണ്ടിവന്നാൽ വേതനമില്ലാതെ സഭയുടെ ചുമതലകൂടി വഹിക്കണം. പക്ഷെ തങ്ങളുടെ ഓരോരുത്തരുടെയും ജീവിതരംഗങ്ങളിൽ ക്രിസ്തുവിന്റെ സാക്ഷികളായിരിക്കുക എന്നതാണ് ഏറ്റവും പ്രധാനമുള്ളതു".

ഇന്നത്തെ പശ്ചാത്തലത്തിൽ അത്മായരായ നാം പ്രത്യേകിച്ചു നമ്മുടെ സുവിശേഷയത്നങ്ങളെക്കുറിച്ചു ചിന്തിക്കുന്നതു ഏറ്റവും ഉചിതമായിരിക്കും. സുവിശേഷവേലയ്ക്കായി നാം വളരെ അധികം ആഗ്രഹിക്കുന്നുണ്ട് ശ്രമിക്കുന്നുണ്ട് എന്നു പറഞ്ഞേക്കാം. നമുക്കു ഓണവാരസുവിശേഷയത്നം ഉണ്ട്. ക്രിസ്തുമസ്സ്, കപ്പാറവേണ്ടുന്നുകളിൽ നാം സുവിശേഷപ്രവർത്തനങ്ങളിൽ കൂടുതൽ ഉൽസുകരാകുന്നതിനു അഭ്യർത്ഥിക്കുന്നുപ്രമേയം നമ്മുടെ ചർച്ചയ്ക്കു വിധേയമായി അവതരിപ്പിച്ചിട്ടുണ്ട്. പ്രധാന പട്ടണങ്ങളിൽ പ്രത്യേകരീതിയിൽ സുവിശേഷോത്സാഹനാശ്രമം ചെയ്യുന്നുണ്ട്. നാം പ്രശംസാർഹമായി നടത്തിക്കൊണ്ടുപോകുന്ന മിഷ്യൻവയലുകൾ ഉണ്ട്. മിഷ്യനറിപ്രവീണതയുള്ള ഈ മഹായിടവകയിലെ യുവജനങ്ങളുടെ പരസ്പരമിഷ്യൻ, എന്നുവേണ്ട മിഷ്യനറിപ്രവർത്തനത്തിൽ നാം വളരെ ഉൽസുകരാണ്. പക്ഷെ എന്തുകൊണ്ടാണു വിജയശ്രീലാളിതമായ് മുന്നോട്ടുവന്ന സുവിശേഷപ്രവർത്തനങ്ങൾ, വിശിഷ്യ കേരളത്തിലേതു, ഇന്നു മന്ദഗതിയിലായിരിക്കുന്നു? നമ്മുടെ സുവിശേഷകരുടെ പ്രാപ്തിക്കുറവാണോ; നമ്മുടെ പട്ടക്കാരുടെ തിക്ക്നതക്കുറവാണോ? തെരുക്കോണകളിലും, ചന്തസ്ഥലങ്ങളിലുംനിന്നു സുവിശേഷം പ്രസംഗിച്ചാൽ ഇന്നു കേൾക്കുവാൻ അധികം ആളുകൾ ഇല്ലാത്തതു, കേട്ട ക്രൈസ്തവരായിത്തീരുന്നതു എന്താണ്. സുവിശേഷം അറിയിക്കുന്ന ഉപാധികളുടെ മോശംകൊണ്ടോണോ ഇന്നു സുവിശേഷം നിർജ്ജീവമായിത്തോന്നുന്നതു? വേദപുസ്തകം കയ്യിൽ പിടിച്ചുകൊണ്ടു പോകുന്നതു വയറുപിഴപ്പിനുള്ള മാർഗ്ഗമായി മാറു

ള്ളവർ വ്യാഖ്യാനിക്കുന്നതിന്റെ കാരണം എന്താണ്? ഈ പരാജയകാരണം സുവിശേഷകരോ പട്ടക്കാരോ വരുത്തിവച്ചതല്ല. അത്മായസാക്ഷ്യത്തിന്റെ പരാജയമാണിതിന്റെ മുഖ്യകാരണം.

സഭാകോയ്മകളിൽ തീക്ഷ്ണതയുള്ള, ആരാധനയിൽ എല്ലാ ആഴ്ചയിലും പതിവായി സംബന്ധിക്കുന്ന, സഭാപ്രമാണികളായ നാം ആഴ്ചയിൽ ആറുദിവസവും ഇടപെടുന്ന ആളുകളിൽ എന്തു സാക്ഷ്യമാണ് നല്കുന്നത്. സുവിശേഷത്തിന്റെ രശ്മിപോലും കടക്കുവാൻ അസാദ്ധ്യമാകുന്ന സാക്ഷ്യമാണ് നാം ഇന്നു നല്കുന്നത്. ക്രിസ്തീയപ്രമാണം ജീവിതരംഗത്തു അശേഷംപോലും കാണുവാനില്ല. പള്ളിയിൽ മുഖ്യാസനവും ആപ്പീസുകളിൽ കൈക്കൂലിയുമാണ് നമ്മുടെ സാക്ഷ്യം. ഏറ്റവും വിശ്വാസ്യമായി ചെയ്യേണ്ട ജോലികൾക്ക് ഒരു കാലത്തു ക്രിസ്ത്യാനികൾക്കു മുൻഗണന നൽകിയിരുന്നെങ്കിൽ ഇന്നു അനാസ്ഥയിലും അഴിമതിയിലും കൈക്കൂലിയുമാണ് പല ക്രിസ്തീയ ഉദ്യോഗസ്ഥന്മാരും മുഴുകിയിരിക്കുന്നത്. നമ്മുടെ മതവും ജീവിതവും തമ്മിലുള്ള അന്തരമത്രെ സുവിശേഷപ്രഘോഷണത്തിലെ മന്ദഗതിയുടെ കാരണം. ക്രിസ്തീയപ്രമാണങ്ങൾ, നാം മറുള്ളവരെ പ്രസംഗിച്ചു കേൾപ്പിക്കുന്ന തത്വങ്ങൾ, ആത്മാവിന്റെ ഫലങ്ങൾ, ഇവയെല്ലാം കാണുന്നതിനു അക്രൈസ്തവർ ക്രിസ്തീയജീവനത്തിലേയ്ക്കു തിരിയുന്നതു വീക്ഷിക്കുന്നു. മറുള്ളവരുടേതിൽനിന്നു വ്യത്യസ്തമായി ഇന്നു ക്രിസ്ത്യാനിക്കു എന്തു സ്വഭാവശ്രേഷ്ഠതയാണുള്ളത്? നമ്മുടെ ജീവിതത്തിലൂടെ, നാം ഏതുവരെ ക്രിസ്തുവിനെ ലോകം ആകർഷിച്ചിട്ടുണ്ട്? ഇന്ത്യയിലെ അനേകകോടി അക്രൈസ്തവരെ ക്രിസ്തുവിന്റെ പാദാരവിന്ദങ്ങളിലേക്കു ആകർഷിക്കുന്നതിനു അത്മായരായ നാം നമ്മുടെ പങ്ക് നിർവ്വഹിക്കുന്നതിനു മുന്നോട്ടിറങ്ങാം. ഇതുതന്നെയാണ് നമ്മുടെ സഭയും പ്രതീക്ഷിക്കുന്നത്.

ഇതിനുള്ള മാർഗ്ഗം എന്താണ്? മാർഗ്ഗത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ നമ്മുടെ ഉദ്ദേശം എപ്പോഴും മുമ്പിൽ വയ്ക്കേണ്ടതാണ്. നമ്മുടെ വിവിധതൊഴിൽ രംഗങ്ങളിൽ ക്രിസ്ത്യാനികളായി ജീവിക്കുക എന്നതാണ് നമ്മുടെ ഉദ്ദേശം. ഒന്നാമതായി വേണ്ടതു ഒരു പരിവർത്തന മനോഭാവമാണ്. ഏതു ജോലിയായാലും വേണ്ടതില്ല, അവിടെ എല്ലാം ഒരു ക്രിസ്ത്യാനിയായി ജീവിക്കും എന്നു നിശ്ചയിക്കുക. ഒരു ഉത്തമ ക്രിസ്ത്യാനി ഏതേതെല്ലാം നിലയിലാണ് തന്റെ ജോലിസ്ഥലത്തു വർത്തിക്കേണ്ടതു എന്നു ഒരു പട്ടിക തയാറാക്കുക സാദ്ധ്യമല്ല. കോളജ് വിദ്യാഭ്യാസത്തിനു ശേഷം ഫാക്ടറികളിൽ തൊഴിലാളിയായി പോയ ചില കമ്മ്യൂണിസ്റ്റ് കാരെക്കുറിച്ചു കേട്ടിട്ടുണ്ട്. ഏതാനും മാസങ്ങളിലെ ഫാക്ടറി ജീവിതത്തിന്റെ ഫലമായി തൊഴിലാളികളിൽ നല്ലൊരു പങ്കിനെ തങ്ങളുടെ ആദർശങ്ങളിലേക്കു ആകർഷിക്കുന്നതിനു അവർക്കു സാധിച്ചതായും കേട്ടിട്ടുണ്ട്. മിഷ്യനറി പ്രവർത്തനത്തിനുംവേറും ജീവിതം സമർപ്പിച്ചിട്ടുള്ള ആളുകൾ മോശമെന്നും നിസ്സാരമെന്നും തോന്നുന്ന ഇപ്പോഴത്തെയുള്ള താഴ്ന്ന ജോലികൾ സ്വീകരിച്ചു പ്രവർത്തിക്കുന്നതു ഒരുപക്ഷേ വലിയ പരിവർത്തനത്തിനു മുഖാന്തരമായേക്കാം.

വിവിധ രംഗങ്ങളിൽ വിശിഷ്യാ തന്റെ ജോലിസ്ഥലത്തു ക്രിസ്തീയസാക്ഷ്യം ജീവിതത്തിൽ കൂടി വഹിക്കുന്നതിനുള്ള ഉപാധികളിലേക്കു നമുക്കു പ്രവേശിക്കാം. ആദ്യശ്രമികളായ പലരും തങ്ങളുടെ പ്രായോഗിക ജീവിതരംഗങ്ങളിൽ പരാജയമടയുന്നതിന്റെ കാരണമെന്താണ്? സഭാശുശ്രൂഷകരിൽ ഇരുന്നശേഷം ഗവൺമെന്റ് ജീവനത്തിൽ പോയ ഒരു സ്നേഹിതനെ അറിയാം. ആദ്യകാലത്തു സഹപ്രവർത്തകർ കൈക്കൂലി വാങ്ങിക്കുന്ന ജോലിയിൽ അനാസ്ഥരായി ഇരിക്കുന്നതു അവജ്ഞയോടെ വീക്ഷിക്കുകയും ആ പരിതസ്ഥിതിയിൽ ഉടനടുന്നതു നല്ലതായോ എന്നു ചിന്തിക്കുകയും ചെയ്തിരുന്ന അദ്ദേഹം ഇന്നു തന്റെ സഹജീവനക്കാരുടെ അക്രൈസ്തവ പുറപ്പാടുകളിൽ താതാത്മ്യം പ്രാപിച്ചിരിക്കുകയാണ്.

തിരുവിതാംകൂർ വനംവകുപ്പിൽ ഒരു ഉയർന്ന ഉദ്യോഗം ലഭിച്ചിട്ട് രണ്ടു മാസത്തെ ജോലിക്കു ശേഷം ഒരു ക്രിസ്ത്യാനിയായി ഉടനടുന്നതിനു നിവൃത്തിയില്ലാതെ ആ ജോലി ഉപേക്ഷിച്ച ഒരു സ്നേഹിതനെ അറിയാം.

ഈ രണ്ടു വ്യക്തികളും ക്രൈസ്തവ ആദർശങ്ങൾ ജീവിത രംഗത്തിൽ കാണിച്ചുകൊടുക്കുന്നതിനു ആഗ്രഹിച്ചിരുന്നവരാണ്. ഒരാൾ തന്റെ ജീവിതരംഗത്തു തോൽവി അടഞ്ഞപ്പോൾ അവർൻ തന്റെ ജോലി ഉപേക്ഷിക്കേണ്ടതായും വന്നു. ജീവിതത്തിൽ ഒരു ലാക്കും ലക്ഷ്യവുമില്ലാതെ കഷ്ടപ്പെടുന്ന ക്രൈസ്തവർ വിവിധ ജോലിസ്ഥലങ്ങളിൽ ഉണ്ട്. എന്നാൽ ആദ്യമായി ക്രിസ്തീയ പ്രമാണങ്ങളിൽ വിശ്വസിക്കുന്നു. അതു ജീവിതത്തിൽ ഉറപ്പിച്ചു കാണുവാൻ ആഗ്രഹിക്കുന്ന അത്മായക്കാരെക്കുറിച്ചു ചിന്തിക്കാം.

ക്രൈസ്തവ മൂല്യങ്ങളിൽ വിശ്വസിക്കുന്ന ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച ആളുകൾ തങ്ങളുടെ ജോലിസ്ഥലങ്ങളിൽ ചുരുങ്ങിയതു രണ്ടു കാര്യങ്ങൾ ക്രമീകരിക്കേണ്ടതു ആവശ്യമാണ്. ഉദാഹരണമായി പറഞ്ഞാൽ ക്രൈസ്തവ അദ്ധ്യാപകരെത്തന്നെ എടുക്കാം. തങ്ങളുടെ ജീവിത രംഗത്തു തങ്ങളോടായിത്തന്നെ ചില ശ്രേഷ്ഠങ്ങൾ അവർക്കുണ്ട്. ക്രൈസ്തവരായി ചിന്തിക്കുന്നതിനും അവയെ

അഭിമുഖീകരിക്കുന്നതിനും നവീന ആശയ ഗതികളെ ക്രൈസ്തവ വെളിച്ചത്തിൽ കാണുന്നതിനും മൈനംദിന ജീവിതത്തിൽ ക്രിസ്തീയ സാക്ഷ്യം വഹിക്കുന്നതിനും സ്വയം ശോധന ചെയ്യുന്നതിനും ഓരോ സ്ത്രീകളിലും അല്ലെങ്കിൽ ഒരു സ്ഥലത്തെ സ്ത്രീകളുടെ ഒന്നിലോ ഉള്ള ഒരു അദ്ധ്യാപക കൂട്ടായ്മ അഥവാ സംഘടന ഉണ്ടായിരിക്കുന്നത് ആവശ്യമാണ്.

അതുപോലെതന്നെ ഓരോ സഭയിലുള്ള കർഷകരുടെയും മറ്റു തൊഴിലാളികളുടെയും വിവിധ കൂട്ടായ്മകൾ സംഘടിപ്പിക്കുന്നതു ഉചിതമായിരിക്കും. ഗവർമെന്റു ഓഫീസുകളിലും പ്രൈവറ്റ് കമ്പനികളിലും ജോലി ചെയ്യുന്ന ക്രിസ്തീയരായുള്ള ആളുകളുടെ സംഘടനകൾ ഓരോ സ്ഥലത്തും ഉടലെടുക്കണം. സംഘടനകൾ എന്നു പറയുമ്പോൾ വലിയ സംഖ്യാബലമുള്ള അവകാശങ്ങളെ പിടിച്ചു പറ്റുവാൻ മാത്രം നിലകൊള്ളുന്നവ എന്നു ചിന്തിക്കരുത്. കൂട്ടായ്മ എന്ന പദമായിരിക്കും കുറച്ചുകൂടി ഉചിതം.

ഓരോ കൂട്ടായ്മയിലും ഒരുപക്ഷേ രണ്ടോ മൂന്നോ പേരെ മാത്രമേ കണ്ടേക്കു എന്നു വരികയുമുണ്ട്. തങ്ങളുടേതായിത്തന്നെ ചില പരിപാടികൾ അവർക്ക് ആവശ്യമായിരിക്കും. ആദ്യമായിൽ ഒരു പ്രാവശ്യമെങ്കിലും ഈ കൂട്ടായ്മയിലെ അംഗങ്ങൾ ഒന്നിച്ചുകൂടുക. കൂടുതൽ ശിക്ഷണാബോധം തങ്ങളിൽ വരുത്തുന്നതിനു ചില ക്രമങ്ങൾ ചെയ്യുക. വേദപുസ്തകം പഠിക്കുന്നതിനും തങ്ങളുടെ ചുറ്റുപാടുകളെ ആത്മിക വെളിച്ചത്തിൽ ശോഭിക്കുന്നതിനും അഭ്യസിക്കുക. തങ്ങളുടെ ജോലികൾ വിശ്വസ്തതയോടും കൃത്യക്ഷമതയോടും നിർവ്വഹിക്കുന്നതിനു തങ്ങളുടേതായിത്തന്നെയുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുക എന്നിവയെല്ലാം തങ്ങളുടെ പ്രധാന പരിപാടികളായിരിക്കണം. പുതിയതായി ജോലിയിൽ പ്രവേശിക്കുന്നവരെ ശരിയായി മാർഗ്ഗനിർദ്ദേശം നല്കുക എന്നതും ഒരു ലക്ഷ്യമായിരിക്കേണം. ഈ വിവിധ കൂട്ടായ്മകൾക്ക് ചിന്താസമ്പുഷ്ടമായ ധ്യാനയോഗങ്ങൾ, വാർഷിക സമ്മേളനങ്ങൾ ഇവയും ക്രമീകരിക്കുന്നതു ആവശ്യമാണ്.

ഈ കൂട്ടായ്മകൾ എങ്ങനെയാണു സംഘടിപ്പിക്കേണ്ടതു? ഈ നവീന ആശയത്തിനു ആവശ്യമായ പ്രാധാന്യം കൊടുത്തു വേണ്ട പ്രചാരം നടത്തുക എന്നതാണ് ആദ്യമായി ചെയ്യേണ്ടതു്. ഇടവക പൊതുയോഗങ്ങളും പുൽപ്പിറ്റുകളും ഡിസ്ട്രിക്ട് കൌൺസിലുകളും ക്യാമ്പുകളും കോൺഫറൻസുകളും, ജ്ഞാനനിക്ഷേപം, ധർമ്മദീപം, യുവലോകം എന്നീ നമ്മുടെ മാസികകളും ഈ പ്രസ്ഥാനത്തിന്റെ പ്രചരണത്തിനു ഉപയോഗിക്കാവുന്നതാണ്. അത്മായ സംഘടന വികസനാർത്ഥം നിയുക്തരായ മാന്യ സ്നേഹിതർ നടത്തുകയുണ്ടാകുന്ന സന്ദർശനങ്ങളും നന്നായിരിക്കും.

രണ്ടാമതായി ഓരോ ഇടവകയിലുമുള്ള അത്മായക്കാരിൽ ക്രൈസ്തവ പ്രമാണങ്ങൾക്കനുസരണമായി ജീവിക്കുന്ന എന്നു ഉത്തമ ബോദ്ധ്യമുള്ള വ്യക്തികളിൽ അത്മായ സംഘടനയുടെ ആവശ്യത്തെക്കുറിച്ചു ബോധം വരുത്തുകയും അവരിൽക്കൂടി തങ്ങളുടെ ജീവിത രംഗങ്ങളിൽ ഓരോ ചെറിയ കൂട്ടായ്മകൾ രൂപീകരിക്കുന്നതിനു നമുക്കു ഉടനെ ശ്രമിക്കാവുന്നതാണ്.

ഇതുപോലെയുള്ള സംഘടനകൾ ഗ്രാമപ്രദേശങ്ങളിൽ, വിശിഷ്യാ കർഷകരുടെയും തൊഴിലാളികളുടെയും ഇടയിൽ സംഘടിപ്പിക്കുന്നതിനു സാമൂഹ്യ സേവനത്തിൽ പരിശീലനം ലഭിച്ചവരെ നിയോഗിക്കേണ്ടതു ആവശ്യമാണ്. വിവിധ രംഗങ്ങളിൽ ചെറിയ ചെറിയ കൂട്ടായ്മകൾ സംഘടിപ്പിച്ച ശേഷം പിന്നീടുള്ള വികസനം ഈ കൂട്ടായ്മകൾ മുഖേന സാധിക്കാവുന്നതാണ്.

സഭയുടെ സാക്ഷ്യം എന്നതു ആത്മായരുടെ ജീവിത സാക്ഷ്യമാണ്. ആദിമ സഭയുടെ വിജയ കാരണവും ഇന്നത്തെ മന്ദഗതിയുടെ കാരണവും അത്മായരാണ്. കൂട്ടായ്മകൾ മൂലമോ സംഘടന മൂലമോ മറ്റു ഏതു രീതിയിലെങ്കിലുമോ അത്മായ സാക്ഷ്യം സജീവമാക്കുന്നതിനു നാം മനസ്സിരുത്തി ചിന്തിക്കേണ്ടതാണ്. നമ്മുടെ സഭയുടെ ഈ പുതിയ പദ്ധതി വെറും ചിന്താമണ്ഡലങ്ങളിലോ ഭാവനാലോകത്തിലോ മാത്രം ഇരിക്കാതെ പ്രവർത്തിപന്ഥാവിലേക്കു കൊണ്ടുവരാം. ഈ സഭയിൽ ഇതിനെക്കുറിച്ചു ചർച്ച ചെയ്യുകയും വിശദാംശങ്ങളെക്കുറിച്ച് പഠിച്ച് ഉടനെതന്നെ പ്രവർത്തിയിൽ കൊണ്ടുവരുന്നതിനു ഒരു ചെറിയ കമ്മറ്റിയെത്തന്നെ നിയോഗിക്കുന്നതും ഉചിതമായിരിക്കും.

സഭൈക്യം ഇടങ്ങിയ മഹത്തായ കാര്യങ്ങൾ സാധിപ്പിച്ചുതന്ന ദൈവം സുവിശേഷാഭോക്ഷണാർത്ഥമുള്ള ഈ പുതിയ സമീപനവും നമ്മുടെ പുതിയ മാതൃകകളും അനുഗ്രഹിച്ചു ആശീർവദിക്കുമെന്നതിനു സംശയമില്ല.

പട്ടംകൊട ശുശ്രൂഷ

റവ. ജേക്കബ് വറുഗീസ്, റവ. സി. ജെ. ഭാസു, റവ. ഡബ്ലിയു. പി. വക്കി, റവ. പി. ഒ. വറുഗീസ്, റവ. ററി. വി. കുരുവിള എന്നീ അഞ്ചു മിയാക്കോന്മാരെ പ്രസ്ബിറ്റർ സ്ഥാനത്തേക്കു പ്രവേശിപ്പിക്കുന്നതിനുള്ള പട്ടംകൊട ശുശ്രൂഷ മാർച്ച് 1ന- വ്യാഴാഴ്ച കാലത്തു 9 മണിക്കു ഭദ്രാസനപ്പള്ളിയിൽ വെച്ചു സമുചിതം നടത്തപ്പെട്ടു. സ്ഥാനാർത്ഥികളെ പ്രത്യേകം ഉദ്ദേശിച്ചുള്ള ധ്യാനയോഗം അതിനുമുമ്പുള്ള രണ്ടു ദിവസങ്ങളിൽ മധുര ബിഷോപ്പു റൈറ്റ് റവ. ഏൽ. സൂബിഗ്രിൻ തിരുമേനി വി. യോഹന്നാൻ 13—17 അദ്ധ്യായങ്ങൾ അടിസ്ഥാനമാക്കി സ്വശോധനയ്ക്കും ആത്മികാഭിവൃദ്ധിക്കും ഉതകത്തക്കവണ്ണം നടത്തുകയുണ്ടായി. സ്ഥാനാർത്ഥികളായ അഞ്ചു പേരുടെ സ്വന്തക്കാരും ഇടവകക്കാരുമായി ഒരു നല്ല ജനക്രൂട്ടവും മുപ്പതോളം പട്ടക്കാരും ശുശ്രൂക്ഷയിൽ സംബന്ധിച്ചു. ഗായകസംഘത്തിന്റെ അസാന്നിദ്ധ്യത്തിൽ പട്ടക്കാരുടെ സംഘം തന്നെ സംഗീതത്തിന്റെ നേതൃത്വം വഹിച്ചു. സൂബിഗ്രിൻ ബിഷോപ്പു തിരുമേനിയുടെ പ്രസംഗമാണു മുഖ്യം നടന്നതു. വി. പൂർവ്വ. 12. 35—48 ആധാരമാക്കി സമുശ്രൂശ്രൂക്ഷകരെ കാവൽക്കാരും ഗൃഹവിചാരകന്മാരും സേവകന്മാരുമായി ചിത്രീകരിച്ചുകൊണ്ടു ചെയ്ത പ്രസംഗം പ്രബോധനം നൽകുന്നതും പ്രയോജനപ്രദവുമായിരുന്നു. തിരുമേനിയുടെ പ്രാരംഭ പ്രാർത്ഥനയുടെ ശേഷം പട്ടംകൊടുക്കുന്നതിനുള്ള അധികാരപത്രം റവ. തോമസ് ചെറിയാൻ വായിക്കുകയും റവ. എം. ജെ. ചാണ്ടി സ്ഥാനാർത്ഥികളെ ബിഷോപ്പു തിരുമേനിയുടെ പക്കൽ സമർപ്പിക്കുകയും ചെയ്തു. സമുദായാദ്ധ്യക്ഷന്റെ പ്രാർത്ഥനയ്ക്കു അവരെ ഭരമേല്പിച്ചതിന്റെ ശേഷം റവ. സി. ഐ. അബ്രഹാം ലിത്താനി പ്രാർത്ഥന നടത്തി.

തുടർന്നു സി. ഏബ്രഹാം ഐ. ക്രമപ്രകാരമുള്ള വിശുദ്ധ സംസ്കൃത ശുശ്രൂക്ഷയാരംഭിക്കുകയും വചനശുശ്രൂക്ഷയിൽ പഴയനിയമം റവ. കെ. ജെ. കുര്യനും ലേഖനം റവ. ഡബ്ലിയു. സി. വറുഗീസും സുവിശേഷം റവ. സി. കെ. ജോണും വായിക്കുകയുംചെയ്തു. ബിഷോപ്പിന്റെ പ്രബോധനവും ചോദ്യോത്തരങ്ങളും കഴിഞ്ഞു എപ്പിസ്കോപ്പൽ സിംഹാസനത്തിലിരുന്ന ബിഷോപ്പു തിരുമേനിയുടെ മുമ്പിൽ സ്ഥാനാർത്ഥികൾ ഓരോരുത്തർ മുട്ടുകുത്തുകയും തിരുമേനിമാരും പട്ടക്കാരും അവരുടെ തലമേൽ കൈവെച്ചു പ്രാർത്ഥിക്കയും വേദപുസ്തകം സമ്മാനിച്ചു അധികാരം നൽകുകയും കൈകൊട്ടത്തെഴുന്നേല്പിച്ചു സ്റ്റേറ്റൽ നേരെ ഇട്ടുകൊടുക്കുകയും ചെയ്തു. അനന്തരം വിശുദ്ധ സംസ്കൃതശുശ്രൂക്ഷയുടെ ശേഷം ഭാഗം നിർവ്വഹിക്കുകയും അപേക്ഷകളും ആശീർവ്വാദവും കൊണ്ടവസാനിപ്പിക്കയും ചെയ്തു. ശുശ്രൂക്ഷാനന്തരം സ്ഥാനാർത്ഥികളുടെ ക്ഷണപ്രകാരം വന്നിരുന്നവർ അവരുടെ വിരുന്നിൽ സംബന്ധിച്ചു സംതൃപ്തരായി മടങ്ങി. എല്ലാം മംഗളമായി നിർവ്വഹിച്ചതിനു ദൈവത്തിനു സ്തോത്രം.

വാർത്തകളും കുറിപ്പുകളും

പട്ടംകൊട ശുശ്രൂഷകൾ

പിരുമേട്ട്. ഈ മാസം 29ന- പെസഹായ്ക്കു പിമ്പു നാലാം ഞായറാഴ്ച 10 മണിക്കു പിരുമേട് സെൻറ് ജോർജ്ജ് ചർച്ചിൽവെച്ചു ബിഷോപ്പുതിരുമനസ്സുകൊണ്ടു ദൈവസഹായത്താൽ ശ്രീ സണ്ണി യേശുദാസിയൻ എം. എ. അവർകൾക്കു മിയാക്കോൻ പട്ടം കൊടുക്കുന്നതായിരിക്കും. ശുശ്രൂക്ഷയുടെ ഒരു ഭാഗം തമിഴിലായിരിക്കുന്നതാണ്. പ്രസംഗം റവ. കെ. ഐ. കോശിയച്ചൻ നടത്തുന്നതുമായിരിക്കും.

വെള്ളിക്കര. വിശു. പീലിപ്പോസിന്റെയും യാക്കോബിന്റെയും നാളായ മെയ് 1ന- ചൊവ്വാഴ്ച 10 മണിക്കു പൂവത്തൂർ ഇടവകയിൽ വെള്ളിക്കര വിശു. അന്ത്രയാസിന്റെ പള്ളിയിൽവെച്ചു മി. മാണി എം. ചാക്കോ ബി. എ., മി. ഐ. സി. കുര്യൻ എന്നിവർക്കും ബിഷോപ്പുതിരുമേനി മിയാക്കോൻപട്ടം കൊടുക്കുന്നതായിരിക്കും. തദവസരത്തിലെ പ്രസംഗം റവ. ററി. ജെ. വക്കിയച്ചൻ ചെയ്യുന്നതായിരിക്കും.

പട്ടംകൊടുക്കുന്നു മുമ്പുള്ള ധ്യാനയോഗം ഏപ്രിൽ 26, 27ന- കളിൽ കോട്ടയത്തു ബിഷോപ്പു മന്ദിരച്ചാപ്പലിൽ വെച്ചു നടത്തപ്പെടുന്നതാണു. മിശ്യൂശ്രൂക്ഷയ്ക്കായി വിളിക്കപ്പെട്ടിരിക്കുന്ന ഈ ദൈവമാസന്മാരുടെ വേൽക്കവേണ്ടി പ്രത്യേകം പ്രാർത്ഥനകൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

പരേതനായ സി. കെ. തോമസ് മാസ്റ്റർ

നമ്മുടെ ബിഷോപ്പുതിരുമേനിയുടെ മൂത്ത ജ്യേഷ്ഠസഹോദരനും ദീർഘകാലം സി. എം. എസ്സ്. കോളജദ്ധ്യാപകനും അദ്ധ്യക്ഷനുമായിരുന്ന മി. സി. കെ. തോമസു ജോലിയിൽനിന്നു വിരമിച്ചു പള്ളത്തിനു സമീപം പന്നിമറ്റത്തു സ്വഭവനത്തിൽ താമസിക്കവെ ഏതാനും മിനിയത്തെ അസ്വാസ്ഥ്യത്തിന്റെ ശേഷം മാച്ചു 12നു സന്ധ്യക്കു 81-ാമത്തെ വയസ്സിൽ നിര്യാതനാകയും 13നു വൈകുന്നേരം പള്ളത്തെ പള്ളിസെമിറ്റെറിയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. ബന്ധുമിത്രാദികളും പൂർവ്വവിദ്യാർത്ഥികളുമായി ഒട്ടുവളരെയാളുകൾ സംസ്കാരശുശ്രൂഷയിൽ സംബന്ധിക്കുന്നതിനു നേരത്തെ വീട്ടിൽ സന്നിഹിതരായി മൃതദേഹം ദർശിക്കയും അന്ത്യോപചാരം നിർവ്വഹിക്കയും ചെയ്തു. പ്രാരംഭശുശ്രൂഷ സമീപെയുള്ള പന്നിമറ്റം ചാപ്പലിൽ വച്ചു നാലു മണിക്കു നടത്തുകയും കോളജ് വൈസ് പ്രിൻസിപ്പാൾ റവ. എ. ബാഗ്ഷൊ കോളജിനേയും സി. എം. എസ്സിനേയും പ്രതിനിധീകരിച്ചു ഒരു ചരമപ്രസംഗം നടത്തുകയും ചെയ്തു. അനന്തരം എല്ലാവരും വിലാപയാത്രയായി പള്ളത്തെ വലിയ പള്ളിയിലേക്കു പോകയും തദവസരത്തിൽ അവിടെ എത്തിയിരുന്ന മാത്തോമ്മാ മെത്രാപ്പോലിത്തായും രണ്ടു എപ്പിസ്കോപ്പാമാരും ചേർന്നു ശുശ്രൂഷയുടെ രണ്ടാംഭാഗം നിർവ്വഹിക്കയും കമ്മീസ്സറി റവ. എം. ജെ. ചാണ്ടി പരേതന്റെ അപദാനങ്ങളെ കീർത്തിച്ചു ചരമപ്രസംഗം നടത്തുകയുമുണ്ടായി. ഒടുവിൽ പള്ളിക്കു സമീപമുള്ള സെമിറ്റെറിയിൽ പ്രത്യേകം തയ്യാറാക്കിയിരുന്ന കല്ലറയിൽ മൃതദേഹം സംസ്കരിക്കയും ചെയ്തു.

ദീർഘകാലം മഹായിടവക ബിഷോപ്പന്മാരുടെ സെക്രട്ടറിയും മിഷ്യൻ സ്കൂളുകളുടെ മാനേജരുമായിരുന്ന മി. റവ. കോരുതയുടെ സീമന്തപുത്രനായിരുന്ന മി. തോമസിന്റെ ബാല്യകാല വിദ്യാഭ്യാസം സി. എം. എസ്. കോളജ് സ്കൂളിൽ കഴിച്ചുകൂട്ടി മട്രിക്കുലേഷനും എഫ്. എ. യും പാസ്സായി മദ്ധ്യാസ ക്രിസ്ത്യൻ കോളജിൽ ചേർന്നു ബി. എ. യും ജയിച്ചു കോട്ടയത്തു കോളജ് ഹൈസ്കൂളിൽ തന്നെ ഒരദ്ധ്യാപകനായി 1900-ൽ ജോലിയിൽ പ്രവേശിച്ചു 7 വർഷം പ്രവർത്തിച്ചുകൊണ്ടിരുന്നു. അക്കാലമെല്ലാം കോളജിലെ മത്മാറിക്സദ്ധ്യാപകനായിരുന്ന പുതുപ്പള്ളിക്കാരൻ മാണിമാസ്റ്റർ നിര്യാതനാകയും അദ്ദേഹത്തിന്റെ സ്ഥാനത്തേക്കു രണ്ടു വർഷത്തെ ഉപരിപഠനത്തിനു ശേഷം കോളജു പ്രോഫെകനായി നിയമിക്കപ്പെടുകയും ചെയ്തു. ഒടുവിൽ 1927-ൽ കോളജിലെ പ്രിൻസിപ്പാൾ സ്ഥാനത്തിനു ഒഴിവുണ്ടായപ്പോൾ മി. തോമസിനെ കോളജദ്ധ്യക്ഷനായി നിയമിക്കയാണുണ്ടായതു്. അങ്ങനെ 12 വർഷം പ്രിൻസിപ്പാളായി പ്രശസ്തമാംവണ്ണം വിശ്വസ്തതയോടെ കോളജുഭരണം നടത്തിയതിന്റെ ശേഷം 1938-ൽ ജോലിയിൽനിന്നു വിരമിക്കയും ചെയ്തു. കോളജുപ്രവർത്തനത്തിലിരുന്ന കാലത്തെല്ലാം അതിനായിട്ടു താൻ ജീവിക്കുന്നുവെന്നു മറുള്ളവർക്കു ബോദ്ധ്യമാകത്തക്കവണ്ണം വിശ്വസ്തതയോടും കൃത്യനിഷ്ഠയോടും കൂടെ എല്ലാം നിർവ്വഹിച്ചുപോന്നു. കോളജിൽനിന്നുള്ള വിരമിക്കലിനെയറിഞ്ഞ സി. എം. എസ്സ്. സെക്രട്ടറിമാരും സർവ്വകലാശാലാനേതാക്കന്മാരും മി. തോമസിന്റെ സേവനത്തെ അഭിനന്ദിച്ചു രേഖപ്പെടുത്തി അറിയിക്കയും ചെയ്തിട്ടുണ്ട്. ശാന്തനും നിഷ്കളങ്കനുമായി വിദ്യാർത്ഥികളോടു പെരുമാറുന്നതിനും അവരുടെ അഭ്യുദയത്തെ കരുതി മയവായും സ്നേഹമായും വർത്തിക്കുന്നതിനും കഴിഞ്ഞതുകൊണ്ടു ശിഷ്യഗണങ്ങൾക്കെല്ലാം അതിയായസ്നേഹവും ബഹുമാനവും അവസാനംവരെ ഉണ്ടായിരുന്നു. തന്റെ വിരമാവസരങ്ങളിലും വേദാദ്ധ്യയനക്ലാസ്സുകൾ നടത്തുക, രോഗികളെ ചികിത്സിച്ചു ശുശ്രൂഷിക്കുക മുതലായ സൽപ്രവൃത്തികളിൽ താല്പര്യമുള്ളവനായിരുന്നതിനാൽ എല്ലാ ജാതിമതസ്ഥന്മാർക്കും തന്റെ ചരമം ഒരു ഖേദഹേതുകമായിത്തീരുകയും പലരും മൃതദേഹത്തിൽ പുഷ്പമാല്യം ചാർത്തുകയും ചെയ്തു. രോഗശയ്യയിൽ കഠിനമായ രോഗബാധയായി ഒന്നുമുണ്ടായിരുന്നില്ല. 12നു വൈകുന്നേരം ബിഷോപ്പുതിരുമേനി പതിവുപോലെ ചെന്നു കണ്ടു ഒരുമിച്ചിരുന്ന സംസാരിച്ച വേളയിൽ പെട്ടെന്നു തലചായിച്ചു കടന്നുപോകയാണുണ്ടായതു്. ദൈവത്തിന്റെ സ്നേഹകരങ്ങളിൽ ആത്മാവിനെ ഭരമേല്പിച്ചു പ്രാർത്ഥിച്ചു വിട്ടയക്കുന്നതിനു ഇരുപാട്ടുകാർക്കുണ്ടായിരുന്ന അനുഗ്രഹം അങ്ങനെ കർത്താവു നിവർത്തിക്കയും ചെയ്തു.

പരേതനായ കേണ്ണൽ വറുഗീസു

പരേതനായ ദിവാൻ ബഹദൂർ ഡോ. പി. വറുഗീസിന്റെ സീമന്തപുത്രനും ഇന്ത്യാ ഗവൺമെൻറിന്റെ ഹെൽത്ത് സേവ്വീസിൽ ഡെപ്യൂട്ടി ഡയറക്ടർ ജനറലുമായിരുന്ന പെൻക്യൂൻ പറേറി തിരുവല്ല കുറപ്പുഴ സപവസതിയിൽ ഏതാനും വർഷങ്ങളായി താമസിച്ചിരുന്ന ലഫ്. കേർണൽ ജി. വറുഗീസു ഏതാണ്ടു മൂന്നു മാസമായി കാൻസർ രോഗബാധിതനായിരിക്കവെ മാർച്ചു 25നു ഞായറാഴ്ച വെളുപ്പിനു 5 മണിക്കു 67-ാമത്തെ വയസ്സിൽ പരലോകപ്രാപ്തനായി. മാത്തോമ്മാസഭയിലെ ഒരു പ്രമുഖാംഗവും തിരുകൊച്ചിയിലെ ക്രൈസ്തവസമുദായത്തിലെ ഉത്തമനും മഹാനുമായ ഒരു വ്യക്തിയായിരുന്നു. സഭാസംബന്ധമായും സാമുദായികമായും പല ചുമതലകളും വഹിക്കയും പല സ്ഥാനങ്ങളും ഏല്ക്കുകയും ചെയ്തിട്ടുള്ളവയിൽ ക്രൈസ്തവപ്രമാണങ്ങൾക്കനുസരണമായി ആലോചനകൾ ചെയ്യുന്നതിനും കാര്യങ്ങൾ നടത്തുന്നതിനും യഥാശക്തി ശ്രമിച്ചിട്ടുണ്ട്. രോഗക്കിടക്കയിൽ നമ്മുടെ ബിഷോപ്പു തിരുമേനി ചെന്നു കാണുകയും പ്രാർത്ഥിക്കയും ചെയ്തുണ്ടായിരുന്നു. രോഗത്തിന്റെ കാഠിന്യത്തിലും അതിവേദനയിലും രക്ഷിതാവിലുള്ള ആശ്വാസത്തോടും പ്രത്യാശയോടും കൂടെയിരിക്കുന്നവനായിട്ടാണ് കണ്ടിട്ടുള്ളത്. "യേശു എൻ സ്വന്തം ഹാലല്യൂയ" എന്ന കീർത്തനം സ്വാനുഭവമാക്കി പാടുകയും പാടിക്കേൾക്കയും ചെയ്തതു ഇക്കൂട്ടത്തിലുണ്ടായിരുന്നു. ശവസംസ്കാരം അന്നു വൈകുന്നേരം 5 മണിക്കു കുറപ്പുഴ യരുശലേം പള്ളി സെമിറ്ററിയിൽ മാത്തോമ്മാ മെത്രാപ്പോലിത്താതിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും മറ്റു തിരുമേനിമാരുടെ സഹകരണത്തിലും ഒട്ടു വളരെ പട്ടക്കാരുടേയും ഒരു വലിയ ജനസംഘത്തിന്റെയും സാന്നിദ്ധ്യത്തിലും നിർവ്വഹിക്കപ്പെടുകയും ചെയ്തു.

നിർവ്വാതനായ മി. പി. ഒ. ശമുവേൽ

കോട്ടയം സർക്കാർ സ്കൂളിന്റെ പ്രഥമാദ്ധ്യാപകനും പിന്നീടു ഇൻസ്പക്ടർസു ആഫീസുമാനേജരുമായിരുന്നതിന്റെശേഷം ഗവൺമെൻറു സേവ്വീസിൽ നിന്നു വിരമിച്ചു പ്രഥമൻ മിഷ്യൻ സ്കൂൾ ഇൻസ്പക്ടർ, വൈ. എം. സി. എ. സെക്രട്ടറി, മാത്തോമ്മാ സുവിശേഷസംഘം സെക്രട്ടറി എന്നീ വിവിധ ജോലികളിലും സ്ഥാനങ്ങളിലും ഉജ്ജ്വലിതമായ ക്രൈസ്തവസേവനം നിർവ്വഹിക്കയും ചെയ്തിട്ടുണ്ട്. പ്രായാധിക്യത്താൽ ഒടുവിൽ ഉജ്ജ്വലപ്രവർത്തനത്തിൽ നിന്നെല്ലാം വിരമിച്ചു തിരുവല്ലായിൽ സപ്തവനത്തിൽ സപ്തസ്ഥമായി താമസിക്കവെയാണു മാർച്ചു 23നു വെള്ളിയാഴ്ച ഹൃദയസ്തംഭനംമൂലം പെട്ടെന്നു നിർയ്യാതനായതു്. മരിക്കുമ്പോൾ 81 വയസ്സുണ്ടായിരുന്നു. 20നു ചൊവ്വാഴ്ച 4 മണിക്കു മി. സാമുവേലിന്റെ വീട്ടിൽ വെച്ചാണു ബില്ലിഗ്രഹാം മിഷ്യൻ പിൻഗമനപ്രയത്നകമ്മറിയുടെയോഗം സി. കെ. ജേക്കബു ബിഷോപ്പുതിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്നതു്. തദവസരത്തിൽ മി. സാമുവേൽ വളരെ പ്രസന്നതയോടും ഉന്മേഷത്തോടും കമ്മറിയോഗത്തിൽ സന്നിഹിതനാകയും പങ്കുകൊളുകയും യോഗാവസാനത്തിൽ ഉപചാരപൂർവ്വം എല്ലാവരേയും യാത്രപറഞ്ഞയക്കയും ചെയ്തു. ശനിയാഴ്ച 4 മണിക്കു മാത്തോമ്മാ മെത്രാപ്പോലിത്താ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും അനേകം വൈദികരുടെയും ഒരു വമ്പിച്ച ജനാവലിയുടെയും സാന്നിദ്ധ്യത്തിലും സെൻറു തോമസു പള്ളിസെമിറ്ററിയിൽ സംസ്കാരശുശ്രൂഷ നടത്തപ്പെടുകയും ചെയ്തു.

ഒരു ചരമം.

കോട്ടയം ഭദ്രാസന ഇടവകയിൽ വേളൂർ സഭയുടെ അംഗമായ മി. മേലേഇരുപതിൽ പൌലൂസു, തന്റെ 73-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ രോഗത്താൽ 1956 മാർച്ച് 17നു ശനിയാഴ്ച മൃത്ത മകളുടെ ഗൃഹമായ പള്ളത്തു കാഞ്ഞിരം പറമ്പിൽ വച്ചു കർത്താവിൽ നിദ്രപ്രാപിച്ചു. മൃതദേഹം വേളൂരേക്കു ജലമാർഗ്ഗം കൊണ്ടുപോയി. പള്ളിയിൽ ചെന്നതി

നുശേഷം മെ. എം. പി. ശമുവേൽ, എ. സി. ജോസപ്പു, പി. പി. ജോൺ എന്നീ ഉപദേശി മാരുടെ ചരമപ്രസംഗങ്ങൾക്കുശേഷം അവരുടെ സഹായത്തോടുകൂടി സഭാപ്രവൃത്തകൻ മി. എൻ. എം. ശമുവേലിന്റെ പ്രധാന കാമ്മികത്വത്തിൽ ആയിരാഴ്ച പകൽ 2 മണിക്കു വേളൂർ സെന്റർ പോൾസു ചർച്ച് സിമിറ്ററിയിൽ സംസ്കരിക്കപ്പെട്ടു.

പരേതൻ കോട്ടയം ഇൻ: സ്ക്കൂൾ പഠിച്ചതിനുശേഷം മംഗലാപുരത്തു അയച്ചു കൊല്ലപ്പണി പഠിപ്പിക്കുകയും അതിനുശേഷം കോട്ടയം ഇൻ: സ്ക്കൂളിൽ കൊല്ലപ്പണിയുടെ ആശാനായിട്ടു കഴിഞ്ഞുകൂടുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല പരേതന്റെ ആത്മാർത്ഥമായ സഭാ മേധാസേവനങ്ങൾ ഈ സഭയ്ക്കു വളരെ അനുഗ്രഹകരമായിത്തീർന്നിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമാകുന്നു. തന്റെ പുത്രൻ മി. എം. പി. ജോൺ വാൻഗാർഡ് പ്രസ്സിൽ ഉദ്യോഗമാണ്.

ഇദ്ദേഹത്തിന്റെ വേർപാടുമൂലം ദുഃഖത്തിലിരിക്കുന്നവരെ ദൈവം ആശ്വസിപ്പിക്കട്ടെ.

എന്ന്

കൈക്കാരൻ, മി. സി. എം. ഡേവിഡു.

ചരമവാർത്ത. മഹായിടവകയിൽ പല ഭാഗങ്ങളിലും അദ്ധ്യാപകനായും ഇടവക പ്രവർത്തകനായുമിരുന്ന മി. പി. എസ്സ് ജോൺ രണ്ടുമാസത്തെ രോഗത്തിനുശേഷം മാർച്ച് 3നു രാവിലെ പാമ്പാടിയിൽ മകൻ റവ. പി. ജെ. സ്തീഫനച്ചന്റെ വസതിയിൽവച്ചു 76-ാമത്തെ വയസ്സിൽ നിര്യാതനായി. രണ്ടുമാസം ഹൃദ്രോഗബാധയിൽ കഷ്ടപ്പെട്ടെങ്കിലും അവസാനം വരെ സഹിഷ്ണുതയോടും ദൈവരക്ഷകനിലുള്ള അചഞ്ചല വിശ്വാസത്തോടും പ്രത്യാശയോടുംകൂടെയാണു കടന്നുപോയതു. പാമ്പാടി ആസ്പത്രിയിൽ ചികിത്സയിലിരുന്ന സമയത്തു ബിഷപ്പുതിരുമനസ്സുകൊണ്ടു മി. ജോണിനെ സന്ദർശിക്കയും പ്രാർത്ഥിക്കയും ചെയ്തു. രോഗകിടക്കയിൽ നിരവധി സുഹൃത്തുക്കളും വന്നു കാണുകയും തങ്ങളുടെ സഹതാപാനുഭവുറിയക്കയും ചെയ്തു. മൃതദേഹം നാലരമണിയോടെ പാമ്പാടിയിൽനിന്നു ചേലക്കൊമ്പിലേക്കു കൊണ്ടുപോകയും റവ. പി. എം. ജോർജ്ജ്, റവ. എ. എൻ. നൈനാൻ, റവ. ജോർജ്ജ് ജോൺ എന്നീ വൈദികരുടെ സഹകരണത്തിലും ബന്ധുമിത്രാദികളുടെ സഭാംഗങ്ങളുമായ ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിലും പള്ളിസെമിത്തേരിയിൽ മൃതശരീരം യഥാവിധി സംസ്കരിക്കപ്പെടുകയും ചെയ്തു. പരേതനു മൂന്നു പുത്രന്മാരും മൂന്നു പുത്രികളുമാണുള്ളത്. പുത്രന്മാരിൽ മൂത്തയാളാണ് റവ. പി. ജെ. സ്തീഫനച്ചൻ. ദുഃഖിതരെയെല്ലാം ദൈവം ആശ്വസിപ്പിക്കട്ടെ.

പെസഹാ മോദം

മനുഷ്യനു ദൈവത്തെ തോല്പിക്കാമോ? അതിനുദ്യമിക്കുന്നതു മോക്ഷപദമല്ലേ. എന്നാൽ അതിനുള്ള സ്വാതന്ത്ര്യം അവനുണ്ട്. ക്രൂശാണു അവന്റെ മഹാമോക്ഷപദം. എന്നാൽ ഒഴിഞ്ഞ കല്ലറ അവന്റെ മഹാതോൽവിയുടെ കാമ്മസ്സംഭമാണ്. ദൈവത്തിന്റെ വിജയകരമായ തിരിച്ചടിയുടെ സ്ഥാനവും അതുതന്നെ. നന്മയും തിന്മയും തമ്മിലുള്ള ദീർഘകാല സമരത്തിൽ അന്ത്യവിജയം ദൈവത്തിനു തന്നെയെന്നുള്ളതിന്റെ ഉറപ്പുമാകുന്നു അതു. പ്രസ്തുത വിജയത്തിന്റെ മഹാസന്ദർഭമാണു ന്യായമായ ഓരോ പെസഹാനാളും ക്രൈസ്തവസഭ വെളിപ്പെടുത്തുന്നതു. ഇരുണ്ടകാലത്തെ പുക്കുവിടാസത്തിൽ ഓരോ ആണ്ടിലും ഈ മഹത്വപ്രസ്താവം വെളിപ്പെടുന്നതായി കാണുന്നുണ്ടല്ലോ. അതെന്താണു നമ്മുടെ ഈലോകത്തിൽ എന്തെല്ലാമൊക്കെ കാണപ്പെട്ടാലും ജീവനുഭവപ്പെടുന്ന ശക്തികളാണു മരണശക്തികളേക്കാൾ പ്രാബല്യമേറിയതെന്നു തെളിവാണു. പെസഹാ ഘോഷിക്കുന്നതു മരണമില്ലാത്തവയുടെ വിജയമെന്ന മാത്രമല്ല ജഡത്തിന്മേൽ ആത്മാവിന്റെയും, ഭയത്തിന്മേൽ വിശ്വാസത്തിന്റെയും, നിരാശയുടെമേൽ പ്രത്യാശയുടേയും, മനുഷ്യകുടുക്കെട്ടിന്മേൽ ദൈവനിയന്ത്രണത്തിന്റെയും ശക്തിയുമാകുന്നു. മരത്തിൽ ജീവിച്ചുകൊണ്ടിരിക്കുന്നേ ഇക്കാലത്തിന്നപ്പുറത്തേക്കുള്ള ഒരു വീക്ഷണത്തെയും അവന്റെ മർത്ത്യശരീരത്തിന്റെ ഒരുപിടി മണ്ണിന്റെ മറുവശത്തെയും കുറിച്ചുള്ള നിശ്ചയവും തൻമൂലം കാലത്തിന്റെ ഓരോ അളവിന്മേലും നെയ്യുണ്ടാകുന്ന നിത്യതയുടെ മാതൃകയുമാണു അതു പ്രസാദിക്കുന്നതു. ഉയിർത്തെഴുനേറ്റ കർത്താവു തന്റെ പെസഹാ മഹത്വം

കൊണ്ടു പ്രപഞ്ചത്തെ പ്രകാശിപ്പിച്ചിരുന്നതിനാൽ അതിന്റെ പ്രഭയിൽ നാം കാലത്തിന്റെ അടിമകളെന്നുള്ള നിസ്സഹായതയുടെ തീർത്തുടങ്ങാത്തതെന്നു ഗ്രഹിക്കുന്നു. അപ്പുറത്തുള്ള കാഴ്ചകളെ കുറിച്ചുള്ള നമ്മുടെ അജ്ഞതകളെല്ലാം ഒരു സുപരിശോധനമായി അവൻ മാറിയിരിക്കുന്നു. നമ്മുടെ അസ്തമയങ്ങളെ അവൻ തന്റെ പുനരുത്ഥാനത്താൽ ഉദയങ്ങളാക്കിയതിനാൽ 'കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാരെന്നു നമുക്കു പറവാൻ കഴിയും.'

സത്യത്തെ മിണ്ടാതാക്കുന്നതിനും നന്മയെ അവഹേളിക്കുന്നതിനുമുള്ള ഒരു കളങ്കശ്രമമായിരുന്നു കാൽവറി. എല്ലാ ഒരാലോചനകളും അന്ത്യത്തിൽ പരാജയപ്പെടുന്നതുപോലെ അതും വിഫലമായി. ഒരു കളവിനെ ആണിതറച്ചില്ലാതെയാക്കാം എന്നാൽ സത്യത്തെ അങ്ങനെ ചെയ്യാൻ സാധ്യമല്ല. നന്മയെ ക്രൂശിനോടു ചേർത്തു ആണിയടിക്കാം എന്നാൽ കല്ലറയിൽ അതിനെ മൂടിവെക്കാൻ പാടില്ല. ദൈവം ദൈവമാകയാൽ കഴിച്ചിടപ്പെട്ട ഈ അവശതകൾ ഉയിർപ്പിന്നു മനുഷ്യഹൃദയങ്ങളിൽ സിംഹാസനം പ്രാപിക്കും. ഇന്നു മർത്ത്യനും ഒർരേണവും നടമാടുന്നെങ്കിലും സത്യവും നീതിയും നാളെ വിജയിക്കുമെന്നുള്ള ദൈവത്തിന്റെ നിത്യവെളിപാടാണു കർത്താവിന്റെ പുനരുത്ഥാനം. മശിഹനമറിയുന്ന തന്റെ ആയുസ്സിൽ വ്യാകുലാന്ധത വിചിത്രപോയെന്നുള്ള നൈരാശ്യത്തിൽ നിന്നു അവളെ ഉദ്ധരിച്ചു സന്തോഷക്ഷേമങ്ങളിൽ അവളെ നിറച്ചു. കുറ്റബോധത്തിലും മനസ്സാക്ഷിയുടെ കഷ്ടതകളിലും ബന്ധനത്തിലകപ്പെട്ടിരുന്ന പത്രോസിനെ തേടിപ്പിടിച്ചു ലജ്ജാതാപങ്ങളിൽ നിന്നു വിടുവിച്ചു സന്തുഷ്ടി വിശ്വസ്തയുടെ പാരമേൽ അവനെ നിർത്തി. ഏമ്മയൂസിനു പോയവരേയും വാതിലടച്ചിരുന്ന ശിക്ഷ്യന്മാരേയും അവരുടെ ക്ലേശനിരാശകളിൽ വിമോചിപ്പിച്ചു തന്റെ പുനരുത്ഥാന ജീവിതത്തിന്റെ ശക്തി ചൈതന്യത്താൽ ഉന്മേഷിതരാക്കിത്തീർക്കയും ചെയ്തു. നമുക്കും ഇപ്പോഴുള്ള വിശുദ്ധ വ്യാപാരണം കൊണ്ടു വിശിഷ്ട ഉയിർത്തെഴുന്നേല്പിന്നനുഭവംകൊണ്ടും പൊസഹാമോദത്തിന്റെയും സുവിശേഷപ്രകാശത്തിന്റെയും ഊർജ്ജിതപ്രവാഹകരായി പുരോഗമിക്കാം. ഉയിർത്തെഴുനേറ്റ കർത്താവിന്റെ ആജ്ഞ എന്തായിരുന്നു. "ഞാൻ നിങ്ങളോടു ഉപദേശിച്ചതൊക്കയും പ്രമാണിപ്പാൻ തക്കവണ്ണം സകല ജാതികളേയും എന്റെ ശിഷ്യരാക്കികൊൾവിൻ." എന്നാൽ റഷ്യൻ കൊമ്മൂണിസ്റ്റ് പാർട്ടി നേതാവു മി. ക്രൂഷ്ചേവ് കഴിഞ്ഞ ഡിസം. 17നു ചെയ്ത പ്രസംഗത്തിൽ എന്തു പറഞ്ഞു. "ഞങ്ങളുടെ പുഞ്ചിരിക്കുന്ന മാർക്സിന്റെയും ലനിന്റെയും നയങ്ങളിൽ നിന്നു ഞങ്ങൾ പിന്തിരിഞ്ഞെന്നു ആരെങ്കിലും കണക്കാക്കുന്നെങ്കിൽ അവർ തെറ്റിപ്പോയി. അതു പ്രതീക്ഷിക്കുന്നവർ ഈസ്റ്റർ ഒരു ചൊവ്വാഴ്ച സംഭവിക്കുന്നതു വരെ കാത്തിരിക്കേണ്ടിവരും." കൊമ്മൂണിസത്തിൽ ലയിച്ചുപോയിരിക്കുന്നവരെ നിങ്ങളുടെ നേതാവിന്റെ ബോധവും ബോധനവും ശരിയായി ഗ്രഹിച്ചുവോ—നിങ്ങളുടെ നിലപാടു സൂക്ഷിച്ചുകൊൾക—നമ്മുടെ നാട്ടിലെ രാഷ്ട്രീയപാർട്ടി അംഗങ്ങൾ പെട്ടെന്നു കക്ഷിമാറുന്നതുപോലെയുള്ള ഒരു കാഴ്ചമല്ല ഇതു. ഇതിനെല്ലാം ഒടുവിൽ കണക്കുകൊടുക്കേണ്ടിവരും.

ഹർത്താൽ. അമേരിക്കൻ പ്രസിഡന്റ് ഐസനോവറിന്റെ ഹൃദ്രോഗചികിത്സാ വിദഗ്ദ്ധൻ മാച്ചുമാസാവുസാനത്തിൽ ടോക്കിയോ നഗരപ്രാന്തത്തിൽ വെച്ചു പ്രസംഗമദ്ധ്യേ പ്രസ്താവിച്ചതു, ഭാവിയിലെ മരണങ്ങൾക്കു അധികവും കാരണമായിത്തീരുന്നതു ഹൃദ്രോഗമായിരിക്കുമെന്നാണു്. ഇപ്പോഴിടെ നമ്മുടെ ഇടയിൽ തന്നെ ഹൃദ്രോഗത്താൽ പലയാളുകളും മരിച്ചതായി നാം കേട്ടതല്ലോ. അമേരിക്കൻ ഐക്യരാജ്യങ്ങളിൽ സംഭവിക്കുന്ന എല്ലാ മരണങ്ങളിലും 52 ശതമാനം ഹൃദ്രോഗം മൂലമാണെന്നു കണക്കാക്കിയിരിക്കുന്നു. അതിന്റെ കാരണം ജനങ്ങൾ അധികം സുഖലോലുപരായി ജീവിക്കുന്നു എന്നുള്ളതാണു്. അതിന്റെ രണ്ടു പ്രധാന ഘടകങ്ങൾ വിശ്രമക്ഷീണവും ആഹാരമിച്ചുമായുമാണു്. സാധാരണയായി സ്നേഹിതർ തമ്മിൽ കണ്ടുമുട്ടുകയോ യാത്രയാക്കുകയോ ചെയ്യുമ്പോൾ ജീവിതസുഖം ആശംസിക്കുന്നതായ ഒരു പതിവുണ്ടല്ലോ. എന്നാൽ ഡോ. ബൈറ്റ് പറയുന്നതു അതൊരു ശരിയായ മംഗളാശംസ അല്ലെന്നാണു്. കഠിനാദ്ധ്വാനം ആരെയും കൊന്നിട്ടില്ല. ഇടയ്ക്കിടെ ഉപവാസം ആചരിക്കുന്നതു ആരോഗ്യത്തിനു തടസ്സമുണ്ടാക്കുന്നു. ഇന്ത്യയുടെ മെത്രാപ്പോലീത്താ തിരുമേനിയായിരുന്ന ഡോ. വെസ്കോട്ട് ഇന്ത്യയിൽ ബിഷപ്പായി നിയമിക്കപ്പെട്ട ഇംഗ്ലണ്ടിൽനിന്നു പോന്നപ്പോൾ തന്റെ പിതാവു വൈദികപണ്ഡിതനും സിദ്ധനുമായിരുന്ന വെസ്കോട്ട് ബിഷപ്പു മകനു മംഗളമാശംസിച്ചു എഴുതിയയച്ചതു നിനക്കു ഇന്ത്യയിൽ വളരെ അദ്ധ്വാനങ്ങളും പ്രയാസങ്ങളുണ്ടായിരിക്കട്ടെ എന്നാണു്. ശാരീരികമായും ആത്മികമായുമുള്ള ഗുണങ്ങളാണു അവയാലുളവാകുന്നതായി അദ്ദേഹം കണ്ടതു.

സർ ബർട്രാണ്ട് റസ്സൽ

കമ്മ്യൂണിസ്റ്റത്തെ പ്രതിരോധിക്കുന്നതിനുള്ള ഉത്തമമാർഗ്ഗമായി ബ്രിട്ടീഷ് തത്വജ്ഞാനശ്രേഷ്ഠനായ സർ ബർട്രാണ്ട് റസ്സൽ അവർകൾ പ്രസ്താവിക്കുന്നതിപ്രകാരമാണ്. ബുദ്ധിവിവേകവും അനുകമ്പയുമുള്ള മനുഷ്യർ എങ്ങനെയാണ സ്റ്റാലിന്റെ തടങ്കൽപാളയത്തിനു സമ്മതം നൽകുന്നതു? മാർക്സിന്റെ ഉപദേശങ്ങൾക്കു മുമ്പു എതിർപറഞ്ഞിട്ടുള്ളതിനേക്കാൾ ക്രൂരതയിട്ടാണ ഇന്നത്തെ കൊമ്മ്യൂണിസ്റ്റത്തെ അദ്ദേഹം എതിർക്കുന്നതു. ജനാധിപത്യത്തെ അപേക്ഷം തൃജിക്കുന്നതാണു അപകടകരമായിട്ടുള്ളതു, ഒരു രഹസ്യപ്പോലീസിന്റെ ശക്തിയിൽ ആശ്രയിച്ചിരിക്കുന്ന സൈനികശക്തിന്റെ നടപടികൾ ക്രൂരതരവും മർദ്ദനപരവുമാകാതെ തരമില്ല. സമ്പദ്ധിപത്യരാജ്യത്തിന്റെ മർദ്ദനത്തിൽനിന്നു രക്ഷപെടുന്നതിനു ചെയ്യ ആദ്യ നടപടികളും തൽഫലങ്ങളും കണ്ടറിഞ്ഞ് മാദിച്ചവർ മദ്ധ്യകാലഭയങ്കരത്വത്തിലേക്കു മടങ്ങുന്നവരായിട്ടു പിന്നീടു കാണപ്പെടുന്നു. രക്ഷൻരേണത്തിൽ കുറെയൊക്കെ അയവു വന്നിട്ടുണ്ടെന്നു ഇപ്പോൾ സമ്മതിക്കാമെങ്കിലും അതിനെക്കുറിച്ചു ശരിയായൊരു നിശ്ചയം ചെയ്യാൻ സാദ്ധ്യമല്ലാതെയാണിരിക്കുന്നതു. കൊമ്മ്യൂണിസ്റ്റത്തെ ഫലകരമായി പ്രതിരോധിക്കുന്നതിനുള്ള ഉത്തമ മാർഗ്ഗം യുദ്ധമല്ല ദാരിദ്ര്യത്തിന്റെ മേഖല ചുരുക്കുന്നതിനു ചെയ്യുന്ന ഊർജ്ജിത നടപടികളാണതെന്നെ.

തിരുക്കൊച്ചിയിലെ പ്രസിഡെണ്ടുഭരണം

നമ്മുടെ സംസ്ഥാനത്തെ മന്ത്രിസഭാകഴപ്പുള്ളും അധികാരം കൈകലാക്കുന്നതിനു ചില നേതാക്കന്മാർ കാട്ടിക്കൂട്ടിയ വിദ്യകളും സംസ്ഥാനഭരണത്തെ തകിടം മറിക്കയും ഒടുവിൽ കേന്ദ്രഗവണ്മെന്റു ഇടപെട്ടു നിവൃത്തിയില്ലെന്നു കണ്ടു പ്രസിഡണ്ടു ഭരണം ഏർപ്പെടുത്തുകയാണല്ലൊ ചെയ്തിരിക്കുന്നതു. രാഷ്ട്രനേതാവായി രാജപ്രമുഖനെ ഉപദേശിക്കുന്നതിനും ഭരണകാര്യം നിർവഹിക്കുന്നതിനുമായി കേന്ദ്രഗവണ്മെന്റു ഒരുദ്യോഗസ്ഥനെ അയക്കയും അദ്ദേഹം മാർച്ച് 26നു തിരുവനന്തപുരത്തെത്തി ചാർജ്ജെടുക്കയും ചെയ്തിരിക്കുന്നു. അദ്ദേഹത്തെ സഹായിക്കുന്നതിനു വിമാനമാർഗ്ഗമുത്തിൽ ചെന്നൈത്തിയ ഉദ്യോഗസ്ഥന്മാരോടും പത്രപ്രതിനിധികളോടും ഭരണ നിർവ്വഹണത്തിൽ അത്യന്താപേക്ഷിതമായിരിക്കുന്ന വ്യവസ്ഥകൾ പ്രസ്താവിച്ചുകേൾപ്പിക്കയുണ്ടായി. ഭരണം കാര്യക്ഷമവും നിഷ്പക്ഷവും സത്യസന്ധവുമാക്കുന്നതിനുള്ള നിഷ്കർഷയാണു ഡിപ്പാർട്ടുമെന്റു മേലുദ്യോഗസ്ഥന്മാർക്കും മറ്റധികാരികൾക്കും നല്കിയതു്. തിരുക്കൊച്ചി ഭാരതത്തിലെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു കൂടുതൽ വിദ്യാഭ്യാസവും സംസ്കാരവുമുള്ള ഒരു സംസ്ഥാനമെങ്കിലും അതിനോടൊപ്പം ധാർമ്മിക മൂല്യങ്ങൾ ആളുകൾക്കുണ്ടായിട്ടില്ല. ഒരു രാജ്യത്തിന്റെ യഥാർത്ഥമായ ഉന്നതിസാമ്പത്തികവും സംസ്കാരപരവുമായ അഭിവൃദ്ധിയെ ആശ്രയിച്ചല്ലിരിക്കുന്നതു. സാമർത്ഥ്യവും പ്രാപ്തിയുമുള്ള ഉദ്യോഗസ്ഥന്മാരുടെ കുറവല്ല പിന്നെയോ സത്യസന്ധതയും നിഷ്പക്ഷതയുമുള്ള നേതാക്കന്മാരെയാണാവശ്യം. ജീവിതത്തിലും നടപടികളിലും ദൈവത്തോടുള്ള ഉത്തരവാദബോധം ദൃഢമായിട്ടുള്ളവർക്കു മാത്രമെ മേൽ പറഞ്ഞ ധാർമ്മിക ഗുണങ്ങൾ ഉണ്ടാകയുള്ളു. അതില്ലാതെ കൌശലത്തങ്ങൾകൊണ്ടും സ്വാർത്ഥവിചാരകൾകൊണ്ടും കാര്യ സാദ്ധ്യം വരുത്തുന്നതിനു തത്രപ്പെടുന്ന നേതാക്കന്മാർ മൂലം ഒരുഭരണവും പാഴ് ചെലവുമില്ലാതെ ഉദ്ദിഷ്ടഫലപ്രാപ്തിയുണ്ടാകുന്നില്ല. വമ്പു പറയുന്നവരും പരദ്രോഹണം ചെയ്യുന്നവരുമായ ഭരണാധിപന്മാരല്ല ആവശ്യമായിരിക്കുന്നതു. താഴ്മയും കുറെ ബോധവും ദൈവാശ്രയവുമുള്ള ഭരണകർത്താക്കളാണാവശ്യം. താഴ്മയില്ലെങ്കിൽ ഒരു താഴ്ത്തലാവശ്യമായിവരും. അതിതാ വന്നിരിക്കുന്നു. ജനിതെയുള്ളവർ അയോഗ്യരായി ഭവിച്ചതിനാൽ എല്ലാവരേയും ഭരിക്കുന്നതിനു ഒരു വിദേശ്യൻ നിയമിതനായിരിക്കുന്നു. വിദ്യാഭ്യാസനിലയിൽ മികച്ചു നില്ക്കുന്നെന്നഭിമാനിക്കുന്ന തിരുക്കൊച്ചി സംസ്ഥാനത്താണു പ്രസിഡെണ്ടു ഭരണമേർപ്പെടുത്താനിടയായെന്നതു ലജ്ജാകരമല്ലയോ. ഇനിയെങ്കിലും നല്ലപാഠം പഠിച്ചു പുതിയ തിരഞ്ഞെടുപ്പവസരത്തിൽ യോഗ്യമായി പ്രവർത്തിച്ചു ഭരണകർത്തവ്യം ഭരമേല്പിക്കുന്നവർ പ്രസിഡെണ്ടുഭരണം വീണ്ടും ആവർത്തിക്കുന്നതിനുള്ള പരിതസ്ഥിതിക്കു കാരണമാകാതിരിക്കാൻ ആത്മാർത്ഥമായി അഭിലഷിക്കയും പ്രാർത്ഥിക്കയും ചെയ്യാം.

പ്രതിദിനവേദവായനക്കുറിപ്പുകൾ—ഏപ്രിൽ 1956

ഏപ്രി. (ബു). ലേവ്യാ. ഏഴ. ഫം—ഫഃ. ഒരു കുഷ്ഠരോഗിയുടെ ശുദ്ധീകരണത്തിൽ പാഠയത്തിനു അകത്തുള്ള കർമ്മം ഇവിടെ വിവരിക്കുന്നു. പാപയാഗം, അകൃത്യയാഗം, ഹോമയാഗം, ഭോജനയാഗം എന്നിങ്ങനെ നാല്വ യാഗങ്ങളാണു അവനുവേണ്ടി കഴിക്കേണ്ടതു. കുഷ്ഠം യാളത്തിക്കമായി ഉണ്ടാകുന്ന ഒരു തൊക്ക്രോഗം മാത്രമല്ല മനുഷ്യന്റെ അകൃത്യത്തിന്റെയും പാപത്തിന്റെയും ഫലമായിട്ടുണ്ടാകുന്ന ഒരു ശിക്ഷാവിധിയും ആണു. കുഷ്ഠരോഗി രക്തത്താൽ ശുദ്ധീകരിക്കപ്പെടുകയും (വാ ഏഴ) എണ്ണയാൽ പ്രതിഷ്ഠിക്കപ്പെടുകയും (വാ ഫ്യ) ചെയ്യുന്നു. പാപകുഷ്ഠത്താൽ അശുദ്ധരായ നമുക്കും പാപമോചനവും പ്രതിഷ്ഠയും അനുഭവപ്പെട്ടാൽ മാത്രമെ വിശുദ്ധ സഭയിൽ അംഗങ്ങളാകുവാൻ കഴിയുകയുള്ളൂ.

ഏപ്രി. (വ്യാ). ലേവ്യാ. ഏഴ. ഫ—ഫം. അഹരോന്റെ രണ്ടു പുത്രന്മാർ തങ്ങളോട് കല്പിച്ചതല്ലാത്ത അന്യാഗ്നി യഹോവയുടെ സന്നിധിയിൽ കൊണ്ടുചെന്നതിനാൽ കൊല്ലപ്പെട്ടു (ലേവ്യ. ഫം. ഫ—൭). അഹരോനോടും എല്ലാസമയത്തും കൃപാസനത്തിൽ മുമ്പിൽ ചെല്ലരുതു എന്നു കല്പിക്കുന്നു (വാ ൨). ചെല്ലുന്നതിനുള്ള വ്യവസ്ഥയും കൊടുത്തിട്ടുണ്ടു. പാപയാഗത്തിനും ഹോമയാഗത്തിനും ഉള്ള മൃഗങ്ങളെയും കൊണ്ടു വിശുദ്ധ മന്ദിരത്തിൽ കടക്കണം. വിശുദ്ധി ദൈവസന്നിധിയിൽ എത്ര ആവശ്യം യേശുക്രിസ്തുവിന്റെ പരമയാഗത്തിൽ നാം വിശ്വസിക്കുന്നതിനാൽ ഈ വിശുദ്ധീകരണം നമുക്കു ലഭിക്കുന്നു. അതല്ലാതെ വിശുദ്ധ സന്നിധിയിൽ പ്രവേശിക്കുന്നതു ശിക്ഷാർഹമത്രെ. നാം ആരാധനയ്ക്കായി ദൈവാലയത്തിൽ പ്രവേശിക്കുന്നതും, വിശുദ്ധ മേശയോടു സമീപിക്കുന്നതും ഇപ്രകാരമുള്ള അനുഭവത്തോടുകൂടെയാകുന്നുവോ? (അസസ്സേൽ എന്ന വാക്കിനു ഒഴിവുതയുടെ പിതാവു എന്നർത്ഥം).

ഏപ്രി. (വെ.) ലേവ്യ. ഏഴ. ഫ—ഫൻ. ലേവ്യപുസ്തകത്തിലെ ഏറ്റവും പ്രധാനപ്പെട്ട അദ്ധ്യായമാണു ഏഴാം അദ്ധ്യായം. എന്തെന്നാൽ ഇതു ദൈവവുമായുള്ള ഒരു സമ്പൂർണ്ണ നിരപ്പാക്കലിനെ സംബന്ധിച്ചു പ്രതിപാദിക്കുന്നു. ൧—ഫം വരെ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന യാഗത്തെ സംബന്ധിച്ചുള്ള കൂടുതൽ വിപുലമായ ഒരു വിവരണമാണു ഫ—൨൬ വരെ വാക്യങ്ങളിൽ കൊടുത്തിരിക്കുന്നതു. പുരോഹിതന്റെയും കുടുംബത്തിന്റെയും വിശുദ്ധീകരണം, ജനത്തിന്റെ വിശുദ്ധീകരണം, വിശുദ്ധ മന്ദിരത്തിന്റെ വിശുദ്ധീകരണം (ഫ, ൧൦, ൩൦, ൩൩). ഈ വിധത്തിലുള്ള ഒരു സമ്പൂർണ്ണ നിരപ്പാക്കൽ ആണു ദൈവം ഇന്നു തന്റെ സഭയെ സംബന്ധിച്ചും ആഗ്രഹിക്കുന്നതു. ഈ അവസ്ഥയിൽ നാം ആയിട്ടുണ്ടോ?

ഏപ്രി. (ശ). ലേവ്യ. ഏഴ. ൨൦—൩൪. ഇന്നലത്തെ ഭാഗത്തു വിവരിച്ചിരിക്കുന്ന പാപയാഗത്തിന്റെ തുടർച്ചയാണു ഈ ഭാഗത്തു വായിക്കുന്നതു. പാപയാഗത്തിനു കൊണ്ടുവരുന്ന ആട്ടുകൊറ്റന്മാരിൽ ഒന്നിനെ കൊല്ലുകയും മറ്റൊന്നിനെ മരുഭൂമിയിലേക്കു വിടുകയും വേണം. മരുഭൂമി എന്നതു ഒഴിവുതയുടെ പിതാവായ അസസ്സേലിന്റെ വാസസ്ഥലത്തെ കുറിക്കുന്നു. ജനത്തിന്റെ പാപം യാഗം മൂലമായി പിന്നീടു കണക്കിടാതവണ്ണം അകൃത്യമുള്ളതാക്കിയിരിക്കുന്നു എന്നു അർത്ഥം. ക്രിസ്തുയേശുവും തന്റെ യാഗത്താൽ അനുതപിക്കുന്ന ഏവരുടെയും പാപങ്ങളെ ഇനിമേൽ കണക്കിടാതവണ്ണം പൂർണ്ണമായി ക്ഷമിക്കുന്നു. ഈ പൂർണ്ണമായ പാപമോചനം നാം പ്രാപിച്ചിട്ടുണ്ടോ? നമ്മുടെ പാപങ്ങളെപ്പറ്റി പൂർണ്ണമായി അനുതപിച്ചു ഏറ്റുപറഞ്ഞിട്ടുണ്ടോ?

ഏപ്രി. (ഞാ.) ലേവ്യ. ഏൻ. ഫ—ഫവ. ഈ പുസ്തകം ൧൭ മുതൽ ൨൨ വരെയുള്ള അദ്ധ്യായങ്ങളിൽ വിശുദ്ധിയെ സംബന്ധിച്ചുള്ള കല്പനകൾ അടങ്ങിയിരിക്കുന്നു. വിശുദ്ധി എന്നതിൽ സാമൂഹികമായ ജീവിത വിശുദ്ധിയും ആരാധനയിലുള്ള വിശുദ്ധിയും ഉൾപ്പെടുന്നു. ഈ അദ്ധ്യായത്തിൽ പത്തു കല്പനകളിൽ ചിലതെല്ലാം എടുത്തു പറഞ്ഞിരിക്കുന്നു (അവ കണ്ടുപിടിക്കുക). അതു കൂടാതെ സാധുക്കളോടു കരുണ കാണിക്കുക (വാ ൯). മുഖപക്ഷം കൂടാതെ നീതി പ്രവർത്തിക്കുക (വാ ഏഴ). തെറ്റു കണ്ടാൽ ശാസിക്കുക (വാ ഫ൭). ഇങ്ങനെ

ചിലതുകൂടെ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ കല്പനകൾ എത്രമാത്രം നാം പാലിക്കുന്നു എന്നു പരിശോധിക്കുക.

ഹനുഷ്ക്കാ. (തി.) ലേവ്യ. ഉദ്ധ. ക—ക്ക. ശബ്ബത്തു സംവത്സരം, യോബേൽ സംവത്സരം ഇവയുടെ വിവരണങ്ങൾ. യോബേൽ എന്ന വാക്കിന്റെ അർത്ഥം 'മുട്ടാടിന്റെ കൊമ്പ്' എന്നാണു. യോബേൽ സംവത്സരം ആരംഭിക്കുന്ന പാപപരിഹാരദിവസം ദേശത്തെല്ലാടവും കാഹളം ഊതുന്നതിനു ഉപയോഗിക്കുന്ന (വാൻ) കൊമ്പിൽ നിന്നാണു ആ പേരു എടുത്തിട്ടുള്ളതു. മേൽ പറഞ്ഞ സംവത്സരങ്ങൾ വിക്രമത്തിന്റെയും വിടുതലിന്റെയും അവസരങ്ങളാണു. ഈ സംവത്സരങ്ങൾ അനുഷ്ഠിക്കുന്നതിനു പറയുന്ന കാരണം പ്രത്യേകം ശ്രദ്ധേയമാണു. നിന്റെ ദൈവത്തെ ഭയപ്പെടണം (വാ ക്യ). നമ്മുടെ എല്ലാ പ്രവർത്തനങ്ങളും ദൈവഭയത്തോടെ ചെയ്യേണ്ടതാണു. യഹോവയെ ഭയപ്പെട്ടു അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ (സങ്കീ. ക്വവ്വ. ക).

ഹ്യനു-. (ഛൊ). ലേവ്യ. ഉനു. ക—ഛം. ലേവ്യപുസ്തകത്തിന്റെ ഉപസംഹാരാദ്ധ്യായങ്ങളിൽ ഒന്നാണു ഇതു. ദൈവത്തിന്റെ വാഗ്ദാനങ്ങളും ശാസനകളും ഇതിൽ അടങ്ങിയിരിക്കുന്നു. ആദ്യത്തെ രണ്ടു വാക്യങ്ങളിൽ പത്തു കല്പനകളിൽ ദൈവത്തോടുള്ള മുറയെ സംബന്ധിച്ചു പറയുന്ന നാലു കല്പനകൾ ഉൾപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ചട്ടങ്ങളെ ആചരിച്ചു കല്പനകളെ പ്രമാണിച്ചാൽ ഉള്ള അനുഗ്രഹങ്ങൾ (വാ ന—ക്കഉ) എത്ര ആശ്ചര്യകരങ്ങളാകുന്നു. അവയെ ലംഘിച്ചു ജീവിച്ചാൽ ഉള്ള ശിക്ഷാവിധി (വാ ക്കഉ മുതൽ) എത്ര ഭയങ്കരം ഇതിൽ ഏതാകുന്നു നമ്മുടെ അനുഭവം എന്നു പരിശോധിക്കുക.

ഹ്വനു-. (ബു.) ലേവ്യ. ഉനു. ക്വം—ക്വനു. പതിനേഴാം അദ്ധ്യായത്തിൽ ആരംഭിക്കുന്ന വിശുദ്ധിയുടെ നിയമങ്ങൾ ഇവിടെ അവസാനിക്കുന്നു. പാപിയെ സ്നേഹിക്കയും പാപത്തെ വെറുക്കുകയും ചെയ്യുന്ന ദൈവത്തിന്റെ കരുണയും, ഭയവും, സ്നേഹവും അവസാനമായി നമ്മെ കാപ്പിക്കുന്നു. നാം അകൃത്യം ഏറുപറയുകയും ഏടയും താഴ്ത്തുകയും ചെയ്യുമ്പോൾ അവൻ നമ്മെ ഉപേക്ഷിക്കയില്ല, വെറുക്കുകയുമില്ല (വാ ക്വ, ക്വ). ഞാൻ യഹോവ ആകുന്നു (വാ ക്വ) എന്ന വാചകം ഈ അദ്ധ്യായങ്ങളിൽ പല പ്രാവശ്യം പറഞ്ഞിരിക്കുന്നു. ഇതു നാം ഏപ്പോഴും കാൎക്കേണ്ട ഒരു സത്യമല്ലേ.

ഹൻനു-. (വ്യാ). ഗലാ. ക. ക—ക്ക. ഗലാത്യ ലേഖനം എ. ഡി. 46-ൽ എഴുതപ്പെട്ടു. ഇതു പൗലൊസിന്റെ പുതിയ നിയമഗ്രന്ഥങ്ങളിൽ ഏറ്റവും ആദ്യത്തേതാകുന്നു. ഗലാത്യയിൽ നിന്നു വി. പൌലൊസ് മടങ്ങിപ്പോയതിനുശേഷം ചില യഹൂദക്രിസ്ത്യാനികൾ ജാതികളിൽ നിന്നു ക്രിസ്ത്യാനികളായവരെ വിശ്വാസത്തിൽ മറിച്ചു കളവാൻ ശ്രമിച്ചു എന്നുള്ള വാർത്തയാണു ഈ ലേഖനത്തിനു കാരണമാക്കിയതു. ഒരു പുറജാതിക്കാരൻ ക്രിസ്ത്യാനിയാകുന്നതിനു മുമ്പു പരിച്ഛേദനം എല്ലുണം എന്നു അവർ പ്രസംഗിച്ചു. വിശ്വാസത്തെ ശക്തിയോടെ ആക്രമിക്കുന്നു. മൂന്നു കാര്യങ്ങൾ ഈ ഭോഗത്തു ശ്രദ്ധിക്കാം (1) 'സത്യത്തിൽനിന്നു ഒരു ദൂതനാകട്ടെ' നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ' (വ്വാ). ഇന്നു ഇപ്രകാരമുള്ള ദൂതന്മാരാൽ അനേകർ വഞ്ചിക്കപ്പെടുന്നില്ലേ. (2) ''അവനെ എന്നിൽ വെളിപ്പെടുത്തിയിരിക്കുന്നു'' (ക്വനു വാ). 'എനിക്കു' എന്നല്ല വെളിപ്പാടു അവനിൽ അവസാനിക്കുന്നില്ല. അവനിലൂടെ മറുള്ളവരിലേക്കു പകരുന്നതിനത്രെ. ക്രിസ്തു നമ്മിൽ വെളിപ്പെടുമ്പോൾ മാത്രമെ നമുക്കു ശരിയായി സാക്ഷിക്കുവാൻ കഴിയുകയുള്ളൂ. (3) (ക്വനു, ക്വ വാ). ദമസ്കൊസ് റോഡിലെ അനുഭവം പൌലൊസിന്റെ പുതിയ ജീവിതത്തിന്റെ ആരംഭം മാത്രമായിരുന്നു. ഒരുവൻ എപ്പോഴും അവന്റെ മാനസാന്തരാനുഭവമല്ല, വളർച്ചയുടെ അനുഭവത്തെ സാക്ഷിക്കേണ്ടതു.

ഹാനു-. (ബെ.) ഗലാ. ക. ക്വവ—ഉദ; ഉ. ക—ക്കം. തന്റെ മാനസാന്തര അനുഭവത്തിനുശേഷം മൂന്നു വർഷം അറേബ്യയിൽ പാർത്തിട്ടു വി. പൌലൊസു യെരുശലേമിലേക്കു ഒരു രഹസ്യ സന്ദർശനം നടത്തുന്നു. എന്തിനു? കേഫാവുമായി മുഖപരിചയമാകുന്നതിനു.

മാനുഷിക അംഗീകാരമോ അധികാരമോ ലഭിക്കുന്നതിനല്ല. ക്രിസ്തുവിന്റെ അധികാരത്തിനു മേലായി ഒരു മാനുഷിക അധികാരവുമില്ല. സഹവിശ്വാസികളുമായുള്ള കൂട്ടായ്മയും ക്രിസ്തുസഭയുടെ ഐക്യതയും വിശ്വാസികളുടെ നിലനില്പിനു ആവശ്യമാകുന്നു. ഇന്നു ചിന്നിച്ചിതറിക്കിടക്കുന്ന സഭാവിഭാഗങ്ങൾക്കു ഇതൊരു നല്ല പാഠമല്ലേ.

൨൫൯. (ശ.) ഗലാ. ൨. ൧൬—൨൧. (1) ആചാരങ്ങൾക്കും പാരമ്പര്യങ്ങൾക്കും കീഴ്പ്പെട്ട ക്രിസ്തുവിന്റെ പ്രമാണങ്ങളെ ബലികഴിക്കുന്നതിനെ വി. പൌലൊസു ശക്തിയായി എതിർക്കുന്നു. ക്രിസ്തുസഭയിൽ ഇപ്പോഴും ചിലയിടങ്ങളിൽ നിലവിലിരിക്കുന്ന വഴുവണ്ണുവ്യാസങ്ങൾ ഇപ്രകാരം ശാസനാർഹമല്ലേ. യേശുക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നില്ല. (2) ൧൭, ൧൮ വാക്യങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന വർത്തമാനകാലം സൂക്ഷിക്കുക. ഞാൻ ജീവിക്കുന്നു, ക്രിസ്തു ജീവിക്കുന്നു, ഇപ്പോൾ ജീവിക്കുന്നതോ—പൌലൊസിന്റെ അനുസരണം ഭൂതകാലത്തെ പ്രമാണങ്ങളോടല്ല ജീവിക്കുന്ന ക്രിസ്തുവിനോടാകുന്നു.

൨൫൰. (ഞാ.) ഗലാ. ൩. ൧—൫. (1) യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായി... മയക്കിയതു ആർ! (൫ വാ). ഇതു അനേകരുടെയും അവസ്ഥയല്ലേ. നീ നയിക്കപ്പെടുന്നതു ക്രിസ്തുവിനാലോ അതോ സ്വന്തമായ അഭിപ്രായത്താലോ. ചിലപ്പോൾ മറ്റുള്ളവരെയും അന്ധമായി അനുകരിക്കുന്നില്ലേ. മുമ്പിൽ കാണുന്ന ചിത്രംപോലെ വരയ്ക്കാതെ ഇഷ്ടംപോലെയുള്ള ചിത്രങ്ങൾ വരയ്ക്കുന്നു. (2) ന്യായപ്രമാണം അനുസരിക്കുന്നതിനാൽ നമുക്കു തന്നെ മഹത്വം നേടുവാൻ നാം ശ്രമിക്കുന്നു. അപ്പോൾ നാം ശപിക്കപ്പെട്ടവർ. ക്രിസ്തുവിലുള്ള വിശ്വാസത്താൽ നീതീകരിക്കപ്പെടുമ്പോൾ മഹത്വം ക്രിസ്തുവിനു. അതു അനുഗ്രഹം.

൨൫൱. (തി.) ഗലാ. ൩. ൧൫—൨൨. അബ്രഹാമിനോടുള്ള ദൈവത്തിന്റെ വാഗ്ദത്തവും (൧൭ വാ). മോശെയ്ക്കു ദൈവം കൊടുത്ത ന്യായപ്രമാണവും മനുഷ്യനോടു ദൈവം ഇടപെട്ട രണ്ടു രീതികൾ ആണു. ന്യായപ്രമാണം പുറകെ നല്കിയതെങ്കിൽ അതു വാഗ്ദത്തത്തെ ദുർബലമാക്കുന്നില്ല. അവകാശം ദൈവം അബ്രഹാമിനു വാഗ്ദത്തംമൂലം നല്കി. അബ്രഹാമിനും അവന്റെ സന്തതിക്കും വാഗ്ദത്തങ്ങൾ ലഭിച്ചു. (൧൬ വാ). സന്തതി എന്ന ഏകവചനം വിശ്വാസികളുടെ കൂട്ടമാകുന്ന ക്രിസ്തുസഭയെ കുറിക്കുന്നു. നാം ക്രിസ്തുവിനുള്ളവർ ആകുന്നെങ്കിൽ അവകാശം അവൻമൂലം നമുക്കും ഉള്ളതാണു.

൨൫൲. (ചൊ.) ഗലാ. ൪. ൧—൭, ന്യായപ്രമാണത്തിനു അടിമപ്പെട്ടിരുന്ന യെഹൂദനും ലോകത്തിന്റെ ആദിപാഠങ്ങൾക്കു അടിമപ്പെട്ടിരുന്ന പുറജാതിയും ഒരുപോലെ ആയിരുന്നു. അതുകൊണ്ടു ക്രിസ്തു യെഹൂദനെയും പുറജാതിയെയും വിലയ്ക്കുവാങ്ങി പുത്രത്വം നല്കുന്നതിനായി ലോകത്തിൽവന്നു (൪ വാ). ഈ അനുഭവം നമുണ്ടാകുന്നതു ദൈവത്തിന്റെ അത്മാവിനാലത്രെ. ഒരിക്കൽ ക്രിസ്തുവിങ്കലേക്കു തിരിഞ്ഞതിനുശേഷം പഴയജീവിതത്തിലേക്കു തിരിച്ചുപോകുന്നതെങ്ങനെ എന്നു വി. പൌലൊസിനു മനസ്സിലാക്കുവാൻ പ്രയാസം. എങ്കിലും ഇന്നു അനേകരുടെ അവസ്ഥ അതല്ലേ. നമുക്കു ലഭിച്ചിരിക്കുന്ന അവകാശത്തെ നഷ്ടപ്പെടുത്താതിരിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കാം.

൨൫൳. (ബു.) ഗലാ. ൪. ൮—൨൩. സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. ആകയാൽ അതിൽ ഉറച്ചു നില്പിൻ (൧ വാ). സ്വാതന്ത്ര്യം എന്നതു എല്ലാകാര്യങ്ങളിലും നിയന്ത്രണമില്ലായ്മയല്ല. പിന്നെയോ സ്നേഹത്താൽ അന്യോന്യം സേവിക്കുന്നതിനുള്ള സ്വാതന്ത്ര്യമത്രെ (൧൩ വാ). ക്രിസ്തു നമ്മെ ആദ്യം സ്നേഹിച്ചതിനാൽ നാമും അന്യോന്യം സ്നേഹിക്കുന്നു. നാം അന്യോന്യം സ്നേഹിക്കുന്നു എങ്കിൽ ന്യായപ്രമാണം മുഴുവൻ പാലിക്കുന്നു. ഏകാന്തിയും പകയും ദൈവസന്നിധിയിൽ ശക്തിപ്പെടുന്നില്ല. ക്രിസ്തുയേശുവിൽ.....സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസമത്രെ കാര്യം (൬ വാ). ഒരു ക്രിസ്ത്യാനി ക്രിസ്തുവിന്റെ ഭാഗം ആകുന്നു. എന്നാൽ ഈ സ്നേഹമില്ലാത്തവൻ ക്രിസ്തുവിനോടു വേർപ്പെട്ടുപോയി. നീ ക്രിസ്തുവിന്റെ ഒരു ഭാഗമോ വേർപെട്ടവനോ?

൨൯൯൩-. (വ്യാ.) ഗലാ. ൫. ൨൯൯—൨൯൯. ജഡത്തിന്റെ പ്രവൃത്തികളും ആത്മാവിന്റെ ഫലവും. രണ്ടും ജീവതത്തെ ആകമാനം സ്പർശിക്കുന്നവയാണു. ജഡത്തിന്റെ മോഹം നിവർത്തിക്കാതിരിക്കുന്നതു അത്ര എളുപ്പമുള്ള കായ്യം അല്ല. എന്നാൽ ദൈവാത്മാവു നമുക്കു സഹായമായിട്ടുണ്ടു. ആത്മാവിന്റെ ഫലത്തെ മൂന്നായി വിഭജിക്കാം. ആദ്യത്തെ മൂന്നെണ്ണം—സ്നേഹം, സന്തോഷം, സമാധാനം ഇവ ദൈവത്തോടുള്ള നമ്മുടെ ബന്ധത്തെ കാണിക്കുന്നു. പിന്നത്തെ മൂന്നു മറ്റുള്ളവരോടുള്ള ബന്ധം—ദീർഘക്ഷമ, ദയ, പരോപകാരം—അവസാനത്തെ മൂന്നു നമ്മോടുതന്നെയുള്ളവ—വിശ്വസ്തത, സൌമ്യത, ഇന്ദ്രിയജയം—ആത്മാവിന്റെ ഫലത്തിന്റെ ലക്ഷണങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രകടമാകുന്നുവോ എന്നു പരിശോധിക്കുക.

൨൯൯൩-. (വെ.) ഗലാ. ന്യ. ൫—൨൯൯. ക്രിസ്തീയ ജീവിതത്തിൽ പ്രത്യേകിച്ചു സാധാരണ ജീവിതത്തിൽ നാം അനുകരിക്കേണ്ട ചിലപ്രമാണങ്ങൾ അപ്പൊസ്തലൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നു. (1) തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ (൬ വാ). (2) ഓരോരുത്തൻ താന്താന്റെ പ്രവൃത്തി ശോധനചെയ്യട്ടെ (൪ വാ). (3) ക്രിസ്തീയ പ്രവർത്തകരെ സന്ധിക്കുകയും സഹായിക്കുകയും ചെയ്യുക. അങ്ങനെ ചെയ്യാത്തവർ തന്നെത്താൻ വഞ്ചിക്കുന്നു. അവർ വിതെച്ചതുതന്നെ കൊയ്യും (൭ വാ). (4) തന്നെത്താൻ പ്രശംസിക്കരുതു. സഭയിൽ ഏതെങ്കിലും സ്ഥാനം വഹിക്കുകയോ സേവനം അനുഷ്ഠിക്കുകയോ ചെയ്യാൽ അതിൽ പ്രശംസിക്കരുതു. (5) ഓരോരുത്തനും യേശുവിന്റെ മുടന്തായും അവരുടെ ശരീരത്തിൽ വഹിക്കേണം അപ്പോൾ ദൈവത്തിന്റെ സമാധാനവും കരുണയും അനുഭവപ്പെടും.

൨൯൯൩-. (ശ.) യോനാ ക. ൫—൨൯൯. യോനാപ്രവചനത്തിന്റെ ഉദ്ദേശം യിസ്രായേലിനു ബാഹ്യലോകത്തോടുള്ള ചുമതലയെ ചൂണ്ടിക്കാണിക്കുകയാണു. യഹോവ എല്ലാ മനുഷ്യരുടെയും ദൈവം എല്ലാവരെയും കരുതുന്നു. എല്ലാവരുടെയും അനുതാപം കൈക്കൊള്ളുന്നു. ദൈവത്തിൽനിന്നു മറഞ്ഞിരിക്കുന്നതു എത്ര അസാദ്ധ്യം. അനു അറിയപ്പെട്ടിരിക്കുന്നതിൽ ഏറ്റവും അകലെ പടിഞ്ഞാറുള്ള ഒരു പട്ടണമായിരുന്ന തർശീശു. കപ്പലിന്റെ ഏറ്റവും ഉള്ളറയിലാണു യോനാ ഉറങ്ങിയതു. അവിടെ എല്ലാം ദൈവം അവനെ കണ്ടെത്തി. യോനാ കപ്പലിൽ കിടന്നുറങ്ങിയതും യേശുവരിക്കർ വള്ളത്തിൽ കിടന്നുറങ്ങിയതും താരതമ്യപ്പെടുത്തുക. ദൈവത്തിൽനിന്നു ഏറ്റവും അകന്നവനായി യോനാ ഉറങ്ങി ഉണർന്നപ്പോൾ കൊടുങ്കാറ്റു കുറെക്കൂടെ ഭയങ്കരമായി. യേശു ദൈവകരങ്ങളിൽ ക്ഷേമമായി ഉറങ്ങി. ഉണർന്നപ്പോൾ ശാന്തതയുണ്ടായി. നമ്മുടെ അനുഭവം ഇതിൽ ഏതാകുന്നു?

൨൯൯൩-. (ഞാ.) യോനാ ൬. ൫—൬൦. ദൈവത്തിങ്കൽനിന്നു അകന്നുപോയപ്പോൾ ഉണ്ടായ കഷ്ടതകളും പ്രയാസങ്ങളും യോനയെ ദൈവത്തിങ്കലേക്കു വീണ്ടും നടത്തി. കഷ്ടതകൾ വരുമ്പോൾ ചിലർ ദൈവത്തെ സംശയിക്കാറുണ്ടു. നമ്മുടെ കഷ്ടതകൾ നാം ദൈവത്തോടു അടുക്കുന്നതിനു മുഖാന്തരങ്ങൾ ആകട്ടെ. 'നനഞ്ഞിരിക്കുന്നതു ഞാൻ കഴിക്കും' (൯ വാ). നാം ദൈവത്തോടു ചെയ്തിട്ടുള്ള ഉടമ്പടികൾ എത്രമാത്രം പാലിക്കുന്നുണ്ടു്. രക്ഷ യഹോവയുടെ പക്കൽ ആകുന്നു. ഈ വിശ്വാസം നമുക്കുണ്ടെങ്കിൽ മാത്രമെ ഉടമ്പടികൾ പാലിക്കുന്നതിനു സാധിക്കയുള്ളു.

൨൯൯൩-. (തി.) യോനാ ന. ൫—൬൦. വീണ്ടും യോനായ്ക്കു ദൈവത്തിന്റെ അരുളപ്പാടു് ഉണ്ടാകുന്നു. അവൻ അസ്സിറിയായുടെ തലസ്ഥാനമായ മഹാനഗരമായ നിനവയിലേക്കു പോകുന്നു. ശുശ്രൂഷ്ണിയോടെ പ്രസംഗിക്കുന്നു. അതിന്റെ കാരണം നിനവെക്കാർ മാനസാന്തരപ്പെടണമെന്നുള്ള ആഗ്രഹമല്ല, അവരുടെ നാശം പ്രഖ്യാപിക്കണമെന്നുള്ളതത്രെ. മറ്റുള്ളവരുടെ മേലുള്ള ന്യായവിധി പ്രസ്താവിക്കുന്നതിനുള്ള ആസക്തി ഇന്നു നമ്മിലും അധികമായിട്ടില്ലേ. എന്നാൽ കരുണയുള്ള ദൈവം നിനവെക്കാരുടെ അനുതാപം കൈക്കൊള്ളുന്നു. മനുഷ്യന്റെ ഹൃദയപരിവർത്തനം ദൈവത്തിന്റെ മനോഭാവത്തിനും മാറ്റം വരുത്തുന്നു (൧൦ വാ). ദൈവം അനുതപിച്ചു നമ്മോടുള്ള ദൈവത്തിന്റെ മനോഭാവം നമ്മുടെ ഹൃദയത്തിന്റെ അവസ്ഥയെ അനുസരിച്ചിരിക്കും. നമ്മുടെ അനുതാപങ്ങൾ യഥാർത്ഥമായിട്ടുള്ളവയോ?

മെയ് ക്രമ. (ചൊ.) യോഹ. ര. ക—കക. ജാതികളുടെ പട്ടണമായ നിനവയെ ശിക്ഷിക്കുന്നതു് യോനായ്ക്കു മനസ്സിലാക്കാമായിരുന്നു. എന്നാൽ അവന്റെ പ്രവചനം നിവൃത്തിയാകാതെയും പട്ടണം നശിക്കാതെയും ഇരുന്നപ്പോൾ അവനു അത്യന്തം അനിഷ്ടമുണ്ടായി. ഇതു നമ്മുടെ ഓരോരുത്തരുടെയും ചിത്രമല്ലെ! നമ്മോടു ദൈവം കരുണ കാണിക്കുന്നതിനു തക്കതായ ന്യായങ്ങൾ നാം കണ്ടുപിടിക്കുന്നു. എന്നാൽ മറ്റുള്ളവരോടു, പ്രത്യേകിച്ചു അന്യമതസ്ഥരോടു കരുണ കാണിക്കുമ്പോൾ നമുക്കു നീരസവും അസൂയയും തോന്നുന്നു. ഇതു മോക്ഷകരമായ ജ്ഞത്തിന്റെ പ്രവൃത്തിയാകുന്നു. ജാതികളെ സംബന്ധിച്ചുള്ള ദൈവത്തിന്റെ കരുതൽ (കക വാ). ഭാരതത്തിൽ വസിക്കുന്ന വലങ്കയ്യും ഇടങ്കയ്യും തമ്മിൽ തിരിച്ചറിഞ്ഞു കൂടാത്ത ലക്ഷോപലക്ഷങ്ങളുടെമേൽ നമുക്കു അയ്യോഭാവം തോന്നേണ്ടതല്ലേ? വ്യക്തികളായും സഭയായും നാം ഇതിനു് എന്തുചെയ്യുന്നു?

ക്രമ. (ബു.) സങ്കീ. രം. ക—കട. ഈ സങ്കീർത്തനം വലിയവെള്ളിയാഴ്ച വൈകുന്നേരത്തെ ശുശ്രൂഷയിൽ വായിക്കുവാൻ നിശ്ചയിച്ചിട്ടുള്ളതാണു്. ഇതിനു രണ്ടു ഭാഗങ്ങൾ ഉണ്ടു്. (1) ക—കക, (2) കമ—കട. ഒന്നാമത്തെ ഭാഗത്തു ദൈവം സങ്കീർത്തനക്കാരനു നല്കിയ വിടുതലിനും വീണ്ടെടുപ്പിനുമായി അവൻ ദൈവത്തെ സ്തുതിക്കുന്നു. ദൈവത്തിന്റെ അത്ഭുത പ്രവൃത്തികളും നമുക്കുവേണ്ടിയുള്ള അവന്റെ വിചാരങ്ങളും വരച്ചുകാട്ടുന്നു. ഇതിനു പകരമായി അവൻ എന്തുചെയ്യണം. യാഗം കഴിക്കയല്ല. ദൈവത്തിന്റെ കല്പനകളെ അനുസരണത്തോടെ ശ്രദ്ധിക്കയത്രെ വേണ്ടതു്. അതിനായിട്ടാണു് ചെവികൾ തുളച്ചിരിക്കുന്നതു് (ന വാ). കമ—കട വരെയുള്ള ഭാഗം ൭൦-ാം സങ്കീർത്തനത്തിൽ വിശദമാക്കിയിട്ടുണ്ടു്. പൊതുവെ ഈ സങ്കീർത്തനം ക്രിസ്തുവിനെപ്പറ്റി പറഞ്ഞിരിക്കുന്നു എന്നും വിചാരിക്കാവുന്നതാണു്. ഇതിൽനിന്നും ഒരു ഭാഗം എബ്രായലേഖകൻ ക്രം അ. ൫ മുതൽ ഉദ്ധരിച്ചിട്ടുണ്ടു്. അതു ക്രിസ്തുവിനെ കുറിക്കുന്നു. ദൈവം ക്രിസ്തുമൂലം മനുഷ്യവർഗ്ഗത്തെ രക്ഷിച്ചിരിക്കുന്നതിനാൽ ഇതു നമ്മുടെ ഓരോരുത്തരുടെയും അനുഭവമായി കരുതാവുന്നതാണു്.

നക്രമ. (വ്യാ.) സങ്കീ. രമ. ക—കന്മ. ദൈവം എളിയവരെ സഹായിക്കുന്നു (ക—ന വാ). എളിയവർ എന്നതിനു രോഗികൾ, കഷ്ടപ്പെടുന്നവർ, പീഡിപ്പിക്കപ്പെടുന്നവർ എന്ന വിശാല അർത്ഥമാണുള്ളതു്. സങ്കീർത്തനക്കാരന്റെ അനർത്ഥങ്ങൾ (ര—ൻ വാ). സങ്കീർത്തനക്കാരൻ തന്റെ അനർത്ഥങ്ങളിൽ ആത്മവിശ്വാസത്തോടുകൂടെ ദൈവത്തോടു അപേക്ഷിക്കുന്നു (ക്രം—കമ വാ). എളിയവരായ നമ്മോടും ഉള്ള ദൈവത്തിന്റെ കരുതൽ ഇവിടെ കാണുന്നു. സങ്കീർത്തനക്കാരന്റെ അനുഭവം അക്ഷരപ്രകാരം നമുക്കും ഉണ്ടാകുന്നില്ലേ? അതുകൊണ്ടു സഹായത്തിനായി ആത്മവിശ്വാസത്തോടുകൂടെ നമുക്കും ദൈവത്തോടു അപേക്ഷിക്കാം.

രനു. (വെ.) സങ്കീ. രമ. ക—കക. നാല്പത്തിരണ്ടും, നാല്പത്തിമൂന്നും സങ്കീർത്തനങ്ങൾ ഒന്നു് ആയിരുന്നു. രണ്ടാമത്തേതിനു പ്രത്യേകമായി തലക്കെട്ടില്ല. രണ്ടുംകൂടെ മൂന്നു ഖണ്ഡികകൾ ആണു്. എല്ലാറ്റിന്റെയും അവസാനത്തിൽ ഒരേ പല്ലവി ആവർത്തിക്കുന്നു (രമ. ൫, കക; രനു. ൫). പ്രവാസത്തിൽനിന്നുള്ള വിടുതലിനെ ആഗ്രഹിച്ചുകൊണ്ടു് ഒരു പുരോഹിതനോ, ലേവ്യനോ എഴുതിയതാണിതു്. പ്രവാസദേശത്തു ദൈവത്തെ ആരാധിക്കുന്നതിനുള്ള യാതൊരു സൌകര്യമില്ലാതെയിരുന്നപ്പോൾ അവരുടെ പഴയ അനുഭവങ്ങളെ ഓർക്കുന്നു. അവസരങ്ങളെ നഷ്ടപ്പെടുത്തിയതിന്റെ ഫലം അവർ അനുഭവിക്കയാണു്. ദൈവത്തെ ആരാധിക്കുന്നതിനുള്ള അവസരങ്ങളും സ്വാതന്ത്ര്യവും ലഭിച്ചിരിക്കുന്ന നാം അവയെ നഷ്ടപ്പെടുത്തിയാലുള്ള വിപത്തിനെപ്പറ്റി ചിന്തിക്കുക.

ഇനു. (ശ.) സങ്കീ. രനു. ക—൫. രമ-ാം സങ്കീർത്തനത്തിന്റെ തുടർച്ചയായ മൂന്നാം ഖണ്ഡികയാണു് ഈ സങ്കീർത്തനം. ശത്രുക്കളിൽ നിന്നു അനുഭവിക്കുന്ന പീഡയുടെ കാഠിന്യം നിമിത്തം സങ്കീർത്തനക്കാരൻ ദൈവത്തെ നോക്കി വിളിക്കുന്നു. എല്ലാ അനർത്ഥങ്ങളിൽനിന്നും വിടുതൽ ലഭിക്കുന്നതിനുള്ള ഏകമാർഗ്ഗം പല്ലവിയിൽ കാണുന്നു. 'ദൈവത്തിൽ പ്രത്യാശവെക്കുക.' അവൻ എന്റെ മുഖപ്രകാശകരക്ഷ. അതായതു എന്നെ രക്ഷിച്ചു എന്റെ മുഖത്തെ പ്രകാശിപ്പിക്കുന്ന എന്റെ ദൈവം. ഈ അനുഭവം നിനക്കുണ്ടോ?

ന്നു. (ഞാ.) സങ്കീ. രൂ. ക—ക്കു. പൂർവ്വകാലത്തു ദൈവം യിസ്രായേലിനുവേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങൾ ഓർപ്പിയിച്ചുള്ള അവന്റെ പ്രവർത്തനത്തെ സംബന്ധിച്ചു അവർക്കു ഉറപ്പു നല്കുന്നു (ക—വ വാ). നമ്മുടെ ഭാവിയെ സംബന്ധിച്ചും നമുക്കു സംശയങ്ങളും ഭയങ്ങളും ഉണ്ടാകുമ്പോൾ നമ്മുടെ പൂർവ്വകാലത്തെ അനുഭവങ്ങൾ ഓർത്തു ധൈര്യപ്പെടാം. എന്നാൽ പൂർവ്വകാലത്തിനു വിപരീതമായ വിധത്തിൽ ദൈവം ഇപ്പോൾ പ്രവർത്തിക്കുന്നു എന്നു അവർ നിലവിളിക്കുന്നു. ദൈവത്തിന്റെ പ്രവർത്തനങ്ങൾ വ്യത്യാസപ്പെടുന്നതു നമുക്കു ദൈവത്തോടുള്ള ബന്ധത്തിൽ വ്യത്യാസം വരുമ്പോൾ മാത്രമാണ്.

൭നു. (തി.) സങ്കീ. രൂ. ക്വ—ഫ. യിസ്രായേലിനെ അവരുടെ അനർത്ഥങ്ങളിൽ നിന്നു വിടുവിക്കണമെന്നു നിരാശയോടുകൂടിയ ഒരു പ്രാർത്ഥനയാണ് ഇവിടെ കാണുന്നതു്. അവർ തങ്ങളെത്തന്നെ നീതീകരിക്കുവാനും ശ്രമിക്കുന്നു (ക്വ—ഫ വാ). എങ്കിലും ഒടുവിലായി ദൈവത്തിന്റെ മയയിൽ മാത്രം അവർ നമ്പുന്നു (ഫ വാ). നമ്മുടെ നിരീപ്രവർത്തികൾ അല്ല, ദൈവത്തിന്റെ മയയും കരുണയുമാണു് നമ്മെ നമ്മുടെ അനർത്ഥങ്ങളിൽ നിന്നു ഉദ്ധരിക്കുന്നതു്.

൮നു. (ചൊ.) സങ്കീ. രൂ. ക—ക്വ. ഒരു രാജാവിനു തന്റെ വിവാഹവേളയിൽ സമ്മാനിക്കുന്നതിനുള്ള മംഗളോപഹാരമായി ഈ സങ്കീർത്തനം എഴുതപ്പെട്ടിരിക്കുന്നു. രാജാവിനുള്ള വാക്കുകൾ (൨—൯) രാജകുമാരിക്കുള്ള വ (ക്വ—ക്ക) കുമാരിയെ സംബന്ധിച്ചു (ക്ക—ക്ഭ) വീണ്ടും രാജാവിനു (ക്കു—ക്വ). ഈ വിവാഹം ക്രിസ്തുവും സഭയോടുകൂടുന്ന മണവാട്ടിയും തമ്മിലുള്ള വേഴ്ചയെ കുറിക്കുന്നു. മണവാട്ടിയുടെ ഉത്തമലക്ഷണം ക്ഠാം വാക്യത്തിൽ കാണുന്നു. "സ്വജനത്തെയും നിന്റെ പിതൃഭവനത്തെയും മറക" ഇപ്രകാരമുള്ള ഒരു വർജ്ജനം, ത്യാഗം ഓരോ ക്രിസ്ത്യാനിക്കും ആവശ്യമാകുന്നു. (൧കൊ. ക്ക. ൨൩).

൯നു. (ബു.) സങ്കീ. രൂ൩. ക—ക്ക. ഈ സങ്കീർത്തനം മൂന്നായി ഭാഗിക്കാം. (1) ദൈവസംരക്ഷണത്തിലുള്ള വിശ്വാസം (വാ ക—൯). (2) സിയോനിൽ ദൈവസാന്നിദ്ധ്യം അതിന്റെ രക്ഷയാകുന്നു (വാ ൯—൭). (3) യിസ്രായേലിന്റെ രക്ഷയ്ക്കുവേണ്ടി ദൈവം ചെയ്തിട്ടുള്ള വീര്യപ്രവർത്തികൾ (വാ ൮—ക്ക). ഈ സങ്കീർത്തനത്തിന്റെ നിവൃത്തി സാവ്രതികസഭയിൽ കാണുന്നു. സഭയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുള്ള എല്ലാ പീഡനങ്ങളെയും അതിജീവിച്ചു സഭ ഇപ്പോഴും പുരോഗമിക്കുന്നു. വ്യക്തികളായും, കുടുംബങ്ങളായും, സഭയായും ഈ അനുഭവം നമുക്കും ഉണ്ടാകാവുന്നതാണ്,

൧൦നു. (വ്യാ.) സങ്കീ. രൂ. ക—൯. സകല ഭൂമിയിലെ ജാതികളുടെമേലും ദൈവമായ രാജാവിനുള്ള കർതൃത്വം ഇവിടെ വിവരിക്കുന്നു. അവൻ സകല ജാതികളെയും അവന്റെ കാൽക്കീഴാക്കുന്നു. ക്രിസ്തുവിന്റെ ഈ ലോകത്തിലെ വിജയത്തിനുശേഷം സ്വർഗ്ഗാരോഹണം ചെയ്തതിനാൽ സ്വർഗ്ഗത്തിനും കർത്താവാകുന്നു (വാ ൭). ഇപ്രകാരം സ്വർഗ്ഗത്തിനും ഭൂമിക്കും രാജാവായ ക്രിസ്തു നിന്റെ രാജാവും കർത്താവും ആകുന്നുവോ? ആകുന്നു എങ്കിൽ അവന്റെ സ്തുതി എപ്പോഴും നിന്റെ നാവിൽ നിന്നു ഉയർന്നു കൊണ്ടിരിക്കും. ദൈവത്തിനു സ്തുതി പാടുവിൻ, സ്തുതി പാടുവിൻ, നമ്മുടെ രാജാവിനു സ്തുതി പാടുവിൻ, സ്തുതി പാടുവിൻ (വാ ന്നു).

യൂത്തുകൌൺസിൽ

മഹായിടവക യുവജന സമ്മേളനത്തെ തുടർന്നു 28 ഏപ്രിൽ 1956, ശനിയാഴ്ച ഉച്ചതിരിഞ്ഞു 2 മണിക്കു യൂത്തു കൌൺസിലിന്റെ ഒരു യോഗം കോട്ടയം സി. എം. എസ്. ഹൈസ്കൂളിൽ വച്ചു നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം എല്ലാ യുവജന സഖ്യങ്ങളെയും അറിയിച്ചുകൊള്ളുന്നു. കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സഖ്യങ്ങളും തങ്ങളുടെ പ്രതിനിധികളുടെ പേരുവിവരം ഏപ്രിൽ 25നു മുമ്പായി സെക്രട്ടറിയെ അറിയിയ്ക്കുകയും അവരെ കൌൺസിലിലേക്കു അയയ്ക്കുകയും ചെയ്യണമെന്നു പ്രത്യേകം താല്പര്യപ്പെടുന്നു. രജിസ്റ്റർ ചെയ്തിട്ടില്ലാത്ത സഖ്യങ്ങൾ ഏപ്രിൽ 25 നു മുമ്പായി രജിസ്റ്റർ ചെയ്യുവാനുള്ളതാണ്.

സെക്രട്ടറി, യൂത്ത് ലീഗ് ആഫീസ്,
ചെട്ടിത്തെരുവു്, കോട്ടയം.

THE FAMILY FRIEND

കുടുംബപ്രിയവാദിനി

പുസ്തകം 48. ലക്കം 4 — എപ്രിൽ 1956

"ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു"

തകർന്നും നുറുങ്ങിയുമുള്ള ഹൃദയത്തോടെ ഭയപരവശയായി കർത്താവിന്റെ കല്ലറയ്ക്കൽ നിന്നു കരഞ്ഞ ആ സ്ത്രീയെ 'മറിയയേ' എന്നു അവളുടെ പേർ ചൊല്ലി വിളിച്ചതാരാണ്? വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ ജയോത്സവം കൊണ്ടാടി മരിച്ചവരിൽ നിന്നു ഉയിർത്തെഴുനേറ്റ മഹത്വത്തിന്റെ രാജാവായ നമ്മുടെ കർത്താവല്ലയോ? സ്വർഗ്ഗത്തിലെയും ഭൂമിയിലെയും സകല അധികാരവും ലഭിച്ചവനും മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ കൈവശമുള്ളവനും തന്നെ. യഹൂദഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായി ഭൂരാജാക്കന്മാർക്ക് അധിപതി ആയവൻ, "ഞാൻ നല്ല ഇടയൻ ആകുന്നു ഞാൻ എന്നിക്കുള്ളവയെ അറിയുന്നു" എന്നു തന്റെ ഐഹിക ജീവകാലത്തു പറഞ്ഞതുപോലെ തന്നെ തന്റെ പുനരുത്ഥാന ശേക്ഷവും തന്റെ ആടുകളെ പേരു പേരായി അറിയുകയും വിളിക്കയും ചെയ്യുന്നു. കണ്ണുനീർ ചൊരിഞ്ഞുകൊണ്ടിരുന്ന മറിയ അവളെ ധൈര്യപ്പെടുത്തുന്നതും ആശ്വസിപ്പിക്കുന്നതുമായ സ്വരത്തിലൂടെ മറിയയേ എന്ന മാധുര്യ ശബ്ദം കേട്ടതു. അതു അവളിൽ ഒരു പുതിയ ജീവൻ ഉളവാക്കി. തന്റെ പുനരുത്ഥാനത്തിന്റെ സാക്ഷിയാകാൻ അവളെ നിയോഗിക്കയുമുണ്ടായി. തനിക്കു വിരോധമായി പ്രവർത്തിപ്പാൻ മുതിർന്നുകൊണ്ടു ദമസ്കോസിലേക്കു പോയവനേ ശൗലേ, ശൗലേ, എന്നു പേർ ചൊല്ലി വിളിച്ചു തന്നെ പ്രത്യക്ഷനാക്കുകയും അവനെ തനിക്കു ഏറ്റം പ്രയോജനമുള്ള ഒരു പാത്രമാക്കിത്തീർക്കയും ചെയ്തുവല്ലോ.

പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്ന കർത്താവു നമ്മെ പേരുപേരായി അറിയുന്നു എന്നതു എത്ര ധൈര്യപ്രദമായ ചിന്തയാണു. ഹൃദയകാഠിന്യത്താലോ, ലോകത്തിന്റെ പലവിധമായ ചിന്താകുലത്താലോ അവന്റെ വിളി കേൾക്കാതിരിക്കുന്ന അപകടം നമ്മിൽ ആർക്കും ഉണ്ടാകാതിരിക്കട്ടെ. 'ഗുരുവന്നിട്ടുണ്ടു, നിന്നെ വിളിക്കുന്നു' എന്നു മാർത്താ സഹോദരിയോടു പറഞ്ഞതുപോലെ ദുഃഖാധീകൃത്തിൽ ഇരിക്കുന്ന പലരോടും അവന്റെ വിളിയെ നമുക്കും ഓർപ്പിക്കാമല്ലൊ.

ഒരു ഇടയൻ ആടുകളെ എന്നപോലെ ഇന്നു കൃപാസനത്തിൽ ഇരുന്നു നമ്മെ പേർ ചൊല്ലി വിളിക്കുന്ന കർത്താവു തന്റെ ന്യായാസനത്തിൽ ഇരുന്നുകൊണ്ടും നമ്മെ ഓരോരുത്തരെയും പേർ ചൊല്ലി വിളിക്കുന്ന ഒരു സമയം വരുന്നു. "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തു നല്ലതാകിലും തിയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു." 2കൊരി. 5. 10. എത്ര ഗൗരവമേറിയ ഒരു ഉണർത്തലാണു ഇതിൽ അടങ്ങിയിരിക്കുന്നതു.

സ്ഥാപനയോ, ഇടവകയോ, കുടുംബമോ, സംഘടനയോ ആയിട്ടല്ല ഓരോരുത്തരായിട്ടത്രേ ന്യായാസനത്തിന്റെ മുമ്പാകെ നിൽക്കുണ്ടതെന്നുള്ള സത്യം നമുക്കു മറക്കാതിരിക്കാം. ഒരു വേനത്തിലെ കാവൽക്കാരായി വിളിക്കിരിക്കുന്ന നമുക്കു നമ്മുടെ ചുമതലയിൽ പെട്ടവരുടെ രക്ഷയ്ക്കായി ഭയത്തോടും വിറയലോടും കൂടെ പ്രവർത്തിക്കാം.

S. T.

സ്ത്രീജനസഖ്യവാർത്തകൾ

പെരുമ്പാവൂർ. മൂവാറ്റുപുഴ ഇടവകയിലെ സ്ത്രീജന സഖ്യ ധ്യാനയോഗം ഈ അടുത്തിടെ പെരുമ്പാവൂർ വെച്ചു ഒരു നല്ല കൂട്ടായ്മയോഗമായിത്തന്നെ നടന്നിരിക്കുന്നു. മലങ്കര, പെരുമ്പാവൂർ എന്നീ സഭകളിലെ അമ്മമാർ അന്നുതന്നെ സ്ത്രീജനസഖ്യ ഫണ്ടിലേക്കു 45 രൂപാ ഭരമേല്പിക്കയും ചെയ്തു എന്നതു പ്രസ്താവ്യമാണ്. മറ്റു ആരെയും ഓർപ്പെടുത്താതെ ഭക്ഷണപ്രശ്നം പരിഹരിച്ചു ഔദാര്യമുള്ള കൈകളും പെരുമ്പാവൂർ ഉണ്ടായിരുന്നു.

വാഴൂർ. ആളുകൾ എണ്ണത്തിൽ ചുരുക്കമെങ്കിലും സ്ത്രീജനസഖ്യ കായ്യോഗികൾ വീഴ്ച കൂടാതെ നിർവ്വഹിക്കണമെന്നു ആഗ്രഹിച്ചു ശ്രദ്ധയോടെ പ്രവർത്തിക്കുന്ന ചിലർ ഉണ്ടെന്നു പറയാതിരിക്കാൻ തരമില്ല. എത്രയും പ്രയോജനമായ പാഠങ്ങൾ അടങ്ങിയ കമ്മിക്കൾ, പ്രസംഗങ്ങൾ, ചായസൽക്കാരം എന്നിങ്ങനെ വിവിധ പരിപാടികളോടുകൂടി മാച്ചുമാസം 19-ാം തങ്ങളുടെ വാർഷിക യോഗവും ഭംഗിയായി കൊണ്ടാടിയിരിക്കുന്നു.

ആലപ്പുഴ. വരവുചെലവു കായ്യാദികൾ, ആത്മീക പുരോഗമന മാർഗ്ഗങ്ങൾ, ഭരണപരമായ വ്യവസ്ഥകൾ, എന്നുവേണ്ട പലതിലും മെച്ചമായ നിലയിൽ മുമ്പോട്ടു പോകുന്ന ഒന്നാണു ആലപ്പുഴ സ്ത്രീജനസഖ്യം എന്നു പറയാതിരിപ്പാൻ തരമില്ല. മാച്ചുമാസം 24-നു ഉപസഭാംഗങ്ങളെ കൂടി ഉൾപ്പെടുത്തിയുള്ള ധ്യാനയോഗവും വാർഷികവും എല്ലാം ഭംഗിയായി നടത്തി. ഒത്തുചേർന്നുള്ള ഉച്ചക്ഷണവും ചായകുടിയും തങ്ങളുടെ ഒന്നിച്ചുള്ള കൂട്ടായ്മയെ പുലർത്തുകതന്നെ ചെയ്തു.

ഏനാത്തു്. ആണ്ടിൽ ഒരിക്കൽ ഒന്നിച്ചു കൂടി തങ്ങളുടെ വാർഷികപ്പണം സമർപ്പിക്കുക, പ്രാർത്ഥനായോഗം നടത്തുക എന്നിത്യാദി കായ്യങ്ങളിൽ ഏനാത്തു സ്ത്രീജനസഖ്യം ഒട്ടും പിന്നോക്കമില്ല. മാച്ചുമാസം 27-നു നടന്ന വാർഷിക യോഗസമയം സ്ത്രീജനസഖ്യഫണ്ടു്, സ്ത്രീപ്രവർത്തകഫണ്ടു്, എന്നിവയ്ക്കായി 10 രൂപാ വീതം ഏല്പിച്ചതു തങ്ങളെ സംബന്ധിച്ചു സൂത്യർഹമായ സംഗതി തന്നെ.

S. T.

മിസ്സസ് ഇ. സി. ജോൺ. റവ. ഇ. സി. ജോണച്ചൻ വിവാഹം ചെയ്ത ജർമ്മൻ വനിതയുടെ പേരു യൂലിയാ എന്നല്ല യൂലിയാനാ എന്നാണു്. പ്രസ്തുത വനിത ഡോർണകലിലും വിജയവാടയിലും ഒരു സി. എം. എസ്സ്. മെഡിക്കൽ മിഷ്യനറിയുമായിരുന്നെന്നറിയിച്ചിരിക്കുന്നു. അച്ചനും ബന്ധിയാമ്മയും തിരുവല്ലായിൽ കുറപ്പുഴ ഒരു വീട്ടിൽ താമസമാക്കിയിരിക്കുന്നെന്നറിയുന്നു.

നോട്ടീസ്

മുൻകൊല്ലങ്ങളിലെപ്പോലെ ഈ യാണ്ടിലും 1956 ജൂൺ 1-ാം തീയ്യതി മുതൽ 1957 മാച്ചു വരെ ബെഥേൽ ആശ്രമത്തിൽ വച്ചും സെൻറു മോണിക്കായിൽ വച്ചും ഒരു വേദപഠന ക്ലാസ്സ് നടത്തപ്പെടുന്നതാണ്. പ്രയോജനകരമായ മറ്റു വിഷയങ്ങളും പഠിപ്പിക്കുന്നതാണ്. 6-ാം ഫോറം സ്റ്റാൻഡാർഡു വരെ ഉള്ള ചെൺകുട്ടികൾക്കു ഇതു സത്യക്രിസ്തീയ ഭവനജീവിതത്തിനും, പള്ളിയാരാധനയ്ക്കും സഹായകരമായി പ്രയോജനപ്പെടുത്തുമെന്നു ആശിക്കുന്നു. ഒരു മാസത്തെ ശരാശരി ഫീസ് 12 രൂപയാണ്. മേൽവിലാസം എഴുതി സ്റ്റാമ്പു് ഒട്ടിച്ച കവറുകൾ അടക്കം ചെയ്തു, എഴുതിച്ചോദിക്കുന്ന പക്ഷം വിശദവിവരങ്ങൾ അയച്ചുതരുന്നതാണ്. ഈ നോട്ടീസു് പ്രസിദ്ധപ്പെടുത്തുന്ന സമയം മുതൽ (പൂർണ്ണമായ പേരും, മേൽവിലാസവും, വയസ്സും, വിദ്യാഭ്യാസ യോഗ്യതയും, സ്വഭാവിശേഷവും കാണിച്ചു അയക്കുന്ന) അപേക്ഷകൾ സ്വീകരിക്കുന്നതാണ്.

സിസ്റ്റർ ഇൗഡിത്ത്, ബെഥേൽ ആശ്രമം, കുറപ്പുഴ, തിരുവല്ലാ.
അല്ലെങ്കിൽ
മിസ്സ് ഇ. എം. ഡോൾറൻ, സെൻറ് മോണിക്കാസ്, കാണക്കാരി,
ഏറ്റുമാനൂർ.

ക്രിസ്തീയ കൂട്ടായ്മകളുടെ 17-ാമതു അഖിലകേരള പ്രതിനിധി സമ്മേളനം

കേരളത്തിൽ വിവിധ സഭാവിശ്വാസത്തിലുള്ള ദൈവമക്കളുടെ കൂട്ടായ്മയ്ക്കും ആത്മീക പുനരുജ്ജീവനത്തിനുമായി ദൈവകൃപയിലും നടത്തിപ്പിലും ആശ്രയിച്ചുകൊണ്ടു് ക്രമീകരിക്കപ്പെട്ടിരിക്കുന്ന പ്രസ്തുത സമ്മേളനം ഏപ്രിൽ 16-ാം തീയതി 10 മണി മുതൽ 18-ാം തീയതി 2 മണി വരെ തലവടി സി. എസ്സ്. ഐ. പള്ളിയിൽവച്ചു നടത്തുന്നതാണ്.

അലഹബാദ് ബൈബിൾസെമിനാരി പ്രിൻസിപ്പാളായ ഡോക്ടർ വെസ്ലി ഡ്യൂവൽ, മദ്രാസ് ബൈബിൾ സെമിനാരി പ്രിൻസിപ്പാളായ ഡോക്ടർ ഡേവിഡ് റിഗ്ബി എന്നീ ദൈവഭൃത്യന്മാർ പ്രസംഗകരായിരിക്കും.

സുവിശേഷഭാഷിണി

പുസ്തകം 48. ലക്കം 4 — ഏപ്രിൽ 1956

നമ്മുടെ പള്ളികളിലെ ഗായകസംഘങ്ങൾ

(KORA C. KURIYAN B. Sc.)

കഴിഞ്ഞലക്കം മാസികയിൽ ശ്രീ ജോജ്ജ് ഏം. കോശിയുടെ ഒരു ലേഖനം ഈ ശീർഷകത്തിൽ കണ്ടു. ആ ലേഖനത്തിന്റെ ഉദ്ദേശം എന്താണെന്നു അദ്ദേഹംതന്നെ അതിന്റെ അവസാനഭാഗത്തു പറഞ്ഞിട്ടുണ്ടായിരുന്നല്ലോ. എന്നാൽ അതിൽനിന്നും വ്യത്യസ്തമായ മറെറാരു ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഇതെഴുതുന്നതു്.

നമ്മുടെ പള്ളികളിലെ ഗായകസംഘങ്ങൾ പള്ളികളിലെ ആരാധന ഹൃദ്യമാക്കുന്നതിനു ഉദ്ദേശിച്ചുള്ളവയാണല്ലോ. എന്നാൽ ഇപ്പോൾ കാണുന്നവിധത്തിലുള്ള അതിന്റെ പ്രവർത്തനം ആ ഉദ്ദേശപ്രാപ്തിക്കു പയുക്തമാണൊ എന്നു ഒന്നു പരിശോധിച്ചാൽ കൊള്ളാം. ഗാനങ്ങൾ നമ്മുടെ പള്ളിയാരാധനയിൽ പ്രധാനമായ ഒരു ഭാഗം വഹിക്കുന്നുണ്ടെന്നുള്ളതു പരമാർത്ഥമാണ്. എന്നാൽ ആ ഗാനങ്ങൾ പള്ളിയിൽ സംബന്ധിക്കുന്ന ആളുകൾ ഒന്നുചേർന്നു പാടിയെങ്കിൽ മാത്രമേ അതിൽ സംബന്ധിക്കുന്നവർക്കു എന്തെങ്കിലും ഒരു ആത്മീയപ്രചോദനം ലഭിക്കയുള്ളു. എന്നാൽ ഗായകസംഘങ്ങൾ വളരെ ഉന്നതനിലവാരം പുലർത്തുന്നു എന്നഭിമാനിക്കുന്ന നമ്മുടെ പള്ളികളിലെ ആരാധനയിൽ സംബന്ധിക്കുന്ന ഭൂരിപക്ഷം ആളുകളും മൂകരായി വെറും കേൾവിക്കാരും കാഴ്ചക്കാരും മാത്രമായി നില്ക്കുന്നതായിട്ടാണ് കാണുന്നതു്. ഒരു നാടകശാലയിലെ ആളുകളുടെ പ്രതീതിയാണ് അപ്പോഴുണ്ടാകുന്നതു്. പ്രത്യേകം പരിശീലനം സിദ്ധിച്ച ചില നടീനടന്മാർ അഭിനയിക്കുന്നു—പാടുന്നു. കാണുവാനും കേൾക്കുവാനും ചിലർ വന്നിരിക്കുന്നു. ഗായകസംഘങ്ങൾക്കിത്രത്തോളം ആലങ്കാരികപ്രാധാന്യം കൊടുത്തിട്ടില്ലാത്ത പള്ളികളിലേക്കൊന്നു നോക്കുക. പള്ളിയാരാധനയിൽ സംബന്ധിക്കുന്ന വ്യക്തികൾ എല്ലാം—ബാലനും, വൃദ്ധനും, യുവാവും, യുവതിയും, കുഞ്ഞനും, കുചേലനും—എല്ലാം ഒത്തൊരുമിച്ചു തങ്ങളുടെ അധരങ്ങൾകൊണ്ടു ദൈവത്തെ പാടി പുകഴ്ത്തുന്നു —എത്ര മനോഹരമാണ് ആ ആരാധന! എത്ര സന്തോഷകരമാണ് ആ അനുഭവം! പള്ളിയിൽവന്ന എല്ലാവർക്കും ആ ആരാധനയിൽ സംബന്ധിച്ചതിന്റെ സംതൃപ്തി ഉണ്ടാകുന്നു!

സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഈ സംഗീതവൈഭവ്യം അവനു ദുർഗ്രാഹ്യമാണ്. പ്രത്യേകിച്ചു ട്രെബിളും, ടെനറും, ആൾറോയും, ബെയിസും ഒക്കെ ചേർന്ന പാശ്ചാത്യസംഗീതം—അതുകൊണ്ടു പ്രത്യേകരീതിയിൽ പാട്ടു അഭ്യസിച്ചു വിശേഷജ്ഞതയിൽ പാട്ടു പാടുമ്പോൾ ആരാധയിൽ സംബന്ധിക്കുന്ന സാധാരണക്കാരനു സാകോപരിത്തോടുകൂടിയല്ലാതെ എങ്ങനെ അതിൽ സംബന്ധിക്കുവാൻ സാധിക്കും? അവൻ അതിന്റെകൂടെ പാടാൻ ശ്രമിച്ചാൽ അവന്റെ ശബ്ദം മറെറാന്നുമായി യോജിച്ചെന്നു വരികയില്ല. പാട്ടു മുഴങ്ങിയൊ ഞരങ്ങിയൊ ആയിത്തീരുന്നു. ചുറും നില്ക്കുന്നവർ നോക്കി ചിരിക്കുകയായി. അതോടെ അവന്റെ പാട്ടും പ്രാർത്ഥനയും അവസാനിക്കുകയായി. ഇതാണു നമ്മുടെ പള്ളികളിലെ സാധാരണക്കാരന്റെ സ്ഥിതി. അങ്ങനെ ആരാധനാസംഗീതം സാങ്കേതികമായി രൂപാന്തരപ്പെട്ടതോടും അതിൽ പങ്കെടുക്കുന്നവർക്കുള്ള സ്ഥാനം കുറഞ്ഞു പോകയും ചെയ്യുന്നു.

ഈ അടുത്തകാലത്തു ചില പ്രാർത്ഥനകൾ പാടുന്നതു കേട്ടപ്പോൾ സപ്രയാസവും ഉണ്ടായി. കാതിരുന്നില്ല. വാക്കുകളെ വെട്ടിയും മുറിച്ചും ചിലടത്തു വലിച്ചുനീട്ടിയും കേൾക്കുന്നവരെ ഒന്നും മനസ്സിലാകാത്തവിധത്തിൽ അങ്ങനെ പാടുന്നതുകൊണ്ടു ആരാധനയുടെ സ്വാഭാവികതയ്ക്കു ഭംഗം വരുത്തുകയല്ലേ? ഇങ്ങനെയുള്ള അനാവശ്യമായ പരിഷ്കാരങ്ങൾ വിദേശീയരെ അന്ധമായി അനുകരിച്ചതുമൊ വരുത്തിക്കൂട്ടുന്നതു്.

ബില്ലിഗ്രഹാംയോഗങ്ങളിൽ സംബന്ധിച്ചിരുന്നവർക്കു ഒരു കാര്യം ബോദ്ധ്യമായിക്കാണുമെന്നു. അവിടെ പാശ്ചാത്യസംഗീതവും, പൌരസ്ത്യസംഗീതവും കേട്ടു. ഭൂരിപക്ഷം ആളുകൾക്കും ചേർന്നു പാടി സന്തോഷിക്കുവാൻ സാധിച്ചതു നമ്മുടെ നാടൻഗീതങ്ങളാണു്. അതുകൊണ്ടു ആരാധനയിലും ആത്മികാനുഗ്രഹം ലഭിക്കുവാനുള്ള ജനങ്ങളുടെ ആഗ്രഹത്തെ ഗാനത്തിന്റെ സാങ്കേതികമേന്മയെ നോക്കി തടസ്സപ്പെടുത്തരുതെന്നു ഒരു അഭ്യർത്ഥനയുണ്ടു്. പ്രത്യേകിച്ചു സാധാരണ നമ്മുടെ നാ

ട്ടുകൾക്ക് ഗ്രഹിക്കുവാനും പഠിക്കുവാനും പ്രയാസമായ പാശ്ചാത്യസംഗീതരീതികളെ ഉപേക്ഷിച്ചു നമ്മുടെ സ്വന്തം നാടൻസംഗീതരീതി ഉപയോഗിക്കുകയാണ വേണ്ടതു്. നമ്മുടെ കഴിവുകളെ വേണ്ടവിധം ഉപയോഗപ്പെടുത്തി നമ്മുടേതായ ഒരു സംഗീതം നമുക്കു മുന്നോട്ടു കൊണ്ടുവരാം.

ലണ്ടനിലുള്ള ഗായകസംഘങ്ങൾ യൂണിയനായിനിന്നു അവരുടെ ശമ്പളത്തിനുവേണ്ടി സമരം ചെയ്യുന്നു. സംഘടനകൾ നല്ലതുതന്നെ, എന്നാൽ വഴിപിഴയ്ക്കാതെ സൂക്ഷിക്കണം. അതുകൊണ്ടു മതമേലദ്ധ്യക്ഷന്മാർ ഇതിനെക്കുറിച്ചു ശരിയായി ആലോചിച്ചു യഥാർത്ഥത്തിൽ വേണ്ടതു ചെയ്യുന്നില്ലെങ്കിൽ നമ്മുടെ ആരാധനകൾ വെറും പുറംമോടിയായി മാത്രം തീരുമെന്നു ഓർപ്പിക്കുന്നു.

ഐ. എം. എസ്സ്. റ്റി.യുടെ സുവർണ്ണജൂബിലി

അമ്പതുവർഷം മുമ്പു തിരുനൽവേലിയിൽ നിന്നുമാരംഭിച്ചു ഡോർണകൽ പ്രദേശത്തു നടത്തിക്കൊണ്ടിരുന്ന മിഷ്യനറി പ്രയത്നത്തിന്റെ സുവർണ്ണജൂബിലി ഇപ്പോഴിലാകുന്നു തികയുന്നതു. അതു വഴിനീ ഒരു മഹായിടവകയായി തീർന്നിരിക്കുന്ന ഡോർണകൽവച്ചു ഏപ്രിൽ 18—20 കളിൽ യഥോചിതം കൊണ്ടാടുന്നതിനു നിശ്ചയിച്ചിരിക്കുന്നു. നമ്മുടെ വിദേശമിഷ്യൻ പ്രയത്നമായി നടത്തിവരുന്ന പക്കാൽ മിഷ്യൻ ഡോർണകലിൽപെട്ടതാകയാൽ നമുക്കും അതിൽ ഭാഗഭാക്കാകുന്നതിനുള്ള ചുമതലയുണ്ടെന്നുള്ളതിനു സംശയമില്ല. തിരുനൽവേലിയിൽ ഈ മിഷ്യനറി സംഘം സ്ഥാപിക്കുന്നതിനു പ്രധാന മുഖ്യന്തരക്കാരായിരുന്നവരിലൊരാളായിരുന്ന അസ്സറിയാ ബിഷോപ്പുതിരുമേനി. ഒടുവിൽ അദ്ദേഹത്തെന്നെ അതിന്റെ ബിഷോപ്പായി നിയമിക്കപ്പെട്ടുകയും ചെയ്തു. തിരുവിതാംകൂർ മിഷ്യന്റെ ശതാബ്ദിജൂബിലി ആഘോഷിച്ചവസരത്തിൽ അതിൽ സംബന്ധിക്കുന്നതിനു നമ്മുടെ ക്ഷണപ്രകാരം അസ്സറിയാ ബിഷോപ്പുതിരുമേനി വരികയും ജൂബിലി സമ്മേളനത്തിൽ പ്രസംഗിക്കയും ചെയ്തപ്പോൾ നല്കിയ സൂചനയനുസരിച്ചാണു നമ്മുടെ പക്കാൽ മിഷ്യൻ ആരംഭിപ്പാനിടയായതു. ഇതു സംബന്ധിച്ച നമ്മുടെ ബിഷോപ്പുതിരുമേനി ചെയ്ത ആലോചനയുടെ ഫലമായി നമ്മുടെ പക്കാൽ മിഷ്യനിൽനിന്നും ഒരു സ്വോത്രവഴിപാടായി 150 കെ. ഐ. എം. എസ്സ്. റ്റിക്കു അതിന്റെ ജൂബിലിയാഘോഷാവസരത്തിൽ അയച്ചുകൊടുക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്നു. ജൂബിലിയാഘോഷം മിഷ്യനറിപ്രവർത്തനത്തിനു ഒരു നവജീവനും പുരോഗതിയുമുളവാക്കുവാൻ ദൈവം കൃപ ചെയ്യുമാറാകട്ടെ.

പറക്കാൽമിഷ്യൻ

1

ബഹുമാനപ്പെട്ട എലിയറ്റ് ബിഷോപ്പു തിരുമനസ്സു ഡോർണകൽ മഹായിടവകയിൽ നിന്നും കൃഷ്ണാ മഹായിടവകയ്ക്കു സ്ഥലം മാറി പ്രയാണത്തിനുശേഷം, ഈ മഹായിടവകയ്ക്കു ഒരു പുതിയ ബിഷോപ്പിനെ തിരഞ്ഞെടുക്കുന്നതിനുള്ള ഡയോസിസൻ കൌൺസിലിന്റെ ഒരു പ്രത്യേക യോഗം മാച്ചു മാസം 13-ാം തിയ്യതി കരിം നഗറിൽ വെച്ചു മിസ്റ്റർ സാംസൻ രാമകൃഷ്ണയ്യരുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. കൌൺസിലിന്റെ അംഗങ്ങളിൽ അന്നു പേരൊഴിച്ചു 59 പേരും ഹാജരായിരുന്നു. ഡീനറി മീറിംഗു ദൈവികസാന്നിദ്ധ്യബോധത്തോടും, വോട്ടു പിടിത്തിന്റെ യാതൊരു ബഹളവും കൂടാതെ വളരെ പ്രശാന്തമായി നടക്കുന്നതിനു സാധിച്ചു. വോട്ടു ചെയ്യപ്പെട്ട രണ്ടു പേരുകൾ സിനഡിനോ അന്തിമതീരുമാനത്തിനു അയച്ചുകൊടുത്തിരിക്കയാണു്. ദൈവികഹിതത്തിനനുസരിച്ചുള്ള ഒരാൾ ഈ സ്ഥാനത്തേക്കു നിയമിക്കപ്പെടേണ്ടതിനു ഏവരുടേയും പ്രാർത്ഥനയെ ക്ഷണിച്ചുകൊള്ളുന്നു.

മാച്ചുമാസം 21-ാം തിയ്യതി മുതൽ 25-ാം തിയ്യതി വരെ ഇവിടെയുള്ള സഭാംഗങ്ങളുടെയും അദ്ധ്യാപകരുടെയും ആത്മീയാഭിവൃദ്ധിയെ ഉദ്ദേശിച്ചു പ്രത്യേക യോഗങ്ങൾ നടത്തപ്പെട്ടു. ഇതു

പ്രത്യേക യോഗങ്ങൾ നടത്തുന്നതിനു 'കോതാട്ട്' ഡീനറി ചെയർമാൻ റവ. ബി. പ്രസാദറാവു 21-ാം തിയ്യതി വന്നു ചേരുകയും യോഗങ്ങൾ നടത്തിത്തരികയും ചെയ്തതിൽ സന്തോഷിക്കുന്നു.

ഈ പ്രദേശങ്ങളിൽ സുവിശേഷ വേലയ്ക്കു സഹായകരമായി ബൈബിൾ കഥകൾ കഥാകാലക്ഷേപ രൂപേണ പറയുക സാധാരണമാണ്. ഇവിടെ നടത്തിയ പ്രത്യേക യോഗങ്ങളോടുകൂടെ രാത്രിസമയങ്ങളിൽ യേശുക്രിസ്തുവിന്റെ ജീവചരിത്രം ആസ്പദമാക്കി പറകാലിൽ വെച്ചു മൂന്നു രാത്രികളിൽ കഥാകാലക്ഷേപം നടത്തപ്പെട്ടു. പറകാൽ ടൌണിലുള്ള അനേക സവർണ്ണ ഹിന്ദുക്കൾ ഉൾപ്പടെ 300 മുതൽ 500 ആളുകൾ രാത്രി യോഗങ്ങളിലും കഥാകാലക്ഷേപത്തിലും പങ്കുകൊണ്ടു. 24-ാം തിയ്യതി നടിക്കുട ഗ്രാമത്തിൽ കഥാകാലക്ഷേപം നടത്തിയതിൽ അനേകം ആളുകൾ സംബന്ധിക്കുകയുണ്ടായി. 25-ാം തിയ്യതി ഞായറാഴ്ച വിശുദ്ധ സംസ്കൃത ശുശ്രൂഷയോടുകൂടെ യോഗം അവസാനിച്ചു. അന്നത്തെ ആരാധനയിൽ സ്ഥലം തഹശീൽദാർ മിസ്റ്റർ ഏ. ബി. എൻ. റെഡ്ഡിയും അദ്ദേഹത്തിന്റെ ഭാര്യയും പങ്കുകൊണ്ടു എന്നുള്ളതു പ്രസ്താവയോഗ്യമാണു. മിസ്സ് ആനിതോമസ്സിന്റെ നേതൃത്വത്തിൽ കുട്ടികൾക്കു പാൽ വിതരണം—ആതുരശുശ്രൂഷ മുതലായവ കൂടെയായി നടന്നുകൊണ്ടിരിക്കുന്നു.

സംഭാവനകൾക്കു നന്ദി പറഞ്ഞുകൊള്ളുന്നു.

മിസ്സസ്സ് എൽ. എം. വറുഗീസ്, ബോംബെ 12 രൂ., മിസ്സസ്സ് ഡി. മാത്യു, ആലപ്പുഴ 24 രൂ. മി. ജോജ്ജ് ചാണ്ടി, ബോംബെ 5 രൂ. ഡോ. മിസ്സ് ഏലിസബേത്ത് ഉമ്മൻ, ഗുണ്ടൂർ 12 രൂ, മി. ഐസക്ക് ജോൺ, മല്ലപ്പള്ളി 10 രൂ., സിസ്റ്റർ മേരി തോമസ്സ്വരം; യൂത്ത്ലീഗ് കാനഡ 47 രൂ. 3 ണ. മിസ്സസ്സ് പി. കെ. വറുഗീസ്, മുണ്ടക്കയം 5 രൂ. മിസ്സസ്സ് കോരുത, മദ്രാസ് 12 രൂ. മിസ്സസ്സ് അന്നമ്മ വറുഗീസ്, മദ്രാസ് 10 രൂ., മി. & മിസ്സസ്സ് വെസ്റ്റിൻ, കാനഡ 235 രൂ. 15 ണ. മി. ഏഡ്വർഡ്സ്, കാനഡ 70 രൂ. 12 ണ., മിസ്സ് സൂസി ജോൺ മുഖാന്തരം കുഴിക്കാലാ കുട്ടികൾ ബൈർഡിംഗ് കുട്ടികൾ ബൈബിളിനുവേണ്ടി അയച്ചുതന്ന 5 രൂപായ്ക്കും നന്ദി പറയുന്നു.

ഇവിടെയുള്ള വേലയെ നിങ്ങളുടെ പ്രാർത്ഥനയ്ക്കു സമർപ്പിച്ചുകൊള്ളുന്നു.

Parkal
26th March 1956.

Rev. T. S. JOSEPH

പറകാൽമിഷ്യൻ ലിസ്റ്റ് (തുടർച്ച)

2

ചേച്ചമ്മ ജയിക്കബ്, നീലഗിരി 5 രൂ., മിസ്സസ്സ് കെ. ജോൺ ഹിൽക്രെസ്റ്റ് അയ്യനം 5 രൂ. ഡോ. മിസ്സ് ചാക്കോ ഉസ്മാനിയാ ഹോസ്പിറ്റൽ ഹൈദ്രബാദ് 10 രൂ. മി. പി. റ്റി. ഉമ്മൻ കോട്ടയം, കമ്മിക്കഴി സണ്ടെസ്കൂളിന്റെ ചേക്ക 6 രൂ. റവ. റ്റി. ജെ. വക്കി സി. എസ്സ്. ഐ. മല്ലപ്പള്ളി, 10 രൂ. മി. കെ. ജെ. ഫിലിപ്പ് കോട്ടയം, 4 രൂ. റവ. ജേക്കബ് വറുഗസ്, മേലുകാവു 15 രൂ., മി. ഫിലിപ്പ് എം. ജോജ്ജ് വാറംഗൽ 10 രൂ., മിസ്സസ്സ് എം. ചാക്കോ (Ayuoworlew), 5 രൂ. മിസ്സസ്സ് സി. ഐ ഇട്ടൂപ്പ് 10 രൂ. സിസ്റ്റർ എം. തോമസ്സ് ബി. ഐ. പള്ളം, മുഖാന്തരം 10 രൂ. സിസ്റ്റർ എ. ബഞ്ചമിൻ മുഖാന്തരം 5 രൂ. മിസ്സസ്സ് ജെയിൻ വക്കി, 5 രൂ. മിസ്സസ്സ് ഐസക്ക് ജോസഫ്, മദ്രാസ് 10 രൂ., മിസ്സസ്സ് അന്നമ്മ ഫിലിപ്പ് 5 രൂ., മി. എം. ജോൺ 5 രൂ. മിസ്സസ്സ് വി. റ്റി. ഏബ്രഹാം നല്യാനക്കുന്നു 2 രൂ., മിസ്സസ്സ് കെ. ജയിക്കബ് അയ്യനം കോട്ടയം 5 രൂ., ആകെ 237 രൂ.

ചെലവുകൾ. സമ്മാനമാനം. 49 രൂ. 2ണ. 9 പ; ഭക്ഷണം 94 രൂ. 10 ണ. 9 പ. വസ്ത്രമാനം 78 രൂ. 1ണ. 9 പ. മറ്റു ചെലവുകൾ 7രൂ. 14ണ. ആകെ. 229 രൂ. 13ണ. 3പ. മിച്ചം 7രൂ. 2ണ. 9പ.

മി. ജി. എം. തയ്യൻ, ബാങ്കൂർ 15 രൂ. മി. ജോജ്ജ് ചാണ്ടി ബോംബെ, 5രൂ. ഡോ. മിസ്സ് ഏലിസബേത്ത് ഉമ്മൻ ഗുണ്ടൂർ 12 രൂ. മിസ്സസ്സ് എൽ. എം. വറുഗീസ് ബോംബെ, 12രൂ. മിസ്സസ്സ് ഡി. മാത്യു, ആലപ്പുഴ 17 രൂ.

പറ്റ്പാറാ മിഷ്യൻ

നമ്മുടെ യുവജനങ്ങളുടെ പ്രത്യേക ശ്രമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പറ്റ്പാറാ മിഷ്യനെക്കുറിച്ചു മാത്തു പ്രാർത്ഥിക്കുന്നതിനും, പ്രവർത്തനത്തെക്കുറിച്ചുള്ള റിപ്പോർട്ട കേൾക്കുന്നതിനുമായി പറ്റ്പാറാ മിഷ്യൻ കമ്മറിയുടെയും സ്നേഹിതരുടെയും ഒരു ഏകദിന റിട്രിറ്റു കോൺഫ്രൻസു ഈ മാസം 23നു തിങ്കളാഴ്ച കോട്ടയത്തു കതീഡ്റലിൽ വച്ചു നടത്തുന്നതാണ്. തദവസരത്തിൽ പറ്റ്പാറായിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബഥേൽ ആശ്രമ പ്രവർത്തകരും സന്നിഹിതരാകുമെന്നു പ്രതീക്ഷിക്കുന്നു.

എല്ലാ യുവതിസമാജത്തിന്റെയും യൂത്തുലീഗിന്റെയും ഓരോ പ്രതിനിധി വീതം ആ സമ്മേളനത്തിൽ പങ്കുകൊള്ളത്തക്കവണ്ണം വേണ്ട ക്രമീകരണങ്ങൾ ഇടവകപട്ടക്കാരും സമാജങ്ങളും ചെയ്യണമേ. വരുന്നവരുടെ പേരുവിവരം 19നു മുൻപു സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.

പറ്റ്പാറായിൽ നിന്നു എം. ഐ. ജോർജ്ജ് അച്ചൻ ഒരു മാസത്തെ അവധിയിൽ നാട്ടിൽ വന്നശേഷം തിരിച്ചുപോയിരിക്കുന്നു. സ്ത്രീപ്രവർത്തകർ ഈ മാസം മദ്ധ്യത്തോടുകൂടി ഒരു മാസത്തെ അവധിയിൽ വന്നുചേരുന്നതാണ്.

എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും കൂടുതൽ പ്രതീക്ഷിക്കുന്നു.

C. M. S. College High School,
Kottayam,
7th April 1956.

KURIAN VARKEY,
Secretary.

തെക്കൻതിരുവിതാംകൂർ ലണ്ടൻമിഷ്യൻ സഭയുടെ ജൂബിലി ത്രയം

ഇംഗ്ലണ്ടിലെ ലണ്ടൻമിഷ്യൻ സമൂഹം മിഷ്യനറിമാരെ ആദ്യമായിട്ടു തിരുവിതാംകോട്ടേക്കയച്ചതു 1806-ലായിരുന്നു. അതിന്റെ ഒന്നാം ജൂബിലി 1856-ലും രണ്ടാം ജൂബിലിയും ശതാബ്ദവും 1906-ലും ആഘോഷിച്ചു. 150 വർഷം തികയുന്ന മൂന്നാം ജൂബിലി ഇപ്പോണ്ടിരിക്കുമാണ്, ലണ്ടൻ മിഷ്യൻ സമൂഹത്തിന്റെ പ്രഥമ മിഷ്യനറി റവ. തോമ്പിയാസു റിങ്കൽറോഡ്രെ തിരുവിതാംകൂറിൽ വന്നിറങ്ങിയതിന്റെ ഒരു അർദ്ധശതാബ്ദം തികയുന്ന മിനമായ ഏപ്രിൽ 25നു സഭയുടെ എല്ലാ ഇടവകകളിലും ഉചിതമാംവണ്ണം ആഘോഷിക്കുന്നതിനുള്ള ആഹ്വാനം പുറപ്പെടുവിച്ചിരിക്കുന്നു. ഒരു കേന്ദ്രകമ്മറ്റി മാർച്ചു 15നു തിരുവനന്തപുരത്തു കൂടി അതു സംബന്ധിച്ചു വേണ്ട ആലോചനകൾ നടത്തുകയും പരസ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു. (1) പ്രത്യേകം തയ്യാറാക്കിയയക്കുന്ന ക്രമപ്രകാരം എല്ലാ പള്ളികളിലും സ്തോത്രാരാധന നടത്തണം. (2) ലണ്ടൻമിഷ്യൻ പ്രവർത്തനങ്ങളുടെ ഒരു ചുരുക്കിയ ചരിത്രം പ്രസിദ്ധീകരിക്കണം. (3) കേന്ദ്രയാഘോഷം ആഗസ്റ്റ് 20നു നാഗരുകോവിൽവെച്ചു ആഡംബര സമന്വിതമായി നടത്തണം. (4) ആഘോഷപരിപാടിയുടെ ഒരു ഭാഗമായി ലഡ്ലോ ബീഷോപ്പു തിരുമേനിയുടെ ആഗമനശേഷം സെപ്തംബർ 27നു തിരുവനന്തപുരത്തുവെച്ചു ഒരു പബ്ലിക് മീറ്റിംഗു നടത്തണം. (5) എല്ലാ സഭകളിൽനിന്നും ഒരു ജൂബിലി സ്തോത്രവഴിപാടു എടുത്തും ഓണങ്ങൾ ശേഖരിച്ചും സെപ്തംബർ അവസാനത്തിനു മുമ്പായി ഡയോസിസൻ ഖജാൻജിക്കയച്ചുകൊടുക്കണം. (6) റിങ്കൽ ടോമ്പയുടെയും അദ്ദേഹത്തെ ഇവിടേക്കയപ്പാൻ മുഖ്യന്തരമായിരുന്ന വേദമാണിക്യത്തിന്റെയും സ്മരണയെ നിലനിർത്തുന്ന ഒരു സ്മാരകം നാഗരുകോവിൽ സ്ഥാപിക്കണം. (7) കേന്ദ്ര ആഘോഷത്തിലോ തിരുവനന്തപുരത്തെ പബ്ലിക് മീറ്റിങ്ങിലോ സംബന്ധിക്കത്തക്കവണ്ണം മന്ത്രിണി രാജകുമാരി അമ്മതമ്പുരാട്ടിയേയും എല്ലാ സി. എസ്സ്. ഐ. ബിഷോപ്പന്മാരെയും മറ്റു നേതാക്കന്മാരെയും നേരത്തെ ക്ഷണിക്കണം.

THE CHRISTIAN ART EXHIBIT COMMITTEE

OF THE

CENTENARY FORWARD MOVEMENT

METHODIST CHURCH IN SOUTHERN ASIA

January 10, 1956.

Friends:

As a part of the centenary celebrations of the Methodist Church in Southern Asia, there will be opened in Lucko, U. P., on October 24, 1956, an exhibition of *Indian Christian art.* We are hoping it will be a genuinely representative exhibit of Indian Christian art, past and present, one of the first of its kind in northern India. Open to the public the show will try to bring to both Christians and non-Christians Christ and Christian ideas in an Indian setting, seek to. stimulate genuinely *Indian* expression of Christian ideals in artistic form.

The exhibition will be divided into two sections: the more "traditional" exhibition material: paintings or drawings in any media, sculpture, ceramics, cast metal work, the graphic arts, etc. Eligible for showing here will be the original work (no copies or reproductions) of professional Indian artists, Christian or non-Christian. The subject of all entries should be Christian—that is, related to Christ, the Bible, or reflecting Christian moral and ethical teaching. This might include illustrations of Old Testament stories, scenes from the New Testament, parables, Christian teaching put into Asian terms.

A second section will contain Christian *folk art*, the art of the village and rural areas. We're particularly interested in finding regional examples of Christian art—wall decorations for homes and churches, bas relief, murals, rungali or floor designs, special Christmas decorations, unusual historical crosses. Included in this section, too, will be drawings, photographs, scale models of Indian architecture incorporating Christian themes or symbols in structural design architectural or artistic detail.

Any help or information you can give in this venture will be gratefully received.

The Christian Art Exhibit Committee,
(Miss) ESTHER A. ARMSTRONG,
17, Boulevard Road,
Delhi.

ഒരു യാത്രയയപ്പ്

കഴിഞ്ഞ 40-ൽ പരം വർഷങ്ങളായി മഹായിടവകയുടെ വിവിധ ഭാഗങ്ങളിലുള്ള സ്ത്രീകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ശേഷം മാച്ച് 16-ാംനു- ജോലിയിൽനിന്നും വിരമിച്ച കുമ്പളാംപൊയ്ക സി. എം. എസ്സ്. ഹൈസ്കൂൾ ഒന്നാം അസിസ്റ്റന്റു ശ്രീ. കെ. കെ. ജോൺ ബി. എ., എൽ. റ്റി. യെ ഉദ്ദേശിച്ചു ഒരു യാത്രയയപ്പു യോഗം 5-ാംനു- തിങ്കളാഴ്ച റവ. കെ. പി. ചാണ്ടി അവർകളുടെ അദ്ധ്യക്ഷതയിൽസ്ഥലം സ്കൂൾഹാളിൽ കൂടി.

അദ്ധ്യാപക പ്രതിനിധികളായി മെസ്സേഴ്സ് ഉമ്മൻ തോമസ്, പി. ഐ ജോൺ എന്നിവരും ഏതാനും വിദ്യാർത്ഥിനി വിദ്യാർത്ഥികളും അദ്ദേഹത്തിന്റെ മഹത്തായ സേവനങ്ങളെ ആസ്പദമാക്കി പ്രസംഗികയും മംഗളങ്ങൾ ആശംസിക്കയും ചെയ്തു. അനന്തരം ഹെഡ്മാസ്റ്റർ മി. കെ. തോമസ് ഒരു ലഘു പ്രസംഗത്തിനു ശേഷം അദ്ധ്യാപകന്മാരുടെയും വിദ്യാർത്ഥികളുടെയും വകയായ ഒരു പണക്കിഴി അദ്ദേഹത്തിനു സമ്മാനിച്ചു. ശ്രീമാൻ കെ. കെ. ജോൺ അദ്ദേഹത്തിന്റെ ജീവിതാനുഭവത്തെ പരാമർശിച്ചു പല സദുപദേശങ്ങൾ കുട്ടികൾക്കു നല്കി. ഒടുവിൽ അദ്ധ്യക്ഷൻ ഉപസംഹാരപ്രസംഗം നടത്തുകയും ഉടനെ അദ്ധ്യാപികമാരും പെൺകുട്ടികളും ചേന്നു ഒരു യാത്രാകീർത്തനം പാടി പ്രാർത്ഥനയോടെ യോഗം അവസാനിക്കയും ചെയ്തു.

ഇദ്ദേഹം ഭീഷ്കരകാലം മഹായിടവകയിൽ വിശ്വസ്ത സേവനം അനുഷ്ഠിച്ച കെ. സി. കുഞ്ഞൻ ഉപദേശി അവർകളുടെ ദ്വിതീയ പുത്രനും റവ. കെ. കെ. ചാക്കോഅച്ചന്റെ കനിഷ്ഠ സഹോദരനുമത്രേ.

P. I. JOHN.

എല്ലാരും ചൊല്ലുണ...നാട്ടാരും ചൊല്ലുണ.....രീതി.

1. എല്ലാരും പാടണേ–എല്ലാരും പാടണേ
സ്തോത്ര സംഗീതങ്ങളെ.. പൊന്നു രാജന്റെ
പൊന്നു രാജന്റെ ഗാനങ്ങളെ
രാജന്റെ വരവിങ്കൽ ഗാനങ്ങൾ പാടുവാൻ
കരുണുക സോദരരേ–എന്റെ ഈ ലോക സ്നേഹിതരേ— എല്ലാരും...

2. സ്തോത്രം ചെയ്തീടുവിൻ–സ്തോത്രം ചെയ്തീടുവിൻ
പൊന്നേശു നായകനെ–എന്റെ പൊന്നേശു
എന്റെ പൊന്നേശു നായകനെ
നമ്മെ ഉദ്ധരിപ്പാൻ കാൽവറി ക്രൂശതിൽ
ജീവൻ വെടിഞ്ഞവനേ
നാം എന്നും പുകഴ്ത്തീടുവിൻ— എല്ലാരും...

3. എല്ലാരും കേൾക്കണേ–എല്ലാരും കേൾക്കണേ
രാജന്റെ ദൂതുകളേ–പൊന്നു രാജന്റെ
പൊന്നു രാജന്റെ ദൂതുകളെ
വിലയേറിയതാകും ജീവന്റെ ദൂതുകൾ
എല്ലാരും കേട്ടീടണേ
പൊന്നു നാഥനെ വാഴ്ത്തീടുവാൻ— എല്ലാരും...

4. രാജൻ വന്നീടാറായി–രാജൻ വന്നീടാറായി
കാലതാമസ്യമെന്നേ–ഈ ലോകത്തിൽ
ഈ ലോകത്തിൽ വന്നീടാറായി
ശുദ്ധരെ ചേർത്തങ്ങു വാനത്തിൽ പോകുവാൻ
നാഥൻ എഴുന്നള്ളാറായി
എന്റെ രക്ഷകൻ വന്നീടാറായി— എല്ലാരും...

BY CHANDAPILLAI K. C.
Kodukulanji.

"സത്യസാക്ഷി"

പ്രക്ഷേപണങ്ങൾ നിങ്ങൾ

സിലോൺ റേഡിയോവിൽ

ശ്രവിച്ചാലും !

ബുധനാഴ്ചതോറും കാലത്തു 9.45

31-51 മീറ്റർ 9520 K. C.

മാസികവരിക്കാരുടെ പ്രത്യേകശ്രദ്ധയ്ക്ക് വിനയം

1. വരിസംഖ്യ ഒന്നോ രണ്ടോ രൂപാ ഒരേ ആണ്ടത്തേതു ആദ്യത്തെ മൂന്നു മാസത്തിനുള്ളിൽ അടയ്ക്കണം.

2. ആറുമാസം കഴിഞ്ഞാൽ വരിസംഖ്യ 2 ക. ആയിരിക്കുന്നതാണ്. കഴിഞ്ഞലക്കത്തിൽ രണ്ടുമാസം കഴിഞ്ഞാലെന്നുള്ളതു അച്ചടിപ്പിശകായിരുന്നു.

3. പണമയയ്ക്കുന്നതു പത്രം വരുത്തുന്ന മേൽവിലാസത്തിൽതന്നെ ആയിരിക്കണം. പേരു കൃത്യമായിട്ടു ഒത്തിരിക്കണം. പലപ്രാവശ്യം പ്രസ്താവിച്ചിട്ടും ചിലർ അതു ഗൌനിക്കുന്നതായി കാണുന്നില്ലാത്തതിനാൽ പേരു കണ്ടുപിടിച്ചു പണം വരവു വെക്കുന്നതിനു വളരെ പ്രയാസം നേരിടുന്നു.

4. വരിക്കാരുടെ എണ്ണമനുസരിച്ചു ഞങ്ങൾ മാസിക അയയ്ക്കുന്നുണ്ട്. കിട്ടാതെ വരുന്നതു ഞങ്ങളുടെ കുറവല്ല. ആകെക്കിലും മാസിക കിട്ടാതെ വന്നാൽ ആവശ്യപ്പെടുന്നവർ പോസ്റ്റേജിനു ഒരണക്കുടെ അയയ്ക്കണം.

5. ശമ്പളവും അലവൻസുംകൂടെ 30 ക. യിൽ കവിയാത്ത മഹായിടവകപ്രവർത്തകക്കാരുടെ അരച്ചാൻ വെച്ചിരിക്കുന്നതു്. അരച്ചാൻകാർക്കു ആറുമാസം കഴിഞ്ഞാൽ ഒരു രൂപായാണ്.

സി. എം. എസ്സ്. ഇൻഡസ്ട്രിയൽസ്കൂൾ, കോട്ടയം

അടുത്ത സ്ക്കൂൾവർക്ഷത്തിൽ ഏതാനുംകുട്ടികളെക്കൂടെ ഈ സ്ക്കൂളിൽ ചേർക്കാൻ സൌകര്യമുണ്ട്. പഠിച്ചിരുന്ന സ്ക്കൂളിൽനിന്നു വിടുതൽസർട്ടിഫിക്കറ്റു കൊണ്ടുവരാത്ത കുട്ടികളെ ചേർക്കുന്നതല്ല. വേദപുസ്തകം, പായ്, ക്ഷൌരം കഴിക്കാനുള്ള പാത്രം, മുതലായവ കരുതിക്കൊള്ളണം. മരപ്പണി, ഇരുമ്പുപണി മുതലായവ പഠിക്കാൻ താല്പര്യമുള്ള കുട്ടികളെയാണു ഇവിടെ ആവശ്യമുള്ളതു്.

C. M. S. P.—13—2400—7-4-1956.

PRINTED AND PUBLISHED BY C. M. ITTY, AT THE C. M. S. PRESS
KOTTAYAM